

# സഹദാ

St. George Forane Church, Edappally
Vol. 14 Issue 2 April - June 2019 PARISH BULLETIN




PLUG'N'PLAY
MUSIC SCHOOL
DRUMS
GUITAR
VOCAL
KEYBOARD
PLUG'N'PLAY™
PlayItRaw
www.plugnplay.live
SPECIAL SUMMER CAMP
APRIL 2nd to MAY 30th
Including Music Dance Art Film Oriantation
DANCE SCHOOL
CONTEMPORARY
HIPHOP
BOLLYWOOD
SALSA
ZUMBA
ART SCHOOL
WATER COLOR
CARICATURE
PENCIL DRAWING
ACRYLIC PAINTING
+ 91 790 2727 000 | +91 790 2626 000
2d Floor,Kurikkal Building, Metro Pillar 398 ,Edapally, Cochin
Next to Lulu mall
Branches - Edappally . Varapuzha . Mundamveli . Champakara

# സഹദാ

പാരിഷ് ബുള്ളറ്റിൻ
ഏപ്രിൽ - ജൂൺ 2019
Vol. 14, Issue 2




സെന്റ് ജോർജ്ജ് ഫൊറോന ചർച്ച്
ഇടപ്പള്ളി, കൊച്ചി - 682 024

Ph: 0484 2344538

Fax: 914842535538
edappallyvicar@gmail.com
Website: www.edappallystgeorge.org
parishbullettinsahada@gmail.com

**രക്ഷാധികാരി**
റവ. ഫാ. കുര്യാക്കോസ് ഇരവിമംഗലം

**ചീഫ് എഡിറ്റർ**
ഫാ. ജോസഫ് തെക്കിനേത്ത്

**അസോസിയേറ്റ് എഡിറ്റർ**
ഫാ. പ്രിൻസ് തെക്കേപ്പുറത്തിൽ

**എഡിറ്റോറിയൽ ബോർഡ്**
സി. ലിയോ SABS (സഹദ കലണ്ടർ)
ജോസഫ് കരോട്ടുപാറയിൽ, ബൈജു ചെമ്മോത്ത്
(കുടുംബ കൂട്ടായ്മ വിശേഷങ്ങൾ)
റിജിൻ ജോൺ തെങ്ങിലേത്തിൽ, ജനറൽ സെക്രട്ടറി
(വിജിലൻ മീഡിയ)
ജോ മാത്യു തോട്ടുപള്ളി, ഡിസൈൻ

**ലേഔട്ട്/പരസ്യം/പ്രൂഫ്**
ജോസ് മഞ്ഞില
ബിനു ജോർജ് താഴശേരി
ജോണി വർക്കി കിഴുപ്പള്ളി
തോമസ് ഗ്രാമിക്കൽ
ബാബു വർഗീസ് വലിയകൂട്ടത്തിൽ
റാണി സെബാസ്റ്റ്യൻ തെക്കേക്കര
ലിജോ ജോർജ് നടുവിലേടത്തിൽ

**പള്ളി ഓഫീസ് സ്റ്റാഫ്**
ജനനം, മരണം, മാമ്മോദീസ, വിവാഹം, തിയതികൾ

**ഉപദേശകസമിതി**
മാർട്ടിൻ കണ്ടത്തിൽ
ജോയി പള്ളിപ്പാടൻ

**ഡിസൈൻ & പ്രിന്റ്**
ഡോൺ ബോസ്കോ ഇമേജ്
വടുതല, കൊച്ചി - 28
ഫോൺ: 0484 280 6411

ഇടയമൊഴി......04
രക്ഷകന്റെ ആത്മാവിഷ്കാരം......06
കർത്താവേ നീ എല്ലാം അറിയുന്നു.. ......07
ഈശോയെ ഞാൻ നിന്നെ സ്നേഹിക്കുന്നു......08
ജീവിത നവീകരണവും മാനസാന്തരവും......09
വിശ്വാസ പടവുകളിലൂടെ......17
തിരിഞ്ഞുനോക്കുമ്പോൾ......18
ഷെവലിയർ കെ.സി. ചാക്കോ......20
ദൈവത്തിന്റെ മുഖം......21
കുട്ടികളുടെ സ്വഭാവരൂപവത്ക്കരണത്തിൽ മാതാപിതാക്കളുടെ പങ്ക്......22
ദിവ്യകാരുണ്യ ഉപാസകൻ......24
പ്രളയാനന്തരം......33
A ray of Hope......34
കുടുംബത്തിലും വേണോ ഒരു ബഡ്ജറ്റ്?......35
നാഥന്റെ വഴി......36
മുട്ടുമാറ്റിവെക്കൽ ശസ്ത്രക്രിയ......37
മാധ്യമങ്ങളും ക്രൈസ്തവ ധാർമ്മികതയും......39
സംതൃപ്തിയുള്ള ജീവിതത്തിന്......40
പെസഹാവ്യാഴം ആരാധന......49
വിവാഹ രജത ജൂബിലി......50
ഹൃദയമേകാനൊരു വിമാനയാത്ര......52
സഹദാ......53
നാല്പതു മണി ആരാധന......54
ഇടവക വാർത്തകൾ......55
കിഡ്സ് കോർണർ......56
സവിശേഷം......56
കുടുംബ യൂണിറ്റ് വാർഷികം......65
ഓർമ്മിക്കുക ഈ ദിനങ്ങൾ......79
ഞങ്ങൾ വരവായി......80
ഞങ്ങൾ മടങ്ങി......81
പിതാവിന്റെ പക്കലേക്ക്......82
ഫാമിലി യൂണിറ്റ് മീറ്റിംഗുകൾ......83
സഹദ കലണ്ടർ......85



ഇടയമൊഴി

# ഇപ്പോൾ ഞാൻ ക്ഷമിച്ചിരിക്കുന്നു

'ഇപ്പോൾ ഞാൻ ക്ഷമിച്ചിരിക്കുന്നു' എന്നു പറയുന്നതിൽ എന്തോ പന്തികേടുണ്ട്. ഇനി ഇങ്ങനെയുണ്ടായാൽ ഞാൻ ക്ഷമിക്കില്ല എന്ന ധ്വനിയുണ്ട്; കൂടാതെ നിനക്കുള്ളത് ഞാൻ വച്ചിട്ടുണ്ട് എന്ന ധ്വനിയുമുണ്ട്. ചിലർ പറയുന്നത് ക്ഷമിക്കുന്നതിനും ഒരു പരിധിയുണ്ട് എന്നാണ്. ക്ഷമിക്കുന്നതിന് പരിധിയുണ്ടാകരുത് എന്നാണ് കർത്താവു പഠിപ്പിച്ചിരിക്കുന്നത്. അതുകൊണ്ടാണല്ലോ യേശു പത്രോസ് ശ്ലീഹായോട് ഏഴ് എഴുപതു പ്രാവശ്യം ക്ഷമിക്കണം എന്ന് പറഞ്ഞുവിടുന്നത്. ജീവിതത്തിൽ പലരിൽ നിന്നായി, പല അവസരങ്ങളിൽ, വേദനിപ്പിക്കുന്ന അനുഭവങ്ങൾ ഉണ്ടാകാം. അവ അപ്പപ്പോൾ ക്ഷമിക്കാനും നിരുപാധികം ക്ഷമിക്കാനുമാണ് ദൈവാഹ്വാനം.

രാവിലെ പത്രം വായിച്ചിരുന്ന ഭർത്താവിന്റെ പക്കൽ ഭാര്യ ഒരു ഗ്ലാസ് ചൂടുചായയുമായി ചെന്നു. ഭർത്താവ് അതു സന്തോഷത്തോടെ വാങ്ങി. ചായ കുടിക്കാനായി ചുണ്ടോടടുപ്പിച്ചെങ്കിലും ചൂടു കൂടുതലാകകൊണ്ട് ചായ മേശപ്പുറത്തു തന്നെ വച്ചിട്ട് പത്രം വായന തുടർന്നു. അല്പം സമയം കഴിഞ്ഞപ്പോൾ ഡാഡീ, എന്നു വിളിച്ചുകൊണ്ട് അവരുടെ നാലു വയസ്സുള്ള മകൾ അയാളുടെ മടിയിലേക്കു കയറി പത്രം പിടിച്ചു വാങ്ങി. അപ്പോൾ ഭർത്താവിന്റെ കൈ തട്ടി ചായയോടെ ഗ്ലാസ് മറിഞ്ഞ് താഴെ വീണു പൊട്ടി. ശബ്ദം കേട്ട് ഭാര്യ അകത്തു നിന്ന് ഓടി പുറത്തു വന്നു.

അയ്യോ സോറി. ചായയ്ക്കു ചൂടു കൂടുതലായിരുന്നു അല്ലേ? അവൾ വന്നപാടെ പറഞ്ഞു. കുടിയ്ക്കാൻ പാകത്തിനു ചൂടോടെ ഞാൻ ചായ കൊണ്ടുവരേണ്ടതായിരുന്നു. അവൾ അവിടെ ഇരുന്ന് ഗ്ലാസ്സിന്റെ ചില്ലുകൾ പെറുക്കാൻ തുടങ്ങി. അപ്പോൾ ഭർത്താവു പറഞ്ഞു: ഞാനല്ലേ സോറി പറയേണ്ടത്. ഞാനല്ലേ ഗ്ലാസ്സ് പൊട്ടിച്ചത്; ഞാൻ ആ ഗ്ലാസ് മേശയുടെ അരികിൽ വയ്ക്കരുതായിരുന്നു. രണ്ടുപേരും തെറ്റു സമ്മതിയ്ക്കാൻ, സോറി പറയാൻ തിടുക്കം കാണിക്കുന്നതു കണ്ട് മകൾ പറഞ്ഞു: ഡാഡിയും മമ്മിയുമല്ല, ഗ്ലാസ്സു പൊട്ടിച്ചത് ഞാനാണ്. ഞാൻ പത്രത്തിൽ പിടിച്ചു വലിച്ചപ്പോഴാണ് കൈതട്ടി ഗ്ലാസ് നിലത്തു വീണു പൊട്ടിയത്. സോറി മമ്മി, സോറി ഡാഡി.

നമ്മളൊക്കെ കുടുംബങ്ങളിലാണ് ജനിക്കുന്നതും വളരുന്നതും. യേശുനാഥൻ പിറന്നു വളർന്ന കുടുംബത്തെയാണ് നാം തിരുക്കുടുംബമെന്നു പറയുക. നമ്മുടെ കുടുംബങ്ങളെയും തിരുക്കുടുംബസദൃശ്യമാക്കാൻ നമുക്കു സാധിക്കും. മേൽപറഞ്ഞ സംഭവം അതിനു സഹായിക്കുന്ന പല ഘടകങ്ങളിൽ ഒന്നു മാത്രമാണ്. പരസ്പരം പഴിചാരാതെ ഈ പരാജയത്തിന്റെ ഉത്തരവാദിത്വം എല്ലാവരും കൂടി ഏറ്റെടുത്ത് ക്ഷമ ചോദിക്കുക. പരാജയ കാരണം

കണ്ടെത്തുക, തിരുത്താനുള്ള പ്രതിജ്ഞ എടുക്കുക. ഈ ഒരു സമീപനം കുടുംബാംഗങ്ങൾ തമ്മിൽ കൂടുതൽ സ്നേഹിക്കാനും ബഹുമാനിക്കാനും സഹായകമാകും. കുടുംബജീവിതം കൂട്ടുത്തരവാദിത്വത്തിന്റെ വേദിയാണ്. അവിടെ ലഭിക്കുന്ന നേട്ടങ്ങളെല്ലാം കുടുംബാംഗങ്ങൾ എല്ലാവരുടെയും നേട്ടങ്ങളും കോട്ടങ്ങൾ എല്ലാവരുടെയും കോട്ടങ്ങളുമാണ്. ഭാര്യയെ പഴിചാരുന്ന ഭർത്താവിനെയും, ഭർത്താവിനെ പഴിചാരുന്ന ഭാര്യയെയും നമ്മൾ കണ്ടിട്ടുണ്ടാകും. മക്കളുടെ മേൽ കുറ്റം ആരോപിക്കുന്ന മാതാപിതാക്കളെയും മാതാപിതാക്കളുടെമേൽ കുറ്റം ആരോപിക്കുന്ന മക്കളെയും നമുക്കു കാണാനാകും. "പരസ്പരം ബഹുമാനിക്കുന്നതിൽ ഓരോരുത്തരും മുന്നിട്ടു നില്ക്കുവിൻ" (റോമ. 12/10) എന്നാണ് പൗലോസ് അപ്പസ്തോലൻ പറയുക. അതിന് എന്നിലെ ഈഗോ (എന്നിലെ ഞാൻ എന്ന ഭാവം) മാറ്റിവച്ചേ പറ്റൂ.

വിശ്വസാഹിത്യകാരായ ടോൾസ്റ്റോയിയുടെയും സോഫിയയുടെയും വിവാഹം പ്രണയവിവാഹമായിരുന്നു. തുടക്കം സന്തോഷപ്രദമായിരുന്നെങ്കിലും പിന്നീടത്, നിരന്തര കലഹത്തിന്റേതായി മാറി. അവസാനം ഭാര്യയുമായി കലഹിച്ച് വീടുവിട്ടിറങ്ങി, റെയിൽവേ സ്റ്റേഷനിൽ പോയി, അവിടെ കിടന്ന് മരിച്ചവനാണ് ടോൾസ്റ്റോയി. സോഫിയ ക്രൂരയായിരുന്നില്ല. ഭർത്താവിന്റെ രോഗകിടക്കയ്ക്കരികിൽ മുട്ടുകുത്തി നിന്ന്, ദൈവമേ അദ്ദേഹത്തെ എന്നിൽനിന്നപഹരിക്കരുതേ എന്നു പ്രാർത്ഥിച്ചവളാണ്. ഭർത്താവിന്റെ മരണശേഷം പശ്ചാത്താപത്തോടെ, മക്കളോടു കുറ്റസമ്മതം നടത്തി: "ഞാനാണദ്ദേഹത്തിന്റെ അകാലമരണത്തിനുത്തരവാദി. എനിക്കു മാപ്പു തരിക." അതുപോലെ ടോൾസ്റ്റോയിയും മരണക്കിടക്കയിൽ തന്റെ ഭാര്യയെ ഉത്ക്കണ്ഠയോടെ അന്വേഷിക്കുന്നുണ്ട്. "ഞാനവളെ ഒത്തിരി വേദനിപ്പിച്ചിട്ടുണ്ട്." അദ്ദേഹം വിഷമത്തോടെ ഏറ്റു പറഞ്ഞു. രണ്ടുപേരുടെതും വൈകി വന്ന തിരിച്ചറിവുകളായി പോയി. സ്നേഹിക്കലാണെങ്കിലും ക്ഷമിക്കലാണെങ്കിലും പിന്നീടാകാം എന്നു കരുതരുത്. മറ്റുള്ളവരെ അംഗീകരിച്ചും കുറവുകൾ ക്ഷമിച്ചും പോകാനാകണം.

ക്ഷമിക്കുക, ക്ഷമ ചോദിക്കുക എന്നതൊക്കെ അപ്പോൾ നടക്കേണ്ട കാര്യങ്ങളാണ്. അതാണ് ഏതു ജീവിതത്തെയും സുന്ദരമാക്കുന്നതും ഏതു വ്യക്തിയെയും വലിയവനാക്കുന്നതും. ക്ഷമ ചോദിക്കാതെയും ക്ഷമ കൊടുക്കാതെയും പോകുന്ന ജീവിതങ്ങൾക്ക് ഒത്തിരി ഭാരം തോന്നും. പ്രത്യേകിച്ച്, ഒരേ വീട്ടിൽ കഴിയുന്നവരാകുമ്പോൾ അങ്ങനെ ജീവിക്കുന്നവർ മാനസികവും ശാരീരികവും ആത്മീകവുമായ രോഗങ്ങൾക്ക് അടിമയാകാം. നോമ്പുകാലം തെറ്റു തുരുത്തലിനും ക്ഷമ ചോദിക്കലിനുമുള്ള കാലമാണ്: നീ കൊണ്ടു നടക്കുന്ന പകയുടെയും വെറുപ്പിന്റെയും ഭാരം ഇറക്കി വയ്ക്കാനുള്ള കാലം. അപ്പോൾ ക്ഷമിക്കാതെ പോയതുപോലും ക്ഷമിക്കാനുള്ള കാലമാണ് നോമ്പ്. നോമ്പിൽ ഇതു നടന്നില്ലെങ്കിൽ, പിന്നെ കിട്ടുന്ന അവസരമാണ് മരണ സമയം. അപ്പോഴതു സാധിക്കുമോ എന്നാർക്കറിയാം. അങ്ങനെ സാധിച്ചാൽ പോലും നമ്മൾ നഷ്ടപ്പെടുത്തിയത് എവിടെയൊക്കെ, ആർക്കൊക്കെ, നല്കാമായിരുന്ന ഒരു സന്തോഷജീവിതമായിരുന്നു എന്ന ഒരു വേദന ബാക്കി നില്ക്കും. നോമ്പിലെ നമ്മുടെ ഉപവാസവും പ്രാർത്ഥനയും കുമ്പസാരവും ഒക്കെ ഈ രമ്യപ്പെടലിനും വിളക്കിച്ചേർക്കലിനും ഉപകരിക്കട്ടെ. ദുഷ്ടതയുടെ കെട്ടുകൾ പൊട്ടിയ്ക്കുന്നതിനെയാണ് ഉപവാസമെന്ന് ഏശയ്യാ പ്രവാചകൻ 58/6ൽ പറയുക. പരസ്നേഹത്തിനു നിരക്കാത്ത എല്ലാ പ്രവർത്തികളും ദുഷ്ടതയാണെന്നറിയുക. ചുരുക്കത്തിൽ പരസ്നേഹത്തിൽ നമ്മെ വളർത്തേണ്ട കാലമാണ് നോമ്പുകാലം.

സ്നേഹപൂർവ്വം
ഫാ. കുര്യാക്കോസ് ഇരവിമംഗലം
നിങ്ങളുടെ വികാരിയച്ചൻ



# രക്ഷകന്റെ ആത്മാവിഷ്കരണം



ആരാണ് രക്ഷകൻ? രക്ഷപെടുത്തുവാൻ കഴിവുള്ളവനാണ് രക്ഷകൻ. എന്താണ് രക്ഷ? ആയിരിക്കുന്ന അവസ്ഥയിൽ നിന്നും ആകേണ്ടതിലേക്കുള്ള ദൂരമാണ് രക്ഷ. ആയിരിക്കുന്ന അവസ്ഥ എന്താണ് ? ലോകം, പിശാച്, ശരീരം ഇവയുടെ പിടിയിലകപ്പെട്ട മനുഷ്യാത്മാവിന്റെ അവസ്ഥയാണത്. ആകേണ്ടതോ 'വീണ്ടും ജനിച്ച് ' ജീവനിലേക്ക് പ്രവേശിക്കുക എന്നതും.

'Nobody can step in to the Same River Twice' - ആർക്കും ഒരേ നദിയിൽ രണ്ടുപ്രാവശ്യം മുങ്ങിപ്പൊങ്ങാനാവില്ല. ഒന്നുകിൽ നദി; അല്ലെങ്കിൽ വ്യക്തി - ഈ രണ്ടിനും മാറ്റങ്ങൾ വന്നിട്ടുണ്ടാകും. നദിയിലെ വെള്ളം, മുങ്ങിയ സ്ഥലത്ത് സ്ഥിരമല്ലാത്തതുപോലെ സെക്കന്റുകൾ കഴിയുന്തോറും മനുഷ്യശരീരത്തിനും മാറ്റങ്ങൾ വന്നു ഭവിക്കുന്നുണ്ട്. അതായത് സ്ഥലകാലവ്യതിയാനങ്ങൾക്കനുസരിച്ച് ചിന്തിച്ചാൽ മനുഷ്യായുസ്സ് ആപേക്ഷികമാണെന്ന് കാണാം. അവൻ മാറ്റങ്ങൾക്ക് വിധേയനായിരിക്കുന്നതുകൊണ്ട് കഴിഞ്ഞുപോയ അവസരങ്ങൾ ഇനി തിരികെ ലഭിക്കുകയില്ലെന്നു സാരം. ഏറ്റവും അവസാനത്തെ മാറ്റമാണ് മരണം. അതിനുശേഷം മാറ്റങ്ങളില്ല. 'ഓരോരുത്തരും അവനവന്റെ പ്രവൃത്തികൾക്കനുസരണം വിധിക്കപ്പെടും.' പിന്നെ ലഭിക്കുന്നതോ സ്ഥായിയായ അവസ്ഥയും. സ്വർഗ്ഗം, നരകം എന്ന ഓമനപ്പേരിട്ടു വിളിക്കാവുന്ന അവസ്താന്തരങ്ങൾ.

നന്മയും തിന്മയും അഗ്നിയും ജലവും നിന്റെ മുൻപിൽ വച്ചിരിക്കുന്നു. ഇഷ്ടമുള്ളത് തിരഞ്ഞെടുക്കാം. (cf പ്രഭാ: 15:16) ഈ തിരഞ്ഞെടുപ്പ് ദൈവത്തിന്റെ വലത്തുഭാഗത്തേക്കുള്ളതാകട്ടെ. അവനു യോജിച്ച പ്രവൃത്തികൾ നമുക്കു തിരഞ്ഞെടുക്കാം.

സ്വർഗ്ഗത്തെ ഭൂമിയുമായി രഞ്ജിപ്പിക്കാനാണാ ഗോവണി - സ്വർഗ്ഗത്തിനും ഭൂമിക്കുമിടയിൽ രണ്ടു കമ്പിന്മേൽ മൂന്നാണികളാൽ തൂക്കപ്പെട്ടിരിക്കുന്നതാണീ ഗോവണി. ഇത് മനുഷ്യനുവേണ്ടി മനുഷ്യന്റെ ഉപരി നന്മയായ ക്രിസ്തുവിന്റെ ആത്മാവിഷ്കരണം. 'തന്നെ കുമ്പിട്ടാരാധിച്ചാൽ ഈ ലോകം മുഴുവനും നൽകാം' എന്ന പ്രലോഭകന്റെ വാക്കുകളിൽ നിന്നും കുതറി മാറി മൂന്നാണികളാൽ ലോകത്തെ നേടിയെടുത്ത രക്ഷകന്റെ ആത്മാവിഷ്കരണം.

'അവൻ തന്നെത്തന്നെ 'എടുത്തു' - ഉയർത്തി 'വാഴ്ത്തി', 'വിഭജിച്ചു', 'കൊടുത്തു'. സ്വയം എടുത്തുയർത്താൻ ശക്തനായവൻ മറ്റുള്ളവർക്ക് എടുത്തുയർത്താൻ പാകത്തിൽ അപ്പമായ് മാറുന്നത്. - രക്ഷകന്റെ ആത്മാവിഷ്കരണം.


ക്രിസ്തുവിന്റെ തിരുഹൃദയരൂപം നോക്കി ഒരാൾ ഇങ്ങനെ പറഞ്ഞു. 'മനുഷ്യനോടുള്ള അനന്തമായ സ്നേഹത്താൽ പ്രേരിതമായി ത്രസിക്കുന്ന ഹൃദയം ഇനിയും കൂടുതൽ അടുത്ത് മനുഷ്യനെ ചേർത്തു പിടിക്കാൻ പുറത്തേക്ക് തള്ളപ്പെട്ടതാണ്.' കുത്തി മുറിവേറ്റ ഹൃദയത്തിലെ അവസാന തുള്ളി രക്തം കൊണ്ട് രക്ഷിക്കപ്പെട്ട 'മാർക്കൂസ് ' അതിനടയാളം - ഇത് രക്ഷകന്റെ ആത്മാവിഷ്കരണം.

രക്ഷകന്റെ ആത്മാവിഷ്കാരണം രക്ഷയിലേക്കുള്ള വാതിൽ - നമുക്കും ഈ വാതിൽക്കൽ മുട്ടി വിളിക്കാം. രക്ഷകന്റെ ആത്മാവിഷ്കരണം ആത്മരക്ഷയ്ക്കായ് ഹൃദയത്തിൽ സംവഹിക്കാം. ഉത്ഥാനത്തിരുന്നാളിന്റെയും ഇടവകത്തിരുന്നാളിന്റെയും തിരുഹൃദയത്തിരുന്നാളിന്റെയും മംഗളങ്ങൾ നേരുന്നു.


സ്നേഹപൂർവ്വം,

ഫാ. ജോസഫ് തെക്കിനേടത്ത്

സഹവികാരി



# കർത്താവേ നീ എല്ലാം അറിയുന്നു....



'അവൻ മൂന്നാം പ്രാവശ്യവും അവനോട് ചോദിച്ചു യോഹന്നാന്റെ പുത്രനായ ശിമയോനെ, നീ എന്നെ സ്നേഹിക്കുന്നുവോ - അവന് പറഞ്ഞു: കർത്താവേ നീ എല്ലാം അറിയുന്നു ഞാൻ നിന്നെ സ്നേഹിക്കുന്നുവെന്നും നീ അറിയുന്നു (യോഹന്നാൻ 21:17 - 18). തന്റെ സഭയുടെ തലവനായി നിയമിക്കുന്നതിനു മുമ്പ് യേശു പത്രോസിനോട് ചോദിക്കുന്ന ചോദ്യവും അതിന് പത്രോസ് നല്കുന്ന മറുപടിയുമാണിത്. സ്വർഗ്ഗരാജ്യത്തിൽ താക്കോലുകൾ സ്വന്തമാക്കിയ അധികാരമുള്ള പത്രോസിനെയോ, ക്രിസ്തുവിന്റെ സഭ പണപ്പെടാൻ പോകുന്ന അടിസ്ഥാനമെന്ന തലയെടുപ്പുള്ള പത്രോസിനെയോ അല്ല നാം ഇവിടെ കാണുന്നത്. മറിച്ച് ഗനേസറത്ത് തടാകത്തിൽ അത്ഭുതകരമായ മീൻപിടുത്തം നടന്നപ്പോൾ കർത്താവേ പാപിയായ എന്നിൽ നിന്ന് അകന്നു പോകണമേ എന്ന് ഈശോയുടെ കാല്ക്കൽ വീണപേക്ഷിക്കുന്ന പത്രോസിനെയാണ് ഈ മറുപടിയിൽ നാം കാണുന്നത്.

നാം നോമ്പുകാലത്തിലാണ് ഉപവാസവും പ്രാർത്ഥനയും പരിത്യാഗവും വഴി നമ്മെ തന്നെ കഴുകി വിശുദ്ധീകരിച്ച് ദൈവത്തോടുള്ള സ്നേഹം നാം കൂടുതൽ പ്രകടമാക്കുന്ന സമയം. കുരിശിൽ കിടന്നുകൊണ്ട് ഈശോ നമ്മളോടും ചോദിക്കുന്നുണ്ട് ഞാൻ സ്വജീവൻ കൊടുത്ത് നിങ്ങളെ സ്നേഹിച്ചതുപോലെ നിങ്ങൾ എന്നെ സ്നേഹിക്കുന്നുണ്ടോ എന്ന്. നമുക്ക് ഈശോക്ക് കൊടുക്കാവുന്ന ഏറ്റവും ഉചിതമായ ഉത്തരം പത്രോസിന്റേതാണ്. കർത്താവേ നീ എല്ലാം അറിയുന്നു ഞാൻ നിന്നെ സ്നേഹിക്കുന്നുവെന്നും നീ അറിയുന്നു. കാരണം പത്രോസിന്റെ വാക്കുകളിൽ ആത്മാർത്ഥതയുണ്ട്. ജീവിതത്തിൽ തെറ്റുകൾ വന്നു പോയതിന്റെ സങ്കടം പറച്ചിലുണ്ട്. തുറവിയുണ്ട്, നിന്റെ ജീവിതത്തിലെ തിന്മകളോട് പോരാടി ഈശോയെ സ്വന്തമെന്നപോലെ സ്നേഹിക്കാൻ ആഗ്രഹിക്കുന്ന പരിശ്രമിക്കുന്ന ഒരു നിഷ്കളങ്ക മനസ്സ് ഉണ്ട്.

കർത്താവ് നമ്മിൽ നിന്ന് ആഗ്രഹിക്കുന്നത് ഇത് തന്നെയാണ്. അവന്റെ കുരിശിന്റെ വഴിയേ നടക്കുമ്പോൾ എത്ര തവണ വീണുപോയി എന്നതല്ല, എഴുന്നേറ്റു നടക്കാൻ, ഇനി വീഴാതിരിക്കാൻ എത്രത്തോളം പരിശ്രമിച്ചു എന്നതാണ് കാര്യം. അവന്റെ കുരിശിനെ എത്രത്തോളം മുറുകെപിടിച്ചു എന്നതാണ് കാര്യം.


എല്ലാം അറിയുന്ന കർത്താവിന്റെ മുമ്പിൽ നമ്മെ തന്നെ പൂർണമായി തുറന്ന് വയ്ക്കാൻ നമ്മുടെ വീഴ്ചകളോടും കുറവുകളോടും കൂടി ക്രൂശിനെതന്നെ സ്നേഹിക്കുവാൻ ഈ നോമ്പുകാലം നമ്മെ പ്രാപ്തരാക്കട്ടെ.

ഫാ. പ്രിൻസ് തൈക്കൂട്ടത്തിൽ
സഹവികാരി

## ●●● സഹദാ വിശേഷാൽ പതിപ്പ് ●●●

സഹദായുടെ അടുത്ത ലക്കം (ജൂലൈ-സെപ്റ്റംബർ 2019) വിശേഷാൽ പതിപ്പായി പ്രസിദ്ധീകരിക്കുന്നു. ഈടുറ്റ രചനകൾ, കൂടുതൽ പേജുകൾ, ആകർഷകമായ ലേ ഔട്ട്, മികച്ച വായനാനുഭവം തുടങ്ങിയവ ഈ പ്രത്യേക പതിപ്പിന്റെ സവിശേഷതകളാണ്.

രചനകളും പരസ്യങ്ങളും ജൂൺ മാസം 10-നു മുൻപ് സഹദാ ബുള്ളറ്റിൻ ബോക്സിൽ നിക്ഷേപിക്കുക.





# ഈശോയെ ഞാൻ നിന്നെ സ്നേഹിക്കുന്നു

നാട്ടിൽ പുറത്തെ ഒരു ഇടവക. പള്ളിവെഞ്ചരിപ്പും അതിനോട് അനുബന്ധിച്ചുള്ള പെരുന്നാളും കെങ്കേമമാക്കണം എന്നാണ് ഇടവക സമൂഹത്തിന്റെയും ആഗ്രഹം. കൗൺസിൽ എല്ലാവർക്കും പ്രായമനുസരിച്ച് ഡ്രസ് കോഡ് ഡിസൈൻ ചെയ്തു. പക്ഷേ അനുവിന്റെ പപ്പായ്ക്ക് വികാരിയച്ചനെ കണ്ടുകൂടാ. അതുകൊണ്ട് അനുവിനും അവളുടെ അനുജത്തിക്കും ഡ്രസ് വാങ്ങി കൊടുത്തില്ല. അലീന എല്ലാ നോമ്പുകളും എടുക്കുന്ന, വെള്ളിയാഴ്ചകളിൽ ഉപവസിക്കുന്ന, ആരോടും ഒന്നും കടുപ്പിച്ച് പറയാതെ വിശുദ്ധ ജീവിതം നയിക്കുന്ന കൊച്ചു വിശുദ്ധ. ഒരു കൊച്ച് കുട്ടിക്ക് ഉണ്ടാകാവുന്ന സങ്കടം നമുക്കൂഹിക്കാവുന്നതേ ഉള്ളൂ. ഞാനിത് അറിയുന്നത് സെമിനാരിയിൽ നിന്നും ഞായറാഴ്ചയുള്ള അജപാലന ശുശ്രൂഷയ്ക്ക് ഈ ഇടവകയിൽ എത്തിയപ്പോൾ ഒരു മതാധ്യാപിക പറഞ്ഞാണ്. ദൈവത്തെയും ദൈവാലയത്തെയും ദൈവശുശ്രൂഷകരെയും ഇഷ്ടപ്പെട്ടിരുന്ന അനുമോളെ എനിക്കും ഇഷ്ടമായി. സൗഹൃദം വളർന്നപ്പോൾ ഞാൻ അനുവിനോട് ഈ സംഭവത്തെക്കുറിച്ച് ചോദിച്ചു. അവളുടെ മറുപടി ഇപ്രകാരം ആയിരുന്നു. 'എന്റെ ഈശോ അറിയാതെ എന്റെ ജീവിതത്തിൽ ഒന്നും സംഭവിക്കുകയില്ല. ഇത് ഒരു കുട്ടിക്ക് ആഘോഷങ്ങൾക്ക് പുതുവസ്ത്രം ധരിക്കാത്തതിന്റെ വിഷമം അറിയുന്നതിനായി അനുവദിച്ചതാണ്. ബ്രദറേ, എന്റെ പ്രാർത്ഥന ഈശോയെ ഞാൻ നിന്നെ സ്നേഹിക്കുന്നു എന്നു മാത്രമാണ്. ഇങ്ങനെ പ്രാർത്ഥിച്ചാൽ ദൈവം നമുക്ക് വേണ്ടുന്നതെല്ലാം നല്കും.'

ദിവസങ്ങൾ കഴിഞ്ഞുപോയി. ഞാനി കൊച്ചു വിശുദ്ധയുടെ വാക്കുകൾ മറന്നുപോയി. എന്റെ ദൈവശാസ്ത്ര പഠനങ്ങൾക്കുശേഷം ഞാൻ ഒരു മാസത്തെ പ്രാർത്ഥനയ്ക്കായി ഒരു ധ്യാനകേന്ദ്രത്തിൽ പോയി. ദിവസം മുഴുവൻ എന്താണ് പ്രാർത്ഥിക്കേണ്ടത് എന്ന് എനിക്കറിയില്ല. ദിവ്യകാരുണ്യ സന്നിധിയിൽ ഇരുന്ന എനിക്ക് ഒരു പ്രചോദനം ലഭിച്ചു എപ്പോഴും ഒരു വാക്ക് മാത്രം ഉരുവിടുക ഈശോയെ ഞാൻ നിന്നെ സ്നേഹിക്കുന്നു എന്ന് മാത്രം.

ആ ഒരു മാസക്കാലം എന്റെ പ്രാർത്ഥന ഈശോയെ ഞാൻ നിന്നെ സ്നേഹിക്കുന്നു എന്ന് മാത്രമായിരുന്നു. ഈ സമയത്ത് എന്റെ ആഗ്രഹങ്ങളും അഭിലാഷങ്ങളും തമ്പുരാൻ നടത്തുന്നതായി അനുഭവിച്ചറിഞ്ഞു. ഒരു ദിവസം ചിക്കൻ ബിരിയാണി കഴിക്കണം എന്നാഗ്രഹം. അന്നുച്ചയ്ക്ക് ധ്യാനകേന്ദ്രത്തിൽ എല്ലാവർക്കും ചിക്കൻ ബിരിയാണി. മീൻകറി കൂട്ടണം എന്നാഗ്രഹിച്ചപ്പോൾ അന്ന് അത്താഴത്തിന് മീൻകറി. സഭയിലെ ചില വ്യക്തികളുമായി സംസാരിക്കണം എന്ന് ആഗ്രഹിച്ചപ്പോൾ ദൈവം അതും ക്രമീകരിച്ചു. ഒരു ചെറിയ പ്രാർത്ഥനയുടെ ശക്തി.

ഈ പ്രാർത്ഥനയുടെ ദിവസങ്ങളിൽ ഒരു ദിവസം പ്രചോദനമനുസരിച്ച് ബൈബിൾ വായിക്കുന്നതിനായി തുറന്നു. അപ്പോൾ ലഭിച്ച വചനം ഡാനിയേൽ 14:38. "കർത്താവേ അങ്ങെന്നെ ഓർമ്മിച്ചിരിക്കുന്നു. അങ്ങേ സ്നേഹിക്കുന്നവരെ അങ്ങ് ഒരിക്കലും മറക്കുകയില്ല. പുറകോട്ടു മറിച്ചപ്പോൾ ദാനിയേൽ 9-ാം അധ്യായത്തിലെ പ്രാർത്ഥന മനസ്സിൽ തട്ടി. ആ പ്രാർത്ഥനയുടെ അവസാനം ഗബ്രിയേൽ ദൂതൻ പ്രത്യക്ഷപ്പെട്ട് ഇപ്രകാരം പറയുന്നു. നിന്റെ പ്രാർത്ഥനയുടെ ആരംഭത്തിലെ ഒരു വചനം നിമിത്തം നിനക്ക് ദർശനങ്ങൾ വെളിപ്പെടുത്താം. ദാനി. 9:4 കർത്താവേ അങ്ങയെ സ്നേഹിക്കുകയും.....

ഈശോയെ ഞാൻ നിന്നെ സ്നേഹിക്കുന്നുവെന്ന് നാം ആയിരിക്കുന്ന അവസ്ഥയിൽ തമ്പുരാനോട് പ്രാർത്ഥിക്കുമ്പോൾ ദൈവം നമ്മെ അനുഗ്രഹിക്കും. കാരണം നമ്മുടെ വേദനകളും ദുഃഖങ്ങളും അംഗീകരിച്ച് ദൈവത്തിന് നമ്മോടുള്ള പദ്ധതിയോട് ചേർന്ന് പോകുവാൻ തയ്യാറാവുകയാണ്; ദൈവത്തിന് നന്ദി പറയാനും തയ്യാറാകുന്നു. അപ്പോൾ ദൈവത്തിന്റെ കൃപയുടെ നീർച്ചാലുകൾ നമ്മിലേക്ക് ഒഴുകി ഇറങ്ങും. ജോബിനെ ദൈവം അംഗീകരിച്ചപ്പോൾ ആണ്. (ജോബ് 42). ഇങ്ങനെ പ്രാർത്ഥിക്കുമ്പോൾ നമ്മെത്തന്നെ നാമറിയാതെ എളിമപ്പെടുത്താൻ തയ്യാറാവുകയാണ്. "നീ നിന്റെ ദൈവത്തിന്റെ മുൻപിൽ നിന്നെത്തന്നെ എളിമപ്പെടുത്താൻ തുടങ്ങിയ ദിവസം മുതൽ നിന്റെ പ്രാർത്ഥന കേൾക്കപ്പെട്ടിരിക്കുന്നു." ദാനിയേൽ 10:12.

ഫാ. ജോസഫ് ചെങ്കല്ലേൽ **CMF**



വൈസ് ചെയർമാന്റെ കത്ത്

# ജീവിത നവീകരണധ്യാനം - ഒരനുസ്മരണം

പുതുവർഷാരംഭത്തിൽ നമ്മുടെ ഇടവകജനത്തിന് ലഭിച്ച വലിയൊരു അനുഗ്രഹപെരുമഴയായിരുന്നു 2019 ജനുവരി 21 മുതൽ 25 വരെ നടത്തിയ ജീവിത നവീകരണധ്യാനം. ബഹു. ഡാനിയേൽ പൂവണ്ണത്തിൽ അച്ചൻ നേതൃത്വം നൽകിയ ധ്യാനം തികച്ചും തിരുവചന കേന്ദ്രീകൃതമായിരുന്നു.

ബൈബിളിലെ തിരുവചനങ്ങളെക്കുറിച്ച് ആഴത്തിൽ പഠിക്കുവാനും അതേക്കുറിച്ച് ധ്യാനിക്കുവാനുമുള്ള നല്ലൊരു അവസരമായിരുന്നു ഈ ധ്യാനം. യേശുവിനെ സ്നേഹിക്കുന്നുവെങ്കിൽ തിരുവചനത്തെ സ്നേഹിക്കണം എന്ന ഒരു അവബോധനം നമ്മിൽ ആഴത്തിൽ ബോധ്യപ്പെട്ടു. ബൈബിൾ വായിക്കുന്നതും കൊണ്ടുനടക്കുന്നതും അഭിമാനകരമാണെന്നുള്ള ഒരു ബോധ്യത്തിലേക്ക് നമ്മെ നയിച്ചു. ഈ പുസ്തകം എടുത്തു വായിക്കുന്നവർക്ക് എല്ലാ അനുഗ്രഹങ്ങളും ലഭിക്കുമെന്നുമുള്ള ഉൾക്കാഴ്ച നമുക്കു നൽകി. വെളിപാട് 13 – "ഈ പ്രവചനത്തിലെ വാക്കുകൾ വായിക്കുന്നവരും കേൾക്കുന്നവരും ഇതിൽ എഴുതപ്പെട്ടിരിക്കുന്നത് പാലിക്കുന്നവരും അനുഗൃഹീതർ, എന്തെന്നാൽ സമയം അടുത്തിരിക്കുന്നു."

ലോകത്ത് ആദ്യമായി അച്ചടിമഷി പുരണ്ട ബൈബിൾ, എഴുപത്തിമൂന്നു പുസ്തകങ്ങളുടെ സമാഹാരമാണ്. നാലു ഭൂഖണ്ഡങ്ങളിലുള്ള അറുപതു എഴുത്തുകാർ ഏകദേശം ആയിരത്തി അഞ്ഞൂറു വർഷങ്ങൾ കൊണ്ട് എഴുതി തീർത്ത പുസ്തകം. എല്ലാം ഒരേ ചരടിൽ കോർത്ത പൂമാലപോലെ. അതിനെ കൂട്ടി ചേർത്തത് പരിശുദ്ധാത്മാവാണ്. ഈ പുസ്തകം നമ്മുടെ ജീവിതകാലത്ത് വായിക്കേണ്ടതിന്റെയും അതനുസരിച്ച് ജീവിക്കേണ്ടതിന്റെയും അനിവാര്യത ബഹു. ഡാനിയേലച്ചൻ നമുക്കു വളരെ വ്യക്തമായി കാട്ടിതന്നു.

ബൈബിൾ വായിച്ചു തീരുമ്പോൾ നാം എത്തിച്ചേരുന്നത് ജീവിച്ചിരിക്കുന്ന, ചോരയും നീരുമുള്ള മരിച്ചിട്ടും മരിക്കാതെ എഴുന്നേറ്റ, സ്വർഗ്ഗീയപിതാവിന്റെ വലതുഭാഗത്തിരുന്ന് മാധ്യസ്ഥം വഹിക്കുന്ന മഹത്വത്തിന്റെ വാനമേഘങ്ങളിൽ കാഹളം മുഴക്കുന്ന, ഒരു നേരത്ത് വീണ്ടും വരുമെന്നു പറഞ്ഞ, വീണ്ടും വരാൻ പോകുന്ന യേശുക്രിസ്തു എന്ന കേന്ദ്രബിന്ദുവിലേക്കാണ്. നാം യാത്ര ചെയ്യുന്നതും എത്തി നിൽക്കുന്നതും അവസാനിക്കുന്നതും അവനിൽത്തന്നെ.

ജീവിത നവീകരണധ്യാനത്തിന്റെ പ്രാരംഭ ദിനങ്ങളിൽ നമ്മുടെ നാവും നയനവും നന്നായിരിക്കേണ്ടതിന്റെ ആവശ്യകത ബൈബിൾ വചനങ്ങൾ ഉദ്ധരിച്ചുകൊണ്ട് ധ്യാനഗുരു നമ്മെ ഉദ്ബോധിപ്പിച്ചു. നാവും നയനവും നന്നാവുമ്പോൾ അത് തീർച്ചയായും മറ്റുള്ളവരെ അനുഗ്രഹിക്കുവാനുള്ള ഒരു മനോഭാവത്തിലേക്ക് നമ്മെ പ്രേരിപ്പിക്കും. അപ്രകാരം മറ്റുള്ളവരെ അനുഗ്രഹിക്കുന്ന മനോഭാവം നമുക്കു തന്നെ പതിന്മടങ്ങ് അനുഗ്രങ്ങൾ ലഭിക്കുവാനും കാരണമാകും. 'പങ്കുവയ്ക്കുമ്പോഴാണല്ലോ നമുക്ക് ലഭിക്കുക' എന്ന ചൊല്ല് ഇവിടെ അന്വർത്ഥമാകുകയാണ്. ജീവിത നവീകരണത്തിന് മറ്റൊരു പ്രധാനപ്പെട്ട കാര്യം ജീവിത വിശുദ്ധി കാത്തു സൂക്ഷിക്കുക എന്നതാണ്. ശരീരം, മനസ്സ്, ആത്മാവ് എന്നീ മൂന്നു തലങ്ങളിലും വിശു

ഢിയിലായിരിക്കേണ്ടതുണ്ട്. ദൈവാനുഭവത്തിലേക്ക് വളരുവാൻ സഹായകമായ ഘടകങ്ങളാണ് ഇവയെല്ലാം. യഥാർത്ഥ ആരാധന ആത്മാവിലും സത്യത്തിലും നിറഞ്ഞതാണെന്നും ബഹു. ഡാനിയേലച്ചൻ നമ്മെ ഉദ്ബോധിപ്പിച്ചു.

ഈ ജീവിത നവീകരണധ്യാനം നമ്മുടെ ഇടവകയ്ക്കും കുടുംബാംഗങ്ങൾക്കും നമുക്കു വ്യക്തിപരമായും ഒരു വലിയ അനുഗ്രഹമായിട്ടുണ്ടെന്നുള്ളതിനു യാതൊരു സംശയവുമില്ല. നിയോഗങ്ങൾ എഴുതി സമർപ്പിച്ചവർക്കുവേണ്ടിയും ധ്യാനത്തിന്റെ വിജയത്തിനുവേണ്ടിയും പ്രത്യേകം നമ്മുടെ നിത്യാരാധന കേന്ദ്രത്തിൽ ബഹു. ഡാനിയേലച്ചന്റെ ടീമംഗങ്ങൾ ധ്യാന ദിനങ്ങളിൽ പ്രത്യേകം പ്രാർത്ഥിച്ചിരുന്നുവെന്നതും ഇത്തരുണത്തിൽ സ്മരിക്കുന്നു. തിരുവചനത്തിന്റെ ശക്തി എന്തെന്ന് അച്ചൻ നമുക്ക് ഉദാഹരണസഹിതം ബോധ്യപ്പെടുത്തി. ദൈവവചനം ഇരുതല വാളിനേക്കാൾ മൂർച്ചയേറിയതും ശരീരത്തിലും മജ്ജയിലും തുളച്ചു കയറുവാൻ തക്കവിധം മൂർച്ചയേറിയതുമത്രെ. പരിശുദ്ധാത്മാവന്റെ അഭിഷേകത്തിൽ നിറയുവാനുമുള്ള ഒരു നല്ല അവസരമായിരുന്നു ഈ ധ്യാനം. ഈ അരൂപിയിൽ തുടരുവാൻ എല്ലാ മാസത്തിലെയും അവസാനത്തെ വെള്ളിയാഴ്ചകളിൽ നമ്മുടെ പഴയ പള്ളിയിൽ (വെഞ്ചരിപ്പ് കൗണ്ടറിനു സമീപം) 10 മുതൽ 12.15 വരെ ജപമാലയും തുടർന്ന് മധ്യസ്ഥ പ്രാർത്ഥനയും നടത്തുന്നുണ്ട്. പതിവുപോലെ വെള്ളിയാഴ്ച 12.30നുള്ള വി. കുർബാനയും ഉണ്ടായിരിക്കുന്നതാണ്. ധ്യാനത്തിന്റെ നല്ല പരിസമാപ്തിക്ക് എല്ലാറ്റിനും ഉപരിയായി നമുക്ക് സർവ്വശക്തനായ ദൈവത്തിന് നന്ദി പറയാം.

ധ്യാനത്തിന്റെ നടത്തിപ്പിനുവേണ്ട എല്ലാ മുന്നൊരുക്കങ്ങളും ഇടവക നടത്തുകയുണ്ടായി. ഏതാണ്ട് ഒരു വർഷം മുൻപു തന്നെ നമ്മുടെ വികാരിയച്ചൻ ധ്യാനശുശ്രൂഷക്കുവേണ്ട ഏർപ്പാടുകൾ നടത്തിയിരുന്നു. ധ്യാനത്തിനു മുന്നോടിയായി ദേവാലയത്തിൽ വി. കുർബാനക്കുശേഷവും കുടുംബങ്ങളിലും പ്രാർത്ഥനകൾ നടത്തി. അച്ചന്റെ ദീർഘവീക്ഷണത്തിനും ആദ്ധ്യാത്മികവും ഭൗതികവുമായ നേതൃത്വത്തിനും നമുക്കു നന്ദി പറയാം. നമ്മുടെ പുതിയതും പഴയതുമായ ദേവാലയങ്ങൾ നിറഞ്ഞു കവിഞ്ഞൊഴുകിയെത്തിയവർക്കും ദേവാലയത്തിനുപുറത്ത് സൗകര്യപ്രദമായി ഇരിപ്പിടവും ദൃശ്യശ്രാവ സൗകര്യങ്ങളും കുടിവെള്ളവും ഒരുക്കിയ കൈക്കാരന്മാർക്കും പാരിഷ്/ സെൻട്രൽ കമ്മിറ്റിയംഗങ്ങൾക്കും യൂണിറ്റ് ഭാരവാഹികൾക്കും ഓഫീസ് സ്റ്റാഫിനും ഹൃദയം നിറഞ്ഞ നന്ദി.

ആഗതമാകുന്ന ഉയിർപ്പ് തിരുനാളിന്റെയും ഇടവക മദ്ധ്യസ്ഥനായ വി. ഗീവർഗ്ഗീസ് സഹദായുടെ തിരുനാളിന്റെയും മംഗളങ്ങൾ നേർന്നുകൊണ്ട്,

ജോസഫ് കരോട്ടതയ്യിൽ
വൈസ് ചെയർമാൻ
സെൻട്രൽ കമ്മിറ്റി

## യൂണിറ്റടിസ്ഥാനത്തിൽ വീട് വെഞ്ചരിപ്പ്

| | |
|---|---|
| ഏപ്രിൽ 1-6 | സെന്റ് സേവ്യർ |
| ഏപ്രിൽ 8-13 | ആൾ സെയിന്റ്സ് |
| മെയ് 13-18 | സെന്റ് വിൻസെന്റ് |
| മെയ് 20-25 | സെന്റ് പയസ് |
| മെയ് 27-31 | സെന്റ് ജൂഡ് |
| ജൂൺ 3-8 | സെന്റ് സെബാസ്റ്റ്യൻ |
| ജൂൺ 10-15 | സെന്റ് മൈക്കിൾ |
| ജൂൺ 17-22 | ഓസാന |
| ജൂൺ 24-29 | സെന്റ് ജോസഫ് |

## ആശംസകൾ



04.05.2019 ന്
പൗരോഹിത്യം സ്വീകരിക്കുന്ന
ഡീക്കൻ സോയിൻ ചെങ്കല്ലേൽ CMF ന്
ഇടവകാംഗങ്ങളുടെ
പ്രാർത്ഥനാശംസകൾ

## നന്ദി



സ്തുത്യർഹ സേവനത്തിനുശേഷം
ഇടവകയിൽ നിന്നും സ്ഥലം
മാറിപോകുന്ന
ഫാ. ജിന്റോ പടയാട്ടിലച്ചന്
ഇടവകാംഗങ്ങളുടെ
ഹൃദയംനിറഞ്ഞ നന്ദി...

## നന്ദി



സ്തുത്യർഹ സേവനത്തിനുശേഷം
ഇടവകയിൽ നിന്നും സ്ഥലം
മാറിപോകുന്ന
ഫാ. ജിന്റോ കലയത്തനാംകുഴി RCJ ക്ക്
ഇടവകാംഗങ്ങളുടെ
ഹൃദയംനിറഞ്ഞ നന്ദി...

## സ്വാഗതം



ഇടവകയിലേക്ക്
സേവനത്തിനായി എത്തിച്ചേർന്ന
ഫാ. ജോസഫ് തെക്കിനേടത്ത് അച്ചന്
ഇടവക കുടുംബത്തിലേക്ക്
സ്വാഗതം

## സ്വാഗതം



ഇടവകയിലേക്ക്
സേവനത്തിനായി എത്തിച്ചേർന്ന
ഫാ. പ്രിൻസ് തൈക്കൂട്ടത്തിലച്ചന്
ഇടവക കുടുംബത്തിലേക്ക്
സ്വാഗതം

## വിശ്വാസപരിശീലനം പൂർത്തിയാക്കിയ പ്ലസ് ടു വിദ്യാർത്ഥികൾ വികാരിയച്ചനോടും മതാദ്ധ്യാപകരോടുമൊപ്പം



## അന്താരാഷ്ട്ര വനിതാദിനം ഇടപ്പള്ളിയിൽ മാർ ജോസ് പുത്തൻവീട്ടിൽ പിതാവ് ഉദ്ഘാടനം ചെയ്യുന്നു







വിമൻസ് വെൽഫെയർ അമ്മമാർ ഒരുക്കിയ വെജിറ്റബിൾ കാർവിങ്സ്

# ജീവിതനവീകരണ ധ്യാനം 2019








## വിശുദ്ധ യൗസേപ്പിതാവിന്റെ മരണത്തിരുനാളും നേർച്ചസദ്യയും






## തെക്കേപ്പള്ളിയിൽ ഉണ്ണിമിശിഹാ തിരുനാൾ










# സെന്റ് ജോൺ ഫാമിലി യൂണിറ്റ് വാർഷികാഘോഷം





## ഫാ. ടോം ഉഴുന്നാലിൽ

**നമ്മുടെ ദേവാലയത്തിൽ**
**ദിവ്യബലിയർപ്പിച്ചശേഷം**










സി.എൽ.സി. 2019 കലണ്ടർ വികാരിയച്ചൻ പ്രകാശനം ചെയ്യുന്നു



വി. മദർ തെരേസ ഇടപ്പള്ളി ദേവാലയം സന്ദർശിച്ചതിന്റെ 25–ാം വാർഷിക ആഘോഷത്തിൽ നിന്ന്



സി.എൽ.സി. യും എം.എ.ജെ. ആശുപത്രിയും സംയുക്തമായി നടത്തിയ മെഡിക്കൽ ക്യാമ്പ്

# വികസന പന്ഥാവിലൂടെ

ഏഷ്യയിലെ പ്രമുഖ തീർത്ഥാടന കേന്ദ്രമാണ് നമ്മുടെ ദേവാലയം. വി. ഗീവർഗ്ഗീസ് സഹദായുടെ നാമധേയത്തിലുള്ള ദേവാലയം. വിശ്വാസത്തിനും അതിന്റെ പരിപോഷണത്തിനും കൂടുതൽ ഊന്നൽ കൊടുക്കുന്നു. നിരവധി തീർത്ഥാടകർ ഭക്തിപുരസ്സരം ദേവാലയത്തിൽ പ്രാർത്ഥിച്ച് വിശ്വാസം ഊട്ടി ഉറപ്പിക്കുന്നു. നമ്മുടെ പ്രൗഢിക്കും അന്തസ്സിനും പര്യാപ്തമായി പുതിയ ദേവായം 2015ൽ ആശീർവദിച്ചു. ഒരു ക്രൂശിത രൂപത്തിന്റെ അഭാവം ദേവാലയത്തിനുണ്ടായിരുന്നു. ക്രൂശിതനായ ഈശോമിശിഹായുടെ തിരുസ്വരൂപം ഈ നോമ്പ് കാലത്ത് ദേവാലയത്തിൽ സ്ഥാപിക്കുകയും വിഭൂതി ദിനത്തിൽ ബഹു. വികാരിയച്ചൻ വെഞ്ചെരിക്കുകയും ചെയ്തു. വൈയക്തികവും സംഘാതവുമായ പ്രാർത്ഥനകൾക്ക് ദേവാലയ അന്തരീക്ഷം കൂടുതൽ സജ്ജമാകുന്നു.

ഇടവകസ്ഥാപനമായ എം.എ.ജെ. ആസ്പത്രി നവീകരണത്തിന്റെയും വികസനത്തിന്റെയും പാതയിലാണ്. കൂടുതൽ സൗകര്യങ്ങളും വിദഗ്ധ സേവനങ്ങളും ആസ്പത്രിയിൽ ലഭ്യമാക്കി വരുന്നു. നവീകരണ പാതയിൽ ആസ്പത്രിയിലെ ഡയാലിസിസ് യൂണിറ്റിലെയും ഗൈനക്കോളജി വിഭാഗത്തിലെയും വാർഡുകൾ കൂടുതൽ സൗകര്യത്തോടെ നവീകരിച്ചുകൊണ്ടിരിക്കുന്നു.

ഇടപ്പള്ളി പള്ളിയുടെ നിയന്ത്രണത്തിലും ഉടമസ്ഥതിലുമുള്ള തോപ്പിൽ സെന്റ് ജോസഫ് സ്കൂളും അതിനോടൊപ്പമുള്ള സ്ഥലവും അതിരുകൾ തിരിച്ച് മതിൽ കെട്ടി. പള്ളിയുടെ അധീനതയിൽ കരിമക്കാട് ഉള്ള സ്ഥലവും നാലുവശവും മതിൽ കെട്ടി വേർതിരിച്ചു.

ഇടപ്പള്ളി അങ്ങാടിയിലുള്ള പള്ളിയുടെ ചില കടമുറികൾ വാടക കുടിശിഖ വരുത്തുകയും കൃത്യമായി വാടക തരാതിരിക്കുകയും ചെയ്യുന്ന അവസ്ഥയായിരുന്നു നിലവിൽ ഉണ്ടായിരുന്നത്. ഈ പ്രശ്നപരിഹാരത്തിന് വാടകക്കാരുമായി സംസാരിക്കുകയും ഉഭയ സമ്മതപ്രകാരം വാടക കരാർ പുതുക്കുകയും കൃത്യമായ വ്യവസ്ഥകൾ നടപ്പിലാക്കുകയും ചെയ്തു.

ഇടവക മദ്ധ്യസ്ഥനായ വി. ഗീവർഗ്ഗീസ് സഹദായുടെ തിരുശേഷിപ്പ് നമ്മുടെ ദേവാലയത്തിൽ കൊണ്ടു വരുന്നതിനുള്ള നടപടിക്രമങ്ങൾ ആരംഭിച്ചു. തിരുശേഷിപ്പ് സൂക്ഷിച്ചിരിക്കുന്ന ഇസ്രായേലിലെ 'ലോഡ്' എന്ന സ്ഥലത്തു നിന്നാണ് കൊണ്ടുവരാൻ ഉദ്ദേശിക്കുന്നത്. പാരിഷ് കൗൺസിൽ തീരുമാനം അനുസരിച്ച് ഇതിന് പര്യാപ്തവും സഹായകരവുമായ നടപടികൾക്കുവേണ്ടി രൂപതാധികാരികളുമായി ആശയവിനിമയം നടത്തുകയും ഔദ്യോഗിക കത്തിടപാടികളും നടത്തി വരുന്നു. സമീപ ഭാവിയിൽ തന്നെ ഇത് സാധിതമാകുമെന്ന് വിശ്വസിക്കുന്നു.

നമ്മുടെ ഇടവകയിൽ കഴിഞ്ഞ മൂന്നു മാസങ്ങളിലായി (ഡിസംബർ മുതൽ ഫെബ്രുവരി 2019 വരെ) ₹ 18,58,798/- ചികിത്സ, ഡയാലിസിസ്, വീട് പുനർനിർമ്മാണം, വിവാഹം മുതലായ ഇനങ്ങളിലായി സഹായം നൽകുകയുണ്ടായി.

ഇടവക തിരുനാളിനുള്ള എല്ലാ മുൻ ഒരുക്കങ്ങളുമായി നമ്മൾ മുന്നോട്ടു നീങ്ങുകയാണ്. വിവിധ കമ്മിറ്റികൾ രൂപവല്ക്കരിച്ച് പ്രവർത്തന സജ്ജമാക്കി. ആഗതമാകുന്ന ഉയിർപ്പ് തിരുനാളിന്റെയും ഇടവക മദ്ധ്യസ്ഥനായ വി. ഗീവർഗ്ഗീസ് സഹദായുടെ തിരുനാളിന്റെയും മംഗളങ്ങൾ ഏവർക്കും നേർന്നു കൊള്ളുന്നു.

സ്നേഹപൂർവ്വം

മാർട്ടിൻ കണ്ടത്തിൽ
ട്രസ്റ്റി

ജോയി പള്ളിപ്പാടൻ
ട്രസ്റ്റി

## ലോഗോസ് ക്വിസ് 2019

**പഠനഭാഗം:**

**നിയമാവർത്തനം 12 – 21; പ്രഭാഷകൻ 11 – 17;**

**മത്തായി 19 – 28; വെളിപാട് 17 – 22**

രൂപതാതല പരീക്ഷാ തീയതി 2019 സെപ്റ്റംബർ 29, 2.00 pm – 3.30 pm

രജിസ്ട്രേഷൻ ആരംഭിക്കുന്നത് 2019 ജൂൺ 1, രജിസ്ട്രേഷൻ അവസാനിക്കുന്നത് 2019 ജൂലൈ 31



# തിരിഞ്ഞുനോക്കുമ്പോൾ

2017 ഡിസംബർ 27 ന് ഞങ്ങളുടെ 50-ാം വിവാഹവാർഷികമായിരുന്നു. 2018 ഡിസംബർ 19ന് എന്റെ 80-ാം ജന്മദിനവും. ഇങ്ങനെ അടുത്തടുത്ത രണ്ടു ഡിസംബറുകളിലായി ജീവിതത്തിലെ രണ്ടു നിർണായ ഘട്ടങ്ങൾ കടന്നുപോയിരിക്കെ ഒരു തിരിഞ്ഞുനോട്ടം ഉചിതമായി തോന്നുന്നു.

വിവാഹ സുവർണ ജൂബിലി മക്കളും മരുമക്കളും കൊച്ചുമക്കളും മറ്റും ചേർന്ന് ഒരു കൃതജ്ഞതാബലിയും സദ്യയും ഒരുക്കി ആഘോഷിച്ചു. വിവാഹം സ്വർഗത്തിൽ നടക്കുന്നു. (Marriage are made in heaven) എന്ന ചൊല്ലിന് വലിയ അർത്ഥമുണ്ടെന്നാണ് എന്റെ അനുഭവം. ദൈവനിശ്ചയമാണ് വിവാഹം എന്നാണല്ലോ അതുകൊണ്ടുദ്ദേശിക്കുന്നത്. എന്റേത് അങ്ങനെ ആയിരുന്നു. മാനുഷികമായി നോക്കിയാൽ എന്റെ ഭാര്യക്ക് (പ്രൊഫ. ത്രേസ്യ വല്ലവി) യോജിച്ച ഭർത്താവല്ല ഞാൻ. ബുദ്ധിയും വിവേകവും സ്നേഹവും ഉള്ള വ്യക്തിയാണ് എന്റെ ഭാര്യ. ഞാനാകട്ടെ ഈ മൂന്നു കാര്യത്തിലും വളരെ പിന്നിലാണ്. എനിക്കില്ലാത്ത ഗുണങ്ങളോടുകൂടിയ ഒരു വ്യക്തിയെ നൽകി ദൈവം തന്റെ നിശ്ചയത്തിന്റെ മഹിമ കാണിച്ചു തരികയായിരുന്നു. എന്നെപ്പോലെ തന്നെ ശുണ്ഠിയും എടുത്തു ചാട്ടവും അവിവേകവും നിറഞ്ഞ ഒരാളായിരുന്നു ഭാര്യയെങ്കിൽ ഞങ്ങളുടെ മക്കൾ എത്ര ദയനീയാവസ്ഥയിൽ ആയേനേ!

ഭാര്യയും ഭർത്താവും ഏകശരീരമാണെന്ന് ബൈബിളിൽ പറയുന്നുണ്ടല്ലോ (ഉത്പത്തി. 2:24). ഒരാളുടെ കുറവ് മറ്റേയാൾ നികത്തുന്നു. ഒരാൾക്ക് ഒരു വിഷയത്തിൽ 10 ശതമാനവും മറ്റേയാൾക്ക് 90 ശതമാനവും മാർക്ക് കിട്ടുമെങ്കിൽ, രണ്ടാളും ഒന്നാകയാൽ ആകെ 100 ശതമാനം മാർക്ക് കിട്ടുന്നു. അതാണ് ഭാര്യാഭർത്തൃബന്ധത്തിലെ ദൈവനിശ്ചയവും രഹസ്യവും! ഭാര്യ ഭർത്താവിൽ നിന്നു വേർപിരിയരുതെന്നും അവിശ്വാസിയായ ഭർത്താവ്, ഭാര്യ മുഖേനയും അവിശ്വാസിയായ ഭാര്യ ഭർത്താവു മുഖേനയും വിശുദ്ധീകരിക്കപ്പെടുന്നു എന്നും ഭർത്താവിനെ ഭാര്യയ്ക്കും, ഭാര്യയെ ഭർത്താവിനും രക്ഷിക്കാൻ കഴിയുമെന്നും പൗലോസ് ശ്ലീഹാ പറയുന്നു (1 കൊറിന്തോസ് 7:14-16). നിരപരാധികളുടെ സഹനം മറ്റുള്ളവർക്ക് രക്ഷ പ്രദാനം ചെയ്യുന്നു. എത്രയോ മാതാപിതാക്കൾ മക്കൾക്കുവേണ്ടിയും,. ഭാര്യമാർ ഭർത്താക്കന്മാർക്കുവേണ്ടിയും സഹിക്കുന്നു. അവരുടെ സഹനം ഇതരർക്കു രക്ഷയാകുന്നു!

വിവാഹത്തെയും ഭാര്യാഭർത്താക്കന്മാരെയും പറ്റി ഇറ്റാലിയൻ മിസ്റ്റിക് മരിയ വാൾതോർത്ത വഴി യേശു വെളിപ്പെടുത്തിയ ചില കാര്യങ്ങൾ ഉദ്ധരിക്കാം: "വിവാഹം സന്താനോല്പാദനത്തിനു മാത്രമല്ല സ്ത്രീയുടെയും പുരുഷന്റേയും ഉയർച്ചയ്ക്കും ആശ്വാസത്തിനും കൂടിയാണ്.

അത് സ്നേഹമാണ്. ദ്വേഷമല്ല അതിനാൽ കുടും

ബത്തലവൻ നീതിമാനായിരിക്കണം. അധികം കാർക്കശ്യമോ കരുണയോ കൂടാതെ വർത്തിക്കണം... മറ്റുള്ളവരെ ഭരിക്കാൻ പ്രവണതയുള്ള ആളുകൾ നല്ലയാളുകളുടെമേൽ ആധിപത്യം പുലർത്തും. ഹൃദയകാഠിന്യത്തിന് ദൈവം നിന്നെ ശിക്ഷിക്കും. കാരണം അത് സ്നേഹരാഹിത്യമാണ്.”

ഭാര്യ അവളുടെ ഭർത്താവിനോടും മക്കളോടും ഭൃത്യരോടും നീതി പുലർത്തുന്നവളായിരിക്കണം. അവൾ ഭർത്താവിനെ അനുസരിക്കുകയും ബഹുമാനിക്കുകയും ആശ്വസിപ്പിക്കുകയും സഹായിക്കുകയും ചെയ്യണം. പക്ഷേ പാപത്തിന് തെറ്റിന് കൂട്ടുനിൽക്കരുത്, വഴങ്ങരുത്.... അവൾ ഭർത്താവിനോട്, ക്ഷമയോടും മാതൃസഹജമായ വിധത്തിലും പെരുമാറട്ടെ. തന്റെ ആദ്യത്തെ കുട്ടി അയാളാണെന്ന് അവൾ ചിന്തിക്കട്ടെ. കാരണം സ്ത്രീ എപ്പോഴും അമ്മയാണ്. മനുഷ്യന് ക്ഷമയും വിവേകവും സ്നേഹവും കാരുണ്യവുമുള്ള അമ്മയെ ആവശ്യമുണ്ട്. ജീവിതസഖിയും അതേ സമയം ഭർത്താവിന്റെ അമ്മയും ആകുവാൻ കഴിയുന്ന സ്ത്രീ അനുഗൃഹീതയാണ്. അമ്മയായി അവൾ അവനെ പിന്താങ്ങുകയും മകളായി അവനാൽ നയിക്കപ്പെടുകയും വേണം. ഭാര്യ അധ്വാനശീലയായിരിക്കണം. ജോലി ദിവാസ്വപ്നങ്ങളെ അകറ്റുന്നു. സത്യസന്ധതയ്ക്കും പണസഞ്ചിക്കും അധ്വാനം നല്ലതാണ്. ബുദ്ധിഹീനമായ അസൂയകളാൽ ഭർത്താവിനെ പീഡിപ്പിക്കരുത്. അതുകൊണ്ട് ഒരു പ്രയോജനവുമില്ല. വിപരീത ഉണ്ടായെന്നു വരാം. ഭർത്താക്കന്മാരെ വീണ്ടും നേടിയെടുക്കാൻ പഠിക്കണം. ഒരു വികാരം അവനെ നിങ്ങളിൽ നിന്നു വേർപെടുത്തുമ്പോൾ, ചെറുപ്പത്തിൽ നിങ്ങളുടെ സൗന്ദര്യം കൊണ്ട് അവനെ കീഴ്പ്പെടുത്തിയതുപോലെ, നിങ്ങളുടെ നന്മകൊണ്ട് വീണ്ടെടുക്കണം. അങ്ങനെ ചെയ്യാൻ ശക്തി ലഭിക്കുന്നതിന്, നിങ്ങളെ നീതിരഹിതയാക്കാൻ പ്രേരിപ്പിക്കുന്ന ദുഃഖത്തെ ചെറുക്കുന്നതിന്, നിങ്ങളുടെ കുട്ടികളെ സ്നേഹിക്കുകയും അവരുടെ സുസ്ഥിതിയിൽ ശ്രദ്ധവയ്ക്കുകയും ചെയ്യുവിൻ. സ്ത്രീക്ക് എല്ലാം അവളുടെ മക്കളിലുണ്ട്. സന്തോഷമുള്ള സമയത്ത് അവർ അവൾക്ക് രാജകീയ കിരീടമാണ്. അവൾ യഥാർത്ഥത്തിൽ വീട്ടിലെ രാജ്ഞിയാണ്. ദുഃഖത്തിന്റെ സമയത്ത് തൈലം പോലെയാണ് കുട്ടികൾ. വഞ്ചനയിലോ വിവാഹജീവിതത്തിലെ മറ്റു ദുഃഖങ്ങളിലോ അവളുടെ നെറ്റി കരിയുന്നതുപോലെയും ഹൃദയത്തിൽ മുള്ളുകൾ തറയ്ക്കുന്നതുപോലെയുള്ള അനുഭവങ്ങളുണ്ടാകുമ്പോൾ കുട്ടികളാണ് ആശ്വാസതൈലം. സ്വന്തം വീട്ടിലേക്കു പോകാം അഥവാ വിവാഹമോചനം നടത്താം. അതുമല്ലെങ്കിൽ മറ്റൊരാളുടെ കൂടെ പോകാം എന്നു ചിന്തിക്കുകയാണോ? അരുത്.. നിങ്ങളുടെ മക്കൾ ഇപ്പോൾ തന്നെ വീട്ടിലെ അസ്വസ്ഥമായ അന്തരീക്ഷം നിമിത്തം നിരാശരാണ്. അവർക്ക് അവകാശപ്പെട്ടതാണ് അപ്പനും അമ്മയും വീടും. അവിടെ ഒരു സ്നേഹം നശിച്ചുപോയിട്ടുണ്ടെങ്കിൽ മറ്റേ സ്നേഹം കൂടുതൽ ജാഗ്രതയോടെ അവരെ കാത്തുരക്ഷിക്കണം. അവരുടെ നിഷ്കളങ്കമായ കണ്ണുകൾ നിങ്ങളെ നോക്കുന്നു. അവർ നിങ്ങളെ പഠിക്കുന്നു നിങ്ങൾ വിചാരിക്കുന്നതിലധികം അവർ മനസ്സിലാക്കുന്നു. നിങ്ങൾ ഒരിക്കലും മക്കൾക്ക് ഇടർച്ച വരുത്തരുത്. മറിച്ച് അവരിൽ അഭയം തേടുവിൻ. മാംസത്തിന്റെ ബലഹീനതയിലും പാമ്പുകളുടെ കെണിയിലും നിന്ന് മക്കളാകുന്ന ശക്തിയേറിയ പുഷ്പക്കോട്ടയിൽ അഭയം തേടുക. (ദൈവമനുഷ്യന്റെ സ്നേഹഗീത, വാല്യം 10, പേജ് 321-324).

വളരെ അർത്ഥവത്തായ വാക്കുകളാകയാൽ ഇത്രയും ഉദ്ധരിച്ചതാണ്. എന്റെ കാര്യത്തിലേക്കു മടങ്ങാം. എന്റെ അവിവേകവും ബുദ്ധിശൂന്യതയും മൂലം ഒട്ടേറെ നിന്ദനങ്ങളും പീഡനങ്ങളും എന്റെ പിതാവിൽ നിന്നും ചില അധ്യാപകരിൽ നിന്നും വൈദികരിൽ നിന്നും അനുഭവിക്കേണ്ടിവന്നിട്ടുണ്ട് എന്റെ അമ്മയും വല്യമ്മയും ചില അമ്മായിമാരുമാണ് കുറച്ച് സ്നേഹം എനിക്ക് നൽകിയത്. എനിക്കുണ്ടായ മുറിവുകളെ ഞാൻ സൂക്ഷിച്ചുവച്ചു വലുതാക്കുകയും പിൽക്കാലത്ത് എത്രയോ ഇരട്ടിയായി മറ്റുള്ളവർക്കു പങ്കിട്ടു നൽകുകയും ചെയ്തു. സഹോദരങ്ങൾക്കും ഭാര്യയ്ക്കും മക്കൾക്കും വിദ്യാർത്ഥികൾക്കും സഹപ്രവർത്തകർക്കും അപ്പച്ചനും അമ്മച്ചിക്കും എന്നോടു ബന്ധപ്പെട്ട എല്ലാവർക്കും തന്നെ ദുഃഖവും വേദനയും നൽകി ഞാൻ പകരം വീട്ടിയെന്നു പറയാം! അതിനെല്ലാം ഞാനിപ്പോൾ അവരെ ദൈവസന്നിധിയിൽ സമർപ്പിച്ചു മാപ്പപേക്ഷിക്കുന്നു.

ഡോ. ജോർജ് ഇരുമ്പയം
ഹോളി ഫാമിലി യൂണിറ്റ്

# ഷെവലിയർ കെ. സി. ചാക്കോ സീറോ മലബാർ സഭയുടെ പ്രകാശ ഗോപുരം



കത്തോലിക്കാ സഭക്ക് വേണ്ടി അനവധി കാര്യങ്ങൾ സംഭാവന ചെയ്ത മഹത് വ്യക്തിയും മഹാ പ്രതിഭാശാലിയും ആയിരുന്നു, ഷെവലിയർ കെ. സി. ചാക്കോ സർ. 1970-ൽ ഇടപ്പള്ളി ഫൊറോനയുടെ അംഗമായി നമ്മോടൊപ്പം ഒരുവനായി സാധാരണക്കാരിൽ സാധാരണക്കാരനായി ജീവിച്ച അദ്ദേഹത്തിന്റെ ജീവിതത്തിലേക്ക് ചെറിയ ഒരു എത്തിനോട്ടം നടത്തുകയാണ് ഇവിടെ.

വിശുദ്ധ അൽഫോൻസാമ്മ, വിശുദ്ധ ചാവറ കുര്യാക്കോസ് ഏലിയാസ് എന്നിവരുടെ ആദ്യ ജീവചരിത്ര ഗ്രന്ഥകാരൻ, ധന്യരായ രാമപുരം കുഞ്ഞച്ചൻ, മറിയം ത്രേസ്യാമ്മ തുടങ്ങി അനവധി വിശുദ്ധരുടെ ജീവചരിത്രം രചിച്ച പ്രതിഭ ആയിരുന്നു അദ്ദേഹം. ഇതിനെല്ലാം പുറമെ അനവധി ക്രിസ്തീയ ഗ്രന്ഥങ്ങളും ശാസ്ത്ര സാങ്കേതിക ഗ്രന്ഥങ്ങളും അടക്കം 150തിൽ പരം ഗ്രന്ഥങ്ങളുടെ കർത്താവണ് ചാക്കോ സർ.

ഒരു എഞ്ചിനീയർ ആയിരുന്ന അദ്ദേഹം തിരുവനന്തപുരം എൻജിനീയറിംഗ് കോളേജിന്റെ പ്രഥമ പ്രിൻസിപ്പാൾ ആയിരുന്നു. തൃശ്ശൂർ ലൂർദ്ദ് പള്ളി, കൊടുങ്ങല്ലൂർ സെയിന്റ് തോമസ് ശ്രൈൻ തുടങ്ങിയ ആരാധനാലയങ്ങളുടെ ശില്പി കൂടി ആയിരുന്നു. ഇടപ്പള്ളി പള്ളി ഒരു പാർശ്വത്തിലേക്കു വികസിപ്പിച്ചതും അദ്ദേഹത്തിന്റെ സാങ്കേതികവിദ്യ ഉപയോഗിച്ചായിരുന്നു. ഒരു രൂപ പോലും പ്രതിഫലം വാങ്ങാതെ അദ്ദേഹം ചെയ്ത സംഭാവനകളായിരുന്നു അവയെല്ലാം എന്നോർക്കുമ്പോൾ നമ്മൾ ഫ്രാൻസിസ്കൻ മൂന്നാം സഭയുടെ അഖിലേന്ത്യാ പ്രസിഡന്റിനെ നമിച്ചുപോകും.

1964 കളിലെ രണ്ടാം വത്തിക്കാൻ സൂനഹദോസിലെ ഏഷ്യയിൽ നിന്നുള്ള ഏക പ്രതിനിധി ആയിരുന്ന ചാക്കോസാറിനെ പറ്റി അദ്ദേഹത്തിന്റെ ശിഷ്യനായ ഡോ. ഡി. ബാബുപോൾ പറയുന്നത്, അഞ്ചു താലന്തുകൾ പത്താക്കി യജമാന പ്രീതി നേടിയ ബുദ്ധിമാനായിരുന്നു തന്റെ ഗുരുവായ ചാക്കോ സാർ എന്നാണ്. കേരളത്തിലെ രണ്ടു സർവ്വകലാശാലകളുടെ സ്ഥാപനത്തിനായി രണ്ട് കമ്മ്യൂണിസ്റ്റ് മന്ത്രിസഭകൾ കണ്ടെത്തിയത് കത്തോലിക്കനായ ചാക്കോസാറിനെ ആയിരുന്നു.

1978ൽ അഖില കേരള കത്തോലിക്കാ കോൺഗ്രസ് പ്രസിഡന്റ് ആയി എതിരില്ലാതെ തെരഞ്ഞെടുത്തത് അദ്ദേഹത്തെ ആയിരുന്നു. ഈ മഹത് വ്യക്തി നമ്മുടെ ഇടപ്പള്ളി ഇടവകക്കാരനായി തന്റെ ജീവിതത്തിന്റെ അന്ത്യനാളുകൾ കഴിച്ചു എന്നതിൽ നാം അഭിമാനം കൊള്ളുന്നു. കേരള കത്തോലിക്കാ സഭയുടെ പടക്കുതിരയായിരുന്നു കെ. സി. ചാക്കോ.

**പയസ് അമ്പലത്തിങ്കൽ**
സെന്റ് പീറ്റർ യൂണിറ്റ്

## പങ്കാളിയെ കണ്ടെത്തൽ

നമ്മുടെ പല കുടുംബങ്ങളിലും മക്കൾ പ്രായപൂർത്തിയായിട്ടും പങ്കാളിയെ കണ്ടെത്താനാകാത്ത അവസ്ഥയുണ്ട്. അങ്ങനെയുള്ളവരെ സഹായിക്കാൻ അവരുടെ ഒരു സംഗമം നമ്മുടെ പാരിഷ് ഹാളിൽ വച്ചു നടത്താൻ ആഗ്രഹിക്കുന്നു. നിങ്ങളുടെ കുടുംബങ്ങളിലോ, നിങ്ങൾക്കറിയാവുന്നവരുടെ കുടുംബങ്ങളിലോ ഇപ്രകാരം വിവാഹാലോചനകൾ നടക്കുന്നവരുണ്ടെങ്കിൽ ഇതിൽ പങ്കെടുപ്പിക്കാവുന്നതാണ്. വിവാഹത്തിനുള്ള മക്കളോടൊപ്പം അവരുടെ മാതാപിതാക്കൾക്കും പങ്കെടുക്കാം.

സ്ഥലം : സെന്റ് ജോർജ്ജ് പാരിഷ് ഹാൾ, ഇടപ്പള്ളി

സമയം : 2019 ഏപ്രിൽ 7 ഞായർ 3 PM – 5 PM



# ദൈവത്തിന്റെ മുഖം

ഹൃദയം സ്നേഹത്തിന്റെയും തിരുഹൃദയം ദൈവസ്നേഹത്തിന്റെയും, ദൈവസ്നേഹം കരുണയുടെയും അടയാളമാണ്. കരുണയാകട്ടെ, ദൈവത്തിന്റെ മുഖവും. ഈ മുഖം നാം ഈശോയിൽ കാണുന്നു. ഈശോ നമ്മുടെ ഓരോരുത്തരുടെയും ജീവിതത്തിലേക്ക് കടന്നുവന്ന് അവിടുത്തെ മുഖവും ഹൃദയവും നമുക്കു നൽകുവാൻ ആഗ്രഹിക്കുന്നു. ഈശോയുടെ ഹൃദയം നമ്മിൽ വളരുമ്പോഴാണ് നാം ഈശോയുടെ സ്നേഹത്തിന്റെ അടയാളങ്ങളായിത്തീരുന്നത്.

ഈശോയുടെ തിരുഹൃദയത്തിന് പ്രത്യേകം പ്രതിഷ്ഠിതമാണ് ജൂൺ മാസം. 'ലോകത്തിന്റെ അവസാനം വരെയല്ല, സ്നേഹത്തിന്റെ അവസാനം വരെ' നമ്മെ സ്നേഹിച്ച് ഗാഗുൽത്തായിലെ പരമയാഗത്തിൽ കുരിശിൽ കിടന്ന് അവസാന തുള്ളി രക്തം വരെ നമുക്കായി ചിന്തിയ യേശുക്രിസ്തുവിന്റെ നമ്മോടുള്ള സ്നേഹത്തിന്റെ ഉന്നതവും ഉദാത്തവുമായ പ്രതീകമാണ് തിരുഹൃദയം. ദൈവവും മനുഷ്യനുമായ അവിടുത്തേയ്ക്ക് മനുഷ്യരോടുള്ള അനന്ത സ്നേഹത്തിൽ എല്ലാ അതിർവരമ്പുകളും വലിച്ചെറിഞ്ഞ് കുരിശിൽ ചെന്നവസാനിക്കുന്ന കാഴ്ചയാണ് സ്നേഹോജ്വലമായ ആ തിരുഹൃദയത്തിൽ നമുക്കു കാണുവാൻ സാധിക്കുന്നത്.

യേശുവിന്റെ പിളർക്കപ്പെട്ട ഹൃദയം അവിടുന്ന് നമുക്ക് രക്ഷയായി തീർന്നതിന്റെ അടയാളമാണ്. അപരനുവേണ്ടി നമ്മുടെ ഹൃദയം മുറിവേൽക്കുന്നുണ്ടെങ്കിൽ നാമും ലോകത്തിന്റെ രക്ഷയുടെ ഉപകരണങ്ങളായി മാറും.

പരമ്പരാഗതമായ തിരുഹൃദയഭക്തിയുടെ ഭാഗമായി അനുഷ്ഠിച്ചുവരുന്ന അനുഷ്ഠാനങ്ങളെക്കാൾ, കൂടുതൽ പിളർക്കപ്പെട്ട ഈശോയുടെ ഹൃദയത്തിന്റെ ആർദ്രത, സ്നേഹം, വിശ്വസ്തത, ശാന്തത മുതലായ ഭാവങ്ങൾ നാം സ്വന്തമാക്കുകയാണ് വേണ്ടത്. അപ്പോഴാണ് അപരന്റെ സുസ്ഥിതിയിലും അഭിവൃദ്ധിയിലും ആനന്ദിക്കുവാനും അവന്റെ തേങ്ങലുകളിലും, നൊമ്പരങ്ങളിലും ഉൾച്ചേർന്നുകൊണ്ട് ദൈവത്തിന്റെ മുഖം സ്വന്തമാക്കുവാനും നമുക്കാകുക. ഏവർക്കും തിരുഹൃദയത്തിരുനാളിന്റെ ആശംസകൾ.

സി. ജെയിൻ മേരി C.P.S.


## Sahada Advertisement Tariff



Size Color - 23x18cm (Full Page)
Back Cover - Rs. 5000, Back Inner, Front Inner-4500
Centre Spread 2 Pages - Rs. 5000/-
Single Page - Rs. 2000, Half Page - Rs. 1000
Cheque may be drawn in favour of
Parish Bulletin (Sahada) St. George Forane Church, Edappally
പരസ്യങ്ങൾ parishbullettinsahada@gmail.com ലേക്ക് അയക്കുക.
Advertisement payment can be made by credit to Federal Bank, Edappally branch,
A/c No. 11840100266069 of Parish Bulletin (Sahada), St. George Church, Edappally
IFSC FDRL0001184



# കുട്ടികളുടെ സ്വഭാവരൂപവത്ക്കരണത്തിൽ മാതാപിതാക്കളുടെ പങ്ക്

മക്കളുടെ സ്വഭാവരൂപവത്ക്കരണത്തിൽ മാതാപിതാക്കളുടെ കരുതലിനും സ്നേഹത്തിനും സംരക്ഷണത്തിനും നിർണ്ണായകമായ പങ്കുണ്ട്. മാതാപിതാക്കളുടെ കരുതലും സ്നേഹവും അനുഭവിച്ച് വളരുന്ന കുട്ടികൾ ആത്മവിശ്വാസവും പക്വതയും പ്രകടിപ്പിക്കുമെന്നും ജീവിതവിജയം കരസ്ഥമാക്കുമെന്നും മനഃശാസ്ത്രപഠനങ്ങളിലൂടെയും നമ്മുടെ തന്നെ അനുഭവങ്ങളിലൂടെയും തെളിയിക്കപ്പെട്ടിട്ടുണ്ട്. എന്നിരുന്നാലും ഇന്നത്തെ അണുകുടുംബങ്ങളിലെ ജീവിതസാഹചര്യങ്ങളും ശൈലികളും ശൈഥില്യങ്ങളും കുട്ടികളിലുണ്ടാക്കുന്ന സ്വഭാവ വൈകല്യങ്ങളെക്കുറിച്ചുള്ള അവബോധം നമ്മുടെ സമൂഹത്തിന് ഉണ്ടാകേണ്ടതുണ്ട്. ഈ തിരിച്ചറിവിന്റെ അഭാവം യാന്ത്രികമായ ഒരു തലമുറയ്ക്ക് രൂപം കൊടുക്കുകയും അത് നമ്മുടെ സാമൂഹ്യചുറ്റുപാടുകൾക്കും മാനുഷീക മൂല്യങ്ങൾക്കും ആപത്ക്കരമാകുകയും ചെയ്തേക്കാം.

അച്ഛനും അമ്മയ്ക്കും താലോലിക്കാൻ ഒരു കുഞ്ഞ്. ഒരു പടികൂടി കടന്നാൽ രണ്ട് കുഞ്ഞുങ്ങൾ. ആർഭാടവും ആഹ്ലാദവും നിറഞ്ഞ സൗകര്യപ്രദമായ ജീവിതത്തിന് അതാണ് ഉത്തമം എന്നാണ് സമൂഹത്തിന്റെ ചിന്താഗതി. ഈ മക്കളുടെ നന്മ മാത്രം കാണുന്ന മാതാപിതാക്കൾക്ക് പലപ്പോഴും തങ്ങളുടെ വളർത്ത് രീതികളിലെ ഗുണദോഷങ്ങൾ തിരിച്ചറിയാൻ കഴിയാതെ പോകുന്നു. കുട്ടികളുടെ നല്ല ഭാവിക്കായി അഹോരാത്രം യത്നിക്കുന്ന നമ്മുടെ മാതാപിതാക്കൾക്ക് കുട്ടികളുമായി സമയം പങ്കിടാൻ സാധിക്കാറുണ്ടോ? ഇത്തരം കുട്ടികൾ തങ്ങളുടെ സമയത്തിന്റെ സിംഹഭാഗവും, ടി.വി., വീഡിയോ ഗെയിം, ഇന്റർനെറ്റ്, മൊബൈൽ ഫോൺ എന്നിവയിൽ മുഴുകുന്നു. ഇത്തരം മാധ്യമങ്ങളുടെ സ്വാധീനവും ദൂഷ്യഫലങ്ങളും എത്രയോ വട്ടം ചർച്ചകൾക്ക് വിധേയമായിട്ടുണ്ട്. എങ്കിലും പുതുതലമുറയിലെ മാതാപിതാക്കൾക്ക് അതാണ് അഭികാമ്യമായി തോന്നുക. വായനയ്ക്കും കളികൾക്കും സൗഹൃദങ്ങൾക്കും ഇന്ന് എവിടെയാണ് സമയം? നിനക്ക് നിന്റേത്, എനിക്ക് എന്റേത് എന്ന ചിന്തയുമായി സ്വയം ഉൾവലിയുന്ന പുതുതലമുറയിലെ കുട്ടികൾക്ക് പങ്കുവയ്ക്കലിന്റെ സാമൂഹ്യപാഠം മനസ്സിലാകുന്നില്ല.

മാതാപിതാക്കളുടെ അമിതമായ വാത്സല്യം കുട്ടികളുടെ എതാഗ്രഹങ്ങൾക്കും പരിധി നിശ്ചയിക്കാതെ നിവർത്തിക്കാൻ അവരെ നിർബന്ധിതരാക്കുന്നു. ഫലമോ, ലൗകീകസുഖങ്ങൾക്ക് പുറകേ പോകുന്ന ഒരു പുതുസമൂഹത്തിന്റെ ഉദയവും.

അമിതമായ വാത്സല്യത്തോളം അപകടമാണ് ആജ്ഞകളും. മാതാപിതാക്കളുടെ കാർക്കശ്യവും ആജ്ഞ

കളും കുട്ടികൾ അനുസരിച്ചെന്ന് വരും. പക്ഷെ കഠിനമായ ശിക്ഷകൾ കുട്ടികളെ മാതാപിതാക്കളിൽ നിന്നകറ്റുകയും വെറുപ്പും വിദ്വേഷവും അവരുടെ മനസ്സുകളിൽ രൂഢമൂലമാകുകയും ചെയ്യും.

"ശിക്ഷണം ലഭിക്കാത്ത പുത്രൻ തന്നിഷ്ടക്കാരനാകും" എന്ന ബൈബിൾ വചനത്തിലെ "ശിക്ഷണം" ശിക്ഷയായി വ്യാഖ്യാനിക്കപ്പെടരുത്. ശിക്ഷണമെന്നത് മാർഗ്ഗനിർദ്ദേശങ്ങളും മാതൃകകളും സ്നേഹത്തോടെയുള്ള തിരുത്തലുകളുമാകാം.

മാതാപിതാക്കൾ നൽകുന്ന മാതൃകകളാണ് ശിക്ഷണത്തിന്റെ കാതൽ. പരസ്പരമുള്ള ബഹുമാനം, പഴയ തലമുറയോടുള്ള വിധേയത്വം എന്നിവ മാതാപിതാക്കളുടെ ആശയവിനിമയത്തിന്റെ ഭാഗമാകണം. ദുശ്ശീലങ്ങൾ ദുർമാതൃകകളാണ്, തങ്ങളുടെ പ്രവൃത്തികളിലൂടെ മാതാപിതാക്കൾ സത്യസന്ധതയും സുതാര്യതയും കുട്ടികളുടെ മുൻപിൽ പ്രകടമാക്കണം.

കുട്ടികളുടെ കാര്യങ്ങളിൽ ഇടപെടേണ്ടതില്ല എന്ന ചില മാതാപിതാക്കളുടെ സമീപനവും ശരിയല്ല. കുട്ടികളുടെ ഓരോ ദിവസത്തേയും പ്രവർത്തനങ്ങൾ വിലയിരുത്തി അവർക്ക് വേണ്ട പ്രോത്സാഹനങ്ങളും തിരുത്തലുകളും നൽകേണ്ടത് മാതാപിതാക്കളല്ലാതെ മറ്റാരാണ്? കുട്ടികളുടെ സൗഹൃദങ്ങൾ, പ്രത്യേകിച്ച് ചീത്ത കൂട്ടുകെട്ടുകൾ, മനസ്സിലാക്കാൻ മാതാപിതാക്കൾ വ്യഗ്രത കാട്ടണം.

കുട്ടികളുടെ ആത്മവിശ്വാസത്തിന്റെ ഉറവിടം മാതാപിതാക്കളുടെ പ്രോത്സാഹനമാണല്ലോ. കുട്ടികളുടെ ജിജ്ഞാസ, ഉത്കണ്ഠ എന്നിവ പരിഗണിക്കേണ്ടതും പരിഹാരം തേടേണ്ടതും മാതാപിതാക്കളല്ലേ?

സമൂഹത്തിലെ ക്രിയാത്മകമായ ഇടപെടൽ, സംഘടനാ പ്രവർത്തനങ്ങൾ, സേവന പ്രവർത്തനങ്ങളിലെ പങ്കാളിത്തം എന്നിവ കാര്യങ്ങൾ ഏറ്റെടുക്കാനും കാര്യക്ഷമമായി പൂർത്തീകരിക്കാനും കുട്ടികൾക്ക് കഴിവ് നൽകുന്നു. അതുകൊണ്ടു തന്നെ ഇത്തരം പ്രവർത്തനങ്ങളിൽ കുട്ടികളുടെ പങ്ക് ഉറപ്പുവരുത്തേണ്ടത് ഓരോ മാതാപിതാക്കളുടേയും കടമയാണ്.

"ഒരുവൻ ലോകം മുഴുവൻ നേടിയാലും ആത്മാവിനെ നഷ്ടപ്പെടുത്തിയാൽ അവന് എന്ത് പ്രയോജനം." അതിനാൽ കുട്ടികളുടെ വിശ്വാസപരിശീലനവും പരമപ്രധാനമാണ്. വിശ്വാസം, പ്രത്യാശ, സ്നേഹം എന്നീ പുണ്യങ്ങൾ കുടുംബത്തിൽ മക്കൾ പരിശീലിക്കണം. ദൈവം തന്ന 'താലന്തു'കളെ ദൈവമഹത്വത്തിനായി ഉപയോഗിക്കാൻ നമ്മുടെ കുട്ടികൾ പ്രാപ്തരാകണം. പാവപ്പെട്ടവരെയും ബലഹീനരെയും അവഗണിക്കാതെ പരിഗണിക്കാനും തനിക്കുള്ളത് ഇല്ലാത്തവരുമായി പങ്കുവയ്ക്കുവാനും, തങ്ങളുടെ മാതാപിതാക്കളെ വൃദ്ധസദനങ്ങളിൽ തള്ളാതെ ആ ബാധ്യത സന്തോഷത്തോടെ ഏറ്റെടുക്കാനും കഴിയുന്ന ഒരു പുതുസമൂഹത്തിനായി കുട്ടികളുടെ സ്വഭാവരൂപവല്ക്കരണം ഗൗരവത്തോടെ മാതാപിതാക്കൾ ഏറ്റെടുത്തേ മതിയാകൂ. വിശുദ്ധിയിലേക്കുള്ള വളർച്ചയും ആത്മാവിൽ രക്ഷയും പ്രാപിക്കാൻ നമ്മുടെ കുട്ടികൾക്ക് കഴിയട്ടെ. മാതാപിതാക്കൾ പരസ്പരം വിട്ടുവീഴ്ച ചെയ്ത് മക്കൾക്കായി ശൂന്യരാക്കപ്പെടട്ടെ. എല്ലാം നന്നായി പരിണമിക്കട്ടെ.

ഷിൻസി ജെയ്മോൻ
ലൂർദ്ദ് മാതാ യൂണിറ്റ്

# അറിയിപ്പുകൾ

സഹദ പാരീഷ് ബുള്ളറ്റിനിലേക്ക് രചനകൾ, സംഘടനകളുടെ റിപ്പോർട്ടുകൾ, കുടുംബയോഗ വിവരങ്ങൾ എന്നിവ നൽകുന്നവർ പഴയ പള്ളിയുടെ വലതുവശത്തായി (വെഞ്ചരിപ്പ് നടക്കുന്ന സ്ഥലത്തിനടുത്ത്) പ്രത്യേകമായി വെച്ചിരിക്കുന്ന സഹദ ബുള്ളറ്റിൻ ബോക്സിൽ നിക്ഷേപിക്കുക. രചനകൾ, റിപ്പോർട്ടുകൾ എന്നിവ പ്രസിദ്ധീകരണത്തിന് ഒരു മാസം മുമ്പെങ്കിലും നൽകുവാൻ പ്രത്യേകം ശ്രദ്ധിക്കുക. ലേഖനങ്ങൾ രണ്ടു പേജിൽ കവിയരുത്.

യൂണിറ്റ് മീറ്റിംഗുകൾ നടക്കുന്ന ഭവനങ്ങളുടെ പേരുവിവരങ്ങൾ പള്ളിയുടെ ഡയറിയിൽകൂടി എഴുതി ചേർക്കുക. വാർഷിക മീറ്റിംഗുകൾ ഒരു ദിവസം ഒന്നു മാത്രമേ ആകാവുള്ളൂ എന്നു കൂടി ശ്രദ്ധിക്കുക.

# ദിവ്യകാരുണ്യ ഉപാസകൻ

പമ്പയാറ്റിൻ തീരത്ത് കുര്യാളകുടുംബത്തിൽ
ഏവർക്കും പൊന്നോമലായ് കുഞ്ഞൊന്നു ഭൂജാതനായ്
നന്മകൾ നിറഞ്ഞിടും ശൈശവബാല്യകാലം
പിന്നിട്ടു കുഞ്ഞുതോമാ കൗമാരപ്രായമായി
തന്നുള്ളിൽ മൊട്ടിട്ട പാവനമായ മോഹം
തൻ പ്രിയതാതയെയും ദൃഢമായ് അറിയിച്ചു.
വിതുമ്പും മനസ്സുമായി തന്നോമൽ കുമാരനെ
ദൈവവേലയ്ക്കായ് താത് സാദരം സമർപ്പിച്ചു
റോമെന്ന പുണ്യനാട്ടിൽ വിശുദ്ധനഗരിയിൽ
പഠനത്തിലും പിന്നെ ഭക്തിയിലും മുഴുകി
കൊച്ചു പുണ്യവാനായ് സഹജർക്കിടയിലും
ഗുരുക്കൾക്കിടയിലും തോമാച്ചൻ വളരുന്നു
വന്നെത്തി പുണ്യദിനം സുന്ദരമായ ദിനം
വന്ദ്യപുരോഹിതനായ് ശുശ്രൂഷ ഏറ്റെടുത്തു.
മരിയഭക്തിയിലും, കാരുണ്യനിറവിലും
അനുദിനം വളർന്ന് നാഥനു സാക്ഷിയായ്.

സ്വർഗ്ഗത്തിൽ മാലാഖമാർ ദൈവത്തെ സ്തുതിക്കുന്ന
സുന്ദരമായ കാഴ്ച ഉൾക്കണ്ണാൽ കണ്ടു തോമാ
ഭൂമിയിൽ ഇങ്ങനെയും ദൈവത്തെ സ്തുതിക്കുന്ന
മാലാഖവൃന്ദങ്ങളെ സ്വപ്നത്തിൽ ദർശിച്ചു താൻ
ദൈവത്തിൻ കൃപയാലെ മോഹങ്ങൾ പൂവണിഞ്ഞു

ആരാധനാതൻ മലർ വിരിഞ്ഞു സുകൃതത്താൽ
ത്യാഗത്തിൻ വഴിയായതിൽ പ്രവചന പൂർത്തിയായ്
ശ്രേഷ്ഠപുരോഹിതനായ് അഭിഷിക്തനായ് തോമാ

പെൺപള്ളിക്കൂടങ്ങളും സ്ത്രീസമുദ്ധാരണവും
നടപ്പിൽ വരുത്തി തൻ നാടിന്റെ വളർച്ചയ്ക്കായ്
ഒരു നാളിൽ യാത്രാവേളേ ദീനരോദനം കേട്ടു
വത്സലതാതൻ വേഗം ചെന്നു ആ കുഞ്ഞുവീട്ടിൽ
രോഗത്താൽ ക്ലേശിക്കുന്ന ആ സാധുമനുഷ്യനിൽ
ഈശോയെ കണ്ടുകൊണ്ട് ശുശ്രൂഷ ആരംഭിച്ചു.
ഇങ്ങനെ പലവിധം താതന്റെ ശുശ്രൂഷകൾ
ഏറ്റുവാങ്ങുവാൻ ഭാഗ്യം സിദ്ധിച്ച ജനങ്ങളും

അജഗണത്തിൻ നല്ല ഇടയനായിക്കൊണ്ട്
കർമ്മധീരതയോടെ സേവനം കാഴ്ച വച്ചു
ദിവ്യകാരുണ്യത്തിന്റെ ഉപാസകനായ്ത്തീർന്ന്
സ്നേഹവും കാരുണ്യവും ആവോളം പകുവച്ചു.
സോദരസ്നേഹത്തിന്റെ ചാലുകൾ തെളിയിച്ച്
ദിവ്യനാഥനിൽ താതൻ വിലയം പ്രാപിച്ചല്ലോ.
വത്സലതാത വാഴ്ക എന്നുമെന്നെന്നും വാഴ്ക
തൂകണേ കൃപകളും വരങ്ങളും ഞങ്ങൾക്കെന്നും.

സി: അൻസ പുതുശ്ശേരി SABS

* ദിവ്യകാരുണ്യ ആരാധനാ സന്യാസിനി സമൂഹത്തിന്റെ സ്ഥാപകനായ ധന്യൻ - മാർ തോമസ് കുര്യാളശ്ശേരി പിതാവിന്റെ വിശുദ്ധ ജീവിതത്തിന്റെ ഏടുകളിൽ നിന്ന്

## വി. കുർബാന സമയം ഇടവക ദേവാലയത്തിൽ

| | |
|---|---|
| തിങ്കൾ - വ്യാഴം, ശനി | 6.00 am, 7.00 am, 6.00 pm |
| വെള്ളി | 6.00 am, 7.00 am, 12.30 pm, 6.00 pm |
| ആദ്യവെള്ളി | 5.45 am, 7.00 am, 9.00 am, 10.30 am, 12.00 noon (Latin), 3.30 pm, 5.00 pm, 7.30 pm |
| ഞായർ | 5.45 am, 7.00 am, 8.45 am, 10.15 am, 4.30 pm (English), 5.30 pm, 7.30 pm |
| മൂന്നാം ഞായർ | 2.00 pm ബധിര - മൂകർക്ക് പഴയപള്ളിയുടെ വലതുവശം |
| ശനി | 6.45 am ന് നിത്യസഹായ മാതാവിന്റെ നൊവേന |



# Kumaroth Stores

Market Road, Edappally, Opp : Traffic Police Station

## KEY DUPLICATING CENTRE








- Office Stationery
- DTDC Courier
- One Minute Photo
- Colour Photostat & Internet
- Computer Stationery
- Electronics
- Spiral Binding
- Lamination
- Seal

Ph : 9895041697
0484·4051697
9020406396


Where happily ever
after Begins!
Holiday Inn
AN IHG HOTEL
COCHIN
For more details contact +91 8129 490011|+91 8129 80 4468
Mail me at sales@holidayinncochin.com | jibin.joy@holidayinncochin.com










**Amenities & Services:**

- Inbuilt LCD screens and projectors
- High speed internet
- Conference rooms
- Event management services
- Multi cuisine speciality restaurants
- Theme coffee breaks
- IHG Business Rewards
- State of art AV facility
- Full service meetings & video conferencing
- Comfortable work space
- Flexible banquet and convention space
- Experienced staff
- Jacuzzi ,steam and sauna
- Swimming pool
- Gymnasium

**HOLIDAY INN COCHIN**
33/1739 A,Chakkaraparambu Junction,National Highways By Pass,Vennala, Cochin, India
Direct Line: +91 484 4199000, 0484 6649000
Toll Free: 1800 1033 066, +91 124 4551212

Holiday Inn
AN IHG HOTEL
COCHIN



*Take a break that gives you more.*

With a guaranteed 10% off your stay, daily buffet breakfasts and 2,000 IHG® Rewards Club bonus points every night, it's the perfect time to get more from your break.

Holiday Inn
AN IHG HOTEL

BOOK NOW >

Valid for bookings before 28 Feb, for stays until 31 Mar '19




ONE STOP SOLUTION
FOR ALL YOUR
BUILDING NEEDS


C.K. BIRLA GROUP




ഹോസ്പിറ്റ
സ്കൂൾ
വീടുകൾ
എന്നിവയു
പാർട്ടീഷനുക
ഉത്തമം

- Sound and Noise Insulation
- High - Wind Resistance
- Better Thermal Insulation
- Light Weight
- High Impact Strength









JER

# ഇനി നിർമ്മാണം നടക്കും

# അതിവേഗം!

**എല്ലാ കൺസ്ട്രക്ഷനുകൾക്കും തികച്ചും അനുയോജ്യമായ**

**ബിർള എയറോകോൺ ലൈറ്റ് വെയ്റ്റ് പാനൽസ്.**



ഇന്നത്തെ സമയ ബന്ധിതമായ ആധുനിക നിർമ്മാണങ്ങൾക്ക് പരമ്പരാഗത നിർമ്മാണ രീതികളും, മെറ്റീരിയലുകളും മതിയാകില്ല. നിങ്ങൾക്ക് വേണം ഗുണ മേന്മയിലും ഈടുനിൽപ്പിലും മികവുറ്റ, സമയലാഭമേകുന്ന എയറോകോൺ ലൈറ്റ്-വെയ്റ്റ് പാനലുകളും ബിൽഡിംഗ് മെറ്റീരിയലുകളും. ഇനി സ്വപ്ന ങ്ങൾക്കൊപ്പം വാനോളം ഉയരട്ടെ ഓരോ അംബരചുംബികളും അതിവേഗം.

ൽ

s
ർക്ക്

•ഇഷ്ടികയും സിമന്റും മണലുമില്ലാതെ ഉറപ്പേറിയ വീടുകൾ ചുരുങ്ങിയസമയത്തിൽ ❖ 2 ഇഞ്ച് ഘനം, അടി വീതിയിൽ, 8,9,10 അടി നീളങ്ങളിൽ ലഭ്യം ❖ പ്ലാസ്റ്ററിംഗ് ആവശ്യമില്ല ❖ ഗ്ലാസ് ഫിനിഷിംഗ് ഉള്ള ിത്തികൾ നൽകുന്നു ❖ പുറമെ പെയിന്റിംഗ് ചെയ്യാം ❖ തൊഴിലാളി ലഭ്യത, നിർമ്മാണ ചെലവ് പ്രശ്ന ങ്ങൾ കുറയ്ക്കാം ❖ കൂടുതൽ കാർപ്പെറ്റ് ഏരിയ ലഭിക്കുന്നു ❖ ബാത്ത് റൂം പ്ലംബിംഗ്, ഇലക്ട്രിക്കൽ- ടൈൽ വർക്കുകൾ ഈസിയായി ചെയ്യാം ❖ ലൈറ്റ്-വെയ്റ്റായതിനാൽ കോൺക്രീറ്റ് തട്ടിനു മുകളിൽ അനായാസം പാർട്ടീഷൻ ചെയ്ത് ജി.ഐ. റൂഫിനൊപ്പം രണ്ടാം നിലയോ, മൂന്നാം നിലയോ തയ്യാറാക്കാം.







**PARTITIONS • PREFAB STRUCTURES • MEZZANINE FLOORS**

**RRY & CO**

Indira Road, Edappally, Cochin-24. Ph: 0484-2349290
Mob: 9446519290. E-mail: kojohny@rediffmail.com
Web:www.jerryandco.in




കുടിൽ തൊട്ട്
കൊട്ടാരം വരെ
പ്രകാശമേകാൻ...

# പോപ്പുലർ® കാൻഡിൽസ്

Edappally, Kochi -24. Ph : 0484 2575015, 2575016
www.popularcandles.com

**ഇന്ത്യയിലെ പ്രമുഖ മെഴുകുതിരി നിർമ്മാതാക്കൾ**

# Wedding Wishes

16 February 2019



**Tenin J Pulikunnel**

S/o Mr. P T Joseph & Thresiama Joseph,
Pulikunnel House Edapally

**Sona Baby**

D/o Mr. Baby P V & Nelly Baby,
Pynadath House, Parappuram, Kanjoor.



# SPECIAL OFFER 2019

## ₹ 235

### WELCOME DRINK FRESH (LIVE)

AVIL MILK
KULUKI SARBATH
WATER MELON PUNCH
MINT LIME, GRAPE
PAPPAYA, ORANGE
SHAMAM,MUSAMBI

### BREADS

PALAPPAM LIVE
PATHIRI
RUMAIL ROTTI

### MAIN COURSE

BIRIYANI RICE
CHICKEN VARUTHARACHATHU
BEEF COCONUT
PANEER BUTTER MASALA
VEG.LAYS

### LIVE DOSA WORLD

MASALA DOSA
GHEE DOSA
OOTHAPPAM
THATTU DOSA
CHICKEN DOSA

### KAPPA+FISH

SALAD (4TYPES)
ROUND SALAD
KOTHU SALAD
GREEN SALAD

PICKLES

UPPILITTATHU

### LIVE TEA

TEA
COFFEE
LIME TEA
PUDINA TEA
MASALA TEA

### DESSERT

ICE CREAM
CARROT HALWA

### MINERAL WATER

## ₹ 250

### WELCOME DRINK FRESH (LIVE)

WATER MELON
PINEAPPLE
PAPPAYA
FRESH LIME

### MAIN COURSE

PALAPPAM
BEEF STEW
VEG.STEW
CHICKEN DRAGON
KERALA RICE
FISH VATTICHATHU
DUCK VARUTHARACHATHU
BEEF ULARTH
MANGO CURRY
4 TYPE THORAN
CHEMMEEN PODI
CHILLY PAPPADAM
SALAD
PICKLE

### THATTUKADA

KAPPA & FISH VATTICHATHU

### DESSERT

ICE CREAM


*A day to Remember in Life*

**Classic Events**

Edappally North, Kochi - 24, Ph: 9846098862

Catering, Stage Decoration, Stage Show, Travels, Beautician, Photography & Videography



# പ്രളയാനന്തരം

(സഹദ സാഹിത്യമത്സരത്തിൽ ചെറുകഥ വിഭാഗത്തിൽ നിന്നും)

പുതിയ പുലരിയും പുതിയ കിളിനാദങ്ങളും, വീണ്ടും പച്ചപ്പ് ഭൂമിയെ ആവരണം ചെയ്യുന്നു. ഞാൻ എന്റെ ചിന്തയുടെ ലോകത്തു നിന്നും ഉണരുവാൻ സമയമായി. ഓരോ കാലത്തും മനുഷ്യനെ പിടിച്ചുലച്ച സംഭവങ്ങൾ ഉണ്ടായിട്ടുണ്ട്. പിന്നിട്ട അനുഭവങ്ങളിലൂടെ കൂടുതൽ കരുത്ത് ആർജിക്കണം.

ഞാൻ എപ്പോഴാണ് ചിന്തയുടെ ലോകത്തു നിന്ന് ഉണർന്നതെന്നറിഞ്ഞില്ല. കാർ ഇടവഴിയും പിന്നിട്ട് തന്റെ പഴയ തറവാട്ട് മുറ്റത്ത് എത്തി. വർഷങ്ങൾക്കുശേഷമുള്ള തിരിച്ചുവരവ് എല്ലാം അസ്തമിച്ചു എന്ന് കരുതിയെങ്കിലും ഇപ്പോൾ മനസ്സിന് വല്ലാത്ത ഒരു ആശ്വാസം. താൻ പണ്ട് കളിച്ചു വളർന്ന നാട്ടിൻപുറം, തെങ്ങിൻ തോപ്പുകൾ. പുഴ വല്ലാതെ വറ്റിവരണ്ടെങ്കിലും ചെറിയ പുൽനാമ്പുകൾ ഉയർന്നു നിൽക്കുന്നുണ്ട്. പഴയ നെൽവയലുകൾ കുറെയൊക്കെ നഷ്ടമായെങ്കിലും, പുതിയ കൃഷികൾ ആരംഭിച്ചു. തന്റെ പ്രിയകൂട്ടുകാരിയെ ഒന്നു കാണണം. ഇതെന്റെ രണ്ടാം ജന്മാണെന്ന് അവൾ അറിഞ്ഞിട്ടുണ്ടാവില്ല. തന്റെ ജീവിതത്തെ ഒന്നാകെ കാർന്നു തിന്നാൻ ആർത്തിപൂണ്ട ആ മഹാരോഗത്തെ മനശക്തികൊണ്ടും ചികിത്സകൊണ്ടും കീഴ്പ്പെടുത്തി. താൻ ഇതാ തന്റെ ലോകത്തേയ്ക്ക് തിരികെ വന്നിരിക്കുന്നു. നഷ്ടസ്വപ്നങ്ങളും വിങ്ങലുകളും തന്റെ ജീവിതത്തെ കരുത്തുറ്റതാക്കി. ഞാൻ ചെല്ലുമ്പോൾ അവൾ മുറ്റത്തു തന്നെ ഉണ്ടായിരുന്നു. ചെടികളോടെന്തോ സംസാരിക്കുന്നുണ്ട്. മൊട്ടിട്ട റോസച്ചെടിക്ക് വെള്ളമൊഴിക്കുകയാണ്. എന്റെ കാൽ പെരുമാറ്റം കേട്ടിട്ടാവണം. അവൾ മെല്ലെ തല ഉയർത്തി. വർഷങ്ങൾക്കുശേഷമുള്ള ആ കണ്ടുമുട്ടൽ, ഞങ്ങളെ വല്ലാതെ വിസ്മയിപ്പിച്ചു. അവളുടെ അമ്മ തീരെ അവശയായി കിടപ്പിലാണ്. സ്വരം കേട്ടപ്പോൾ അമ്മ വിശേഷം തിരക്കി. കാഴ്ച മങ്ങിയെങ്കിലും ആ മുഖത്ത് ഒരു ചിരി പടർന്നു. അമ്മയുടെ ക്ഷീണിച്ച കൈത്തണ്ടയിൽ വിരലോടിച്ചപ്പോൾ എന്റെ കണ്ണു നിറഞ്ഞുപോയി. എത്രയോ പ്രാവശ്യം ആ കൈകൊണ്ട് തനിക്ക് പഴങ്ങളും, ബിസ്കറ്റും ചായയുമൊക്കെ വിളമ്പി, ഞങ്ങളുടെ ഇണക്കങ്ങളും പിണക്കങ്ങളും നോക്കി സന്തോഷിച്ചിരുന്ന അമ്മ ഇന്ന് ഒരു പ്രളയത്തിന്റെ അവസാനം കാത്ത് കിടക്കുകയാണ്. എല്ലാ പ്രളയത്തിനുശേഷവും ഒരു ഉയിർപ്പാണ്, കറുത്തിരുണ്ട സന്ധ്യ കഴിഞ്ഞാൽ പുലരിയുടെ പൊൻവെളിച്ചം നാമെടുക്കണം. ഞങ്ങളുടെ അയൽക്കാരനായിരുന്ന കേശവന്റെ മകൻ ഇന്ന് പഠിച്ച് വലിയ ഡോക്ടറായി, ആ നാട്ടിൽ തന്നെ സേവനം ചെയ്യുന്നു. കേശവന്റെ ഇളയമകൻ ഇപ്പോഴും കൃഷിക്കാരൻ തന്നെ, നാണുവിന്റെ മകൾ ഇപ്പോൾ ദുബായിലാണ്. ഗോമതിക്ക് ഇപ്പോഴും പശുവളർത്തൽ തന്നെ, അങ്ങനെ നാട്ടുവിശേഷങ്ങളും വീട്ടു വിശേഷങ്ങളും പറഞ്ഞ് ഞങ്ങൾ കുറെ സമയം ഇരുന്നു. പിന്നിൽ നിന്നു മോന്റെ വിളികേട്ടപ്പോഴാണ് തിരികെ പോകാൻ സമയമായല്ലോ? എന്ന് ഓർത്തത്. ഞാൻ എന്റെ കഥകൾ കുറെയൊക്കെ അവൾക്ക് പറഞ്ഞുകൊടുത്തു. ഇനിയും കാണാം എന്ന് പറഞ്ഞ് ഞങ്ങൾ പിരിഞ്ഞു. തിരികെ വീട്ടിലെത്തിയിട്ടും തന്റെ ഓർമ്മകൾ, പഴയ ആ നാട്ടിൻപുറവും, അതിന്റെ ഓർമ്മകളും തന്നെ പിന്നിലോട്ട് വലിച്ചു. ഒരിക്കൽ ഒരു വേനലവധിക്കാലം ഞങ്ങളുടെ വീട്ടിലെ നായ് കാല് വഴുതി പൊട്ട കിണറ്റിൽ വീണു. പട്ടിയുടെ കരച്ചിൽ കേട്ട് ചെന്നു നോക്കിയപ്പോൾ, വെള്ളം കുറവാണ് പക്ഷേ രക്ഷപെടുത്താൻ പറ്റുന്നില്ല. നല്ല ആഴമാണ്. അവസാനം കയറിൽ കുട്ട കെട്ടിയിറക്കിയാണ് രക്ഷപെടുത്തിയത്. വരൾച്ചയുടെ നാളിൽ അയൽപക്കത്തെ വീട്ടിൽ വെള്ളമെടുക്കാൻ പോയതും കയർ പൊട്ടി, തൊട്ടി കിണറ്റിൽ വീണുപോയതും, വരിക്കപ്ലാവിലെ ചക്കയുടെ രുചിയും ഒന്നും മറക്കാൻ സാധിക്കുന്നില്ല. "അമ്മേ മരുന്ന് കഴിക്കാൻ സമയമായി." എന്ന മകന്റെ ഓർമ്മപ്പെടുത്തൽ എന്നെ ചിന്തയിൽ നിന്നുണർത്തി. ഓ സമയം വൈകിട്ടായല്ലോ യാത്രയുടെ ക്ഷീണംകൊണ്ട് ഒന്നുമയങ്ങിപ്പോയി. വേഗം എണീറ്റ് നിലവിളക്കിൽ ഒരു തിരിയിട്ട് തെളിച്ചു

വച്ചു. തന്നെ വീണ്ടും വെളിച്ചത്തിലേക്ക് തിരികെ കൊണ്ടുവന്ന ദൈവത്തിന് നന്ദി പറഞ്ഞ്, കൊച്ചുമക്കളെയും കൂട്ടി പ്രാർത്ഥന നടത്തി. പ്രാർത്ഥന കഴിഞ്ഞ് അത്താഴത്തിനിരുന്നപ്പോൾ മുറ്റത്ത് നിന്ന് ആരോ വിളിക്കുന്ന ശബ്ദം കേട്ടു. ചെന്നു നോക്കിയപ്പോൾ അപ്പുറത്തെ വീട്ടിലെ അക്ബറാണ്. അവന് ഒരു അപകടം പറ്റി ആശുപത്രിയിലായിരുന്നു. അഞ്ചാറു മാസത്തെ ചികിത്സ കഴിഞ്ഞ് തിരിച്ചെത്തിയെന്ന് ഞാൻ അറിഞ്ഞതായിരുന്നു. ചെന്ന് ഒന്ന് കാണാൻ പറ്റിയില്ല. അന്ന് ഞാൻ ആശുപത്രിയിൽ വച്ച് അവനെ കണ്ടപ്പോൾ ഇത്രവേഗം അവൻ ജീവിതത്തിലേയ്ക്ക് തിരികെ വരുമെന്ന് തീരെ പ്രതീക്ഷിച്ചില്ല. ദൈവം രക്ഷിച്ചു. ഞാൻ അന്ന് അവന് അല്പം സഹായം ചെയ്തിരുന്നു. അതിന്റെ നന്ദി അവന്റെ മുഖത്തുണ്ട്. അച്ഛനില്ലാത്ത കുട്ടിയല്ലേ? അല്പം പണം കൊടുത്ത് അവനെ സഹായിക്കാൻ സാധിച്ചല്ലോ എന്ന് ഓർത്തപ്പോൾ സന്തോഷം തോന്നി. മോനെ, വാ കയറിയിരിക്ക് ഞാൻ അവനെ ചേർത്തു പിടിച്ചു. ഞങ്ങൾ കുറച്ചു സമയം സംസാരിച്ചിരുന്നു. അപ്പോഴേയ്ക്കും അവന്റെ ഉമ്മ അന്വേഷിച്ചു വന്നു. ആ ഉമ്മയുടെ മുഖത്തെ സന്തോഷം എനിക്ക് വായിച്ചെടുക്കാൻ കഴിഞ്ഞു. ഞാൻ അവരെ സ്നേഹത്തോടെ യാത്രയാക്കി.

ഷൈനി സെബാസ്റ്റ്യൻ പുൽക്കുന്നേൽ,
സെന്റ് വിൻസെന്റ് യൂണിറ്റ്

# A Ray of Hope

All is well when everything is puts on its way
Life to some is easy when everything is fine
And for some its just going.

Scorching heat or freezing cold
reality of life is different
Everything does not go to the track always
When in the midst of bustling activities
And smooth feeling of life
Its flow gets disrupted
Every thing comes to a stand still.
Life became hard like the shadow which
Keeps on changing
In a bedridden stage everything
became bald-
And we are in a deserted stage.

When the silence of the right -
makes the world still.
We feel like a prisoner in the cage
A feeling that our good old days are gone
And loneliness covers us with -
fretted feelings.

The disturbing world may be havoc
But we have to keep hoping for hope
The dedicated Nursing care
True friendship faces around
And the hard to free strong hands
surrounding us

Makes us feel, hope precious
I am to him , to almighty God.
In all the above faces we see the
The Goodness of almighty.
Life God gave us is so
precious & beautiful

No tears rolling over my cheek
Never disclose what pain we bear
Hold ourselves radiant & bright
Because there is someone who never
leave you alone
From the repository of strain & stress
He will bring back us to a world of smiles

Prema Thankachan
St. Mary's Unit





# കുടുംബത്തിനും വേണ്ടേ ഒരു ബഡ്ജറ്റ്?

"എന്നെ ഇങ്ങനെ കഷ്ടപ്പെടുത്തുന്നതെന്തിനാ? എന്റെ ശമ്പളം കൊണ്ടുകൂടിയല്ലേ ഇവിടെ ചെലവ് നടക്കുന്നത് ?" ആലീസ് അന്ന് പതിവിലും കൂടുതൽ ദേഷ്യപ്പെടുന്നതെന്തിനാണെന്ന് ഭർത്താവ് മാത്യുവിന് മനസ്സിലായില്ല. "ആലീസേ, കാറിന്റെ കാര്യമാണോ?" ഭാര്യയെ അനുനയിപ്പിക്കാൻ മാത്യു ശ്രമിച്ചു. "എത്ര നാളായി നമുക്കൊരു കാറു വാങ്ങണമെന്ന് ഞാൻ പറയാൻ തുടങ്ങിയിട്ട്. നിങ്ങൾ എന്താണ് ഇങ്ങനെ പിശുക്കനായത്. അയൽവക്കത്തെ തോമസിന് കാർ രണ്ടെണ്ണമുണ്ട്." ഭാര്യ വിട്ടുകൊടുക്കാൻ തയ്യാറായില്ല. "നമുക്ക് ബസ്സിന് ജോലിക്ക് പോയാൽ പോരേ? എന്തൊക്കെ ചെലവുകളാണ് നമുക്കുള്ളത്." മാത്യുവിന്റെ ശ്രമം വിജയിച്ചില്ല. രണ്ടുപേരുടെയും ശബ്ദം ഉയർന്നുകൊണ്ടേയിരുന്നു. കുട്ടികൾ അവരുടെ മുറികളിലേക്കുപോയി. സാധാരണ ഒരു മിഡിൽ ക്ലാസ്സ് കുടുംബത്തിലുണ്ടാകുന്ന സംഭാഷണമാണിത്.

അപ്പർ ലോവർ ക്ലാസ് എന്നാൽ ദാരിദ്ര്യത്തിൽ നിന്ന് പിടിച്ചുകയറി സ്വന്തം കാലിൽ നിൽക്കാൻ പ്രാപ്തി നേടിയവരാണ്. മിഡിൽ ക്ലാസ് വിഭാഗത്തിൽ തങ്ങൾ എത്തപ്പെട്ടു എന്ന മിഥ്യാബോധമാണ് ഇവരെ മുന്നോട്ടു നയിക്കുന്നത്. മിഡിൽ ക്ലാസ്സിൽപ്പെട്ടവരാകട്ടെ തങ്ങൾ അപ്പർക്ലാസ്സിൽ എത്തിയെന്നും, അപ്പർ മിഡിൽ ക്ലാസ്സുകാരാവട്ടെ തങ്ങൾ അപ്പർ ക്ലാസ്സിലാണെന്നും സ്വയം വിശ്വസിക്കുന്നു. ചുരുക്കത്തിൽ ഈ വിഭാഗത്തിൽപ്പെട്ടവരെല്ലാം തങ്ങൾ സമൂഹത്തിലെ ഉയർന്ന വരുമാന വിഭാഗത്തിൽപ്പെട്ടവരാണെന്ന് വിശ്വസിക്കുകയും അതിനനുസരിച്ചു ജീവിതശൈലിയും, ഉപഭോഗരീതിയും വളർത്തിക്കൊണ്ടുവരികയും ചെയ്യുന്നു. എന്നാൽ ഈ രീതി പിന്തുടരാനുള്ള വരുമാന അടിത്തറ തങ്ങൾക്ക് ഇനിയും ഉണ്ടായിട്ടില്ല എന്ന സത്യം അവർ തിരിച്ചറിയാതെ പോകുന്നു. അഥവാ അറിഞ്ഞാലും അറിഞ്ഞില്ലെന്ന് നടിക്കുന്നു.

ആവശ്യത്തിന് ബസ് ഗതാഗതസൗകര്യം ഉണ്ടെങ്കിലും യാത്രയ്ക്ക് ടാക്സി വിളിക്കുന്നു. വില എത്ര കൂടുതലാണ് അത്രക്കു ഗുണനിലവാരം കൂടുതലാണ് എന്നാണ് വിശ്വാസം. ഒരു വീട്ടിൽ തന്നെ ഒന്നിലേറെ വാഹനങ്ങൾ, ഒരാൾക്ക് ഒന്നിലേറെ മൊബൈൽ ഫോണുകൾ, ആഴ്ചയിലൊരിക്കൽ കുടുംബസമേതം പുറത്തു നിന്നു ഭക്ഷണം, മൾട്ടിപ്ലെക്സിൽ സിനിമ, തുടങ്ങി ഭൂരിഭാഗം മിഡിൽ ക്ലാസ് മലയാളികളും ജീവിതം ജീവിച്ച് തീർക്കുന്നത് ഇങ്ങനെയാണ്. ഒട്ടും ആസ്വദിച്ചുകൊണ്ടല്ല, കാരണം ഓരോ മാസവും രണ്ടറ്റം കൂട്ടിമുട്ടിക്കാൻ പെടാപാടു പെടുകയാണ്. മിക്കവരും. മാസവരുമാനം ഒന്നു നിലച്ചാൽ ജോലിയോ വരുമാന ഉറവിടമോ പെട്ടെന്ന് ഇല്ലാതായാൽ പലർക്കും അത് ഓർക്കുന്നതേ പേടിയാണ്. വായ്പകളുടെ പുറത്ത് കെട്ടിപ്പൊക്കിയ ആർഭാടമാണ് ഭൂരിപക്ഷം മലയാളികളുടെയും. ചുരുങ്ങിയത് നാല് വായ്പകളെങ്കിലും

ഇല്ലാത്തവർ ചുരുക്കം. ഇതെല്ലാം ജീവിതത്തിന്റെ ഭാഗമാണ്. പ്രതിമാസവായ്പ ഗഡുവ് അടയ്ക്കുവാൻ വേണ്ടിയാണ് പലരും ജോലി ചെയ്യുന്നത് തന്നെ.

കടുത്ത സാമ്പത്തിക സമ്മർദ്ദത്തിൽ ജീവിക്കുന്ന മിഡിൽ ക്ലാസ്സിനിടയിലെ ദാരിദ്ര്യത്തിനു കാരണം അവരുടെ മനോഭാവമാണ്, ജീവിതശൈലിയാണ്, അച്ചടക്കമില്ലായ്മയാണ്. ഇവർക്ക് മനസ്സിന്റെ വിശപ്പുമാറിയാലെ സംതൃപ്തിയുണ്ടാകു. ഇതാണ് പല മാതാപിതാക്കളും കടക്കെണിയിൽപെട്ടു സ്വയം ജീവിതം അവസാനിപ്പിക്കുന്നത്.

മറ്റുള്ളവർക്കു മുമ്പിൽ മാന്യമായി ജീവിക്കുകയാണ് എന്ന് കാണിച്ച് സ്വയം നീറി, നീറി ഇങ്ങനെ ജീവക്കുന്നതിന്റെ ആത്യന്തിക ഫലം എന്താണെന്ന് അറിയാമോ? ജീവിത ലക്ഷ്യങ്ങൾ ഒരിടത്തും എത്തില്ല എന്നതുതന്നെ. മക്കളുടെ ഉന്നതവിദ്യാഭ്യാസം, വിവാഹം, വീട്, റിട്ടയർമെന്റ് ജീവിതം തുടങ്ങിയവയ്ക്കുവേണ്ടി ഒന്നും സമ്പാദിക്കാൻ കഴിയാതെ വരും.

എന്താണ് ഇതിനൊരു പ്രതിവിധി. ജീവിതം ആസ്വദിക്കണം, പക്ഷെ എല്ലാത്തിനും മിതത്വം വേണം. പിശുക്കല്ല സമ്പാദ്യം. ജീവിത ലക്ഷ്യങ്ങൾക്കു മുൻതൂക്കം നൽകണം. അതിനായി എല്ലാ മാസവും ഒരു തുക കൊണ്ട് മാത്രം ജീവിച്ചു ശീലിക്കുക. വരുമാനമോ ശമ്പളമോ അല്ല സമ്പത്ത്. അങ്ങനെ വിശ്വാസം വരുമ്പോൾ കുഞ്ഞുങ്ങളാണ് യഥാർത്ഥ സമ്പത്ത് എന്ന് മറക്കില്ല.

ഓരോ വർഷവും അടുത്ത ഒരു വർഷത്തേക്ക് മാസംതോറും പ്രതീക്ഷിക്കുന്ന വരുമാനവും ചെലവുകളും തിട്ടപ്പെടുത്തുക. ഓരോ മൂന്ന് മാസം കൂടുമ്പോഴും വരവുചെലവുകളുടെ അവലോകനം ചെയ്യുക. വ്യത്യാസമുണ്ടെങ്കിൽ എന്തുകൊണ്ട് ഉണ്ടായി എന്ന് കണ്ടുപിടിച്ചു അടുത്തമാസങ്ങളിൽ കുറെ നിയന്ത്രണങ്ങൾ കൊണ്ട് വരുക. വരുമാനം കൂട്ടാൻ പറ്റിയില്ലെങ്കിലും ചെലവു കുറച്ചാൽ നമുക്ക് മിച്ചം വയ്ക്കാൻ സാധിക്കുമല്ലോ. എപ്പോഴും വരവ് അറിഞ്ഞു ചെലവ് ചെയ്യുക. അപ്പോൾ നമുക്ക് ഒരു മിച്ച ബഡ്ജറ്റ് ഉണ്ടാകും. അതോടൊപ്പം ഒരു സന്തുലിതമായ സമാധാനമുള്ള ഒരു കുടുംബ ബഡ്ജറ്റും.

ജോസഫ്, ചൊവ്വല്ലിക്കുടി
കർമ്മല മാതാ യൂണിറ്റ്



# നാഥന്റെ വരവ്


ആഗ്നസ് ലിജോ
സെന്റ് സെബാസ്റ്റ്യൻ യൂണിറ്റ്

ഉയരണമുണരണമുയർത്തണ-
മെന്നൊരു ഉദ്വേഗത്തിൻ ചിന്തയുമായ്
ഉയർന്നതാണെൻ ഉയിരിൻ നാഥൻ
ഉത്ഥാനത്തിൻ നാളുകളിൽ

തീരാത്ത ജീവിത ഭാരവും നോവുമായ്
ഒന്നു തുനിഞ്ഞു ഞാൻ നിന്റെ മുമ്പിൽ
ഭീതിയായ്, രോഗമായ്, ആശങ്കയായ്
പലവിധ ഭാരമായ് എന്നിലമർന്നതല്ലോ

നാളുകളായി ഞാൻ കാത്തിരിപ്പൂ
എന്റെ നാഥന്റെ പിറകേ നടക്കുന്നവനായ്
പിന്തിരിച്ചെന്നെ പ്രത്യയശാസ്ത്രങ്ങൾ
പുറകോട്ട് നോക്കല്ലെന്നാജ്ഞയുമായ്

ആ നാളതിന്നെന്നും ഭീതിയായ് തീർന്നിതാ
ആ പാദചൂഡം തിരിച്ചറിഞ്ഞിന്നു ഞാൻ
തിരിയില്ലൊരിക്കലും ഒരു നാളുമിന്നുമേ
തിരുവുത്ഥാനത്തിൻ നാളുകളിൽ.....




ആരോഗ്യവിചാരം



# മുട്ടുമാറ്റിവെക്കൽ ശസ്ത്രക്രിയ

Dr. PAUL P. ANTONY MBBS, MS. Ortho
DEPARTMENT OF ORTHOPAEDICS & JOINT REPLACEMENT, M.A.J. HOSPITAL, EDAPPALLY

### കാൽമുട്ട് സന്ധിയും സന്ധിവേദനയും

മൂന്ന് അസ്ഥികൾ കൂടിച്ചേരുന്ന ഏറെ സങ്കീർണ്ണമായ ഒരു സന്ധിയാണ് കാൽമുട്ടിലേത്. തുടയെല്ല് (Femur/Thigh bone) തുടയെല്ലിനോട് ചേരുന്ന അസ്ഥി (Tibia/ Leg bone), ചിരട്ട (Patella/Knee cap) എന്നീ മൂന്നു ഭാഗങ്ങളാണ് കാൽമുട്ടിന്റെ എല്ലാ ചലനങ്ങളും സാധ്യമാക്കുന്നത്. ഇവയ്ക്ക് സംരക്ഷണം നൽകുന്ന മൃദുവായ സുരക്ഷാ ആവരണത്തിന്റെ (Articular cartilage) തേയ്മാനം അസ്ഥികൾ പരസ്പരം സ്പർശിച്ച് ഉരയുന്നതിന് ഇടയാക്കുന്നു. അസ്ഥികൾ തമ്മിൽ ഉണ്ടാകുന്ന ഈ ഉരച്ചിലാണ് മുട്ടുവേദനയ്ക്ക് കാരണം.

മധ്യവയസ്സ് പിന്നിടുന്നവരിലും പ്രായം ചെന്നവരിലും ഇപ്രകാരം ഉണ്ടാകുന്ന മുട്ടുവേദന ഇപ്പോൾ വളരെ സാധാരണമാണ്. മരുന്നുകൾ ഉപയോഗിച്ചും ഫിസിയോതെറാപ്പി ചെയ്തും ജീവിതശൈലിയിൽ ആവശ്യമായ മാറ്റങ്ങൾ വരുത്തിയും പ്രാരംഭഘട്ടത്തിലെ സന്ധിവേദന നിയന്ത്രണ വിധേയമാക്കാവുന്നതാണ്. മുട്ടിലെ നീർക്കെട്ട്, വേദന, കാലുകളുടെ വളവ്, നടക്കാനുള്ള പ്രയാസം, നടക്കുമ്പോൾ മുട്ടുകൾ കൂട്ടിമുട്ടുക, ഇതെല്ലാം മുട്ട് തേയ്മാനത്തിന്റെ ആദ്യലക്ഷണങ്ങളാണ്.

### മുട്ടുവേദന – കാരണങ്ങൾ

Osteo arthritis അഥവാ സന്ധികളുടെ തേയ്മാനം കൊണ്ടുണ്ടാകുന്ന മുട്ടുവേദനയാണ് ഏറെ സാധാരണം. മുട്ട് മാറ്റിവെക്കൽ മാത്രമാണ് ഇതിന് ഫലപ്രദമായ പരിഹാരം. മുൻകാലങ്ങളിൽ ഉണ്ടായിട്ടുള്ള ഒടിവ്, സന്ധികളുടെ സ്ഥാനഭ്രംശം, ലിഗമെന്റുകളുടെ പരുക്ക് എന്നിവയെല്ലാം മുട്ട് തേയ്മാനത്തിന് ആക്കം കൂട്ടുന്നു. കാലുകൾക്ക് ജന്മനായുള്ള വളവും മുട്ടുവേദനക്ക് ഒരു കാരണമാണ്. കാൽമുട്ടുകളുടെ തേയ്മാനത്തിന്റെ പ്രത്യക്ഷ ലക്ഷണങ്ങൾ സന്ധികളിലെ നീർക്കെട്ട്, മുട്ടുവേദന കാലുകളുടെ വില്ലുപോലെയുള്ള വളവ്, നടക്കുമ്പോൾ കാൽ മുട്ടുകളുടെ കൂട്ടിമുട്ടൽ, നടക്കാനുള്ള പ്രയാസം എന്നിവയെല്ലാമാണ്.

### എന്താണ് മുട്ടുമാറ്റിവെക്കൽ?

സന്ധികളിലെ തേയ്മയാനം വന്ന ഭാഗങ്ങൾ അനുയോജ്യമായ രീതിയിൽ ഒരുക്കിയെടുത്ത് കൃത്രിമ ഘടകങ്ങൾ (Prosthesis) സംയോജിപ്പിച്ച്, കാൽമുട്ടിന് പൂർണ്ണമായ ചലന സ്വാതന്ത്ര്യം നൽകുന്ന ചികിത്സാരീതിയാണിത്. ഉപയോഗിക്കുന്ന ഘടകങ്ങൾ:

- തുടയെല്ലിന്റെ (Thigh Bone) കീഴ്ഭാഗത്ത് ഘടിപ്പിക്കുന്ന ലോഹഭാഗം

- തുടയെല്ലിനോട് ചേരുന്ന അസ്ഥിയുടെ (Tibia/

Leg bone) മുകളറ്റത്ത് ഘടിപ്പിക്കുന്ന ലോഹഭാഗം.

- ഇവയ്ക്കിടയിൽ ഉറപ്പിക്കുന്ന കുഷനു സമാനമായ പ്ലാസ്റ്റിക് നിർമ്മിത ഭാഗം

ചില സന്ദർഭങ്ങളിൽ മുട്ടു ചിരട്ടയുടെ (Knee Cap) പിൻഭാഗത്തും കൃത്രിമ ഭാഗം കൂട്ടിച്ചേർക്കേണ്ടതായി വരാറുണ്ട്. ആരോഗ്യമുള്ള ഒരാളുടെ കാൽമുട്ടിന്റേതായ എല്ലാ ചലനസ്വാതന്ത്ര്യവും ഈ ശസ്ത്രക്രിയ കഴിഞ്ഞവർക്കും ലഭ്യമാകും.

മുട്ടുമാറ്റിവെക്കൽ... എപ്പോൾ?

സന്ധികൾക്ക് തേയ്മാനം സംഭവിച്ച് മുട്ടുവേദന ദൈനംദിന ജീവിതത്തിന് തടസ്സമാകുമ്പോഴും മറ്റ് ചികിത്സാരീതികൾ ഫലവത്താകാതെ വരികയും ചെയ്യുമ്പോഴാണ് മുട്ടുമാറ്റിവയ്ക്കൽ അനിവാര്യമാകുന്നത്.

ഓപ്പറേഷനു മുമ്പ്

മുട്ടുമാറ്റിവെയ്ക്കാൻ തീരുമാനിച്ചുകഴിഞ്ഞാൽ, നിങ്ങൾക്കാവശ്യമായ നിർദ്ദേശങ്ങളെല്ലാം ഡോക്ടറും മറ്റ് ആശുപത്രി സ്റ്റാഫും നൽകുന്നതായിരിക്കും. സർജറിയുടെ വിശദാംശങ്ങൾ ഡോക്ടർ നിങ്ങൾക്ക് മനസ്സിലാക്കിത്തരും. ചില രക്തപരിശോധനകളും ആവശ്യമായി വരും. കൂടാതെ അനസ്തെറ്റിസ്റ്റ് നിങ്ങളെ പരിശോധിക്കുകയും ശാരീരിക ക്ഷമത ഉറപ്പു വരുത്തുകയും ചെയ്യും. നിങ്ങൾ പതിവായി ഉപയോഗിക്കുന്ന മരുന്നുകൾ ഉണ്ടെങ്കിൽ അതെല്ലാം ഡോക്ടർക്ക് വിശദീകരിച്ചുകൊടുക്കേണ്ടതാണ്. Pustules carries tooth (മോണപഴുപ്പ്) പോലുള്ള അണുജന്യരോഗങ്ങൾ ഉള്ളവർ അക്കാര്യം ഡോക്ടറെ പ്രത്യേകം അറിയിക്കേണ്ടതാണ്. നിങ്ങൾക്കുള്ള എല്ലാ സംശയങ്ങളും ഡോക്ടറോട് വിശദമായി ചോദിച്ചു മനസ്സിലാക്കുവാൻ ശ്രദ്ധിക്കുക. ചിലർക്ക് സർജറിക്കുശേഷം രക്തം കയറ്റേണ്ടതായും വന്നേക്കാം.

ഓപ്പറേഷൻ

ഓപ്പറേഷനു മുമ്പ് Epidural or Spiral അനസ്തേഷ്യ നൽകുന്നതിന്റെ വിശദാംശങ്ങൾ അനസ്തെറ്റിസ്റ്റ് നിങ്ങൾക്ക് വിശദീകരിച്ചു തരും. കാൽമുട്ട് തേയ്മാനത്തിന്റെ തോതും വ്യക്തിയുടെ ശാരീരിക ആരോഗ്യവും അനുസരിച്ച് ഓപ്പറേഷന് എടുക്കുന്ന സമയത്തിലും വ്യതിയാനമുണ്ടാകും.

ഓപ്പറേഷനു ശേഷം

ഓപ്പറേഷനു ശേഷം വേദനസംഹാരികളും, ആന്റിബയോട്ടിക്കുകളും കാലിലെ രക്തം കട്ടിയാകാതിരിക്കുന്നതിനുള്ള കുത്തിവയ്പുകളും ആവശ്യമായി വരും. രണ്ടു ദിവസത്തിനുശേഷം വാക്കറിന്റെ സഹായത്തോടെ നടക്കാൻ തുടങ്ങണം. കൂടാതെ ഡോക്ടറുടെയും ഫിസിയോതെറാപ്പിസ്റ്റിന്റെയും നിർദ്ദേശപ്രകാരം ചില വ്യായാമങ്ങളും ചെയ്യേണ്ടതായിട്ടുണ്ട്. സാധാരണഗതിയിൽ നാലു ദിവസങ്ങൾക്കുശേഷം ഓപ്പറേഷൻ കഴിഞ്ഞയാൾക്ക് വീട്ടിൽ പോകാവുന്നതാണ്.

12-ാമത്തെ ദിവസമാണ് പിന്നീട് സ്റ്റിച്ച് എടുക്കുവാൻ വരേണ്ടത്. ചിലർക്ക് ഓപ്പറേഷൻ ചെയ്ത ഭാഗത്ത് നീർക്കെട്ട് ഉണ്ടായേക്കാം; എന്നാൽ അതിൽ ഭയപ്പെടേണ്ടതായിട്ടില്ല. നീർക്കെട്ട് തനിയെ വറ്റിപ്പോകുന്നതാണ് എങ്കിലും എന്തെങ്കിലും പ്രയാസം അനുഭവപ്പെട്ടാൽ ഡോക്ടറെ കാണുവാൻ മടികാണിക്കരുത്. സർജറിക്കുശേഷം നിങ്ങൾ ഉപയോഗിച്ചുകൊണ്ടിരുന്ന വാക്കർ/ക്രച്ചസ് രണ്ടാഴ്ചക്കകം ഉപേക്ഷിക്കാമെങ്കിലും, നിങ്ങളുടെ പ്രായം, കാലിലെ പേശികളുടെ ബലം, കാലുകൾക്ക് ഉണ്ടായിരുന്ന തേയ്മാനം എന്നീ ഘടകങ്ങളെയും കണക്കിലെടുക്കേണ്ടതുണ്ട്.

ഇനി മുതൽ നിങ്ങൾ ഒരു രോഗിയല്ല എന്ന തിരിച്ചറിവോടെ, കൂടുതൽ സമയം കിടക്കുന്ന ശീലം ഒഴിവാക്കുക. എഴുന്നേറ്റ് നിൽക്കുന്നതിനും നടക്കുന്നതുമെല്ലാം കാൽമുട്ടിന്റെ ചലന സ്വാതന്ത്ര്യം വീണ്ടെടുക്കുന്നതിന് അനിവാര്യമാണ്.

6 ആഴ്ചകൾക്കുശേഷം നിങ്ങളുടെ സാധാരണ പ്രവർത്തികളെല്ലാം കാർ ഓടിക്കുന്നത് ഉൾപ്പെടെ അനായാസമായി ചെയ്യാനാകും.

കാൽമുട്ടുകൾക്ക് വേണ്ടി പരിചരണം. ഓപ്പറേഷനു ശേഷം നിങ്ങളുടേത് കൃത്രിമ സന്ധിയാണെന്ന ബോധ്യം ഉണ്ടായിരിക്കേണ്ടതാണ്. അതിനാൽ ഡോക്ടറുടെ നിർദ്ദേശങ്ങളെല്ലാം കൃത്യമായി പിൻതുടരുക. എന്തെങ്കിലും പ്രയാസം അനുഭവപ്പെട്ടാൽ ഉടനടി ഡോക്ടറെ സമീപിക്കുവാനും മറക്കരുത്.

പ്രത്യേകം ശ്രദ്ധിക്കുവാൻ:

- ഉയരം കുറഞ്ഞ ഇരിപ്പിടങ്ങൾ ഒഴിവാക്കുക.
- ഓപ്പറേഷനു ശേഷമുള്ള ആദ്യആഴ്ചകളിൽ തുടർച്ചയായി വളരെനേരം ഇരിക്കരുത്.
- വ്യായാമം ചെയ്യുമ്പോൾ വേദന അനുഭവപ്പെട്ടാൽ കൂടുതൽ ആയാസം കൊടുക്കാതിരിക്കുക.
- ആദ്യ ദിവസങ്ങളിൽ കാലുകൾ പിണച്ച് (Cross legged) ഇരിക്കുകയും ചെയ്യരുത്.



# മാധ്യമങ്ങളും ക്രൈസ്തവ ധാർമ്മികതയും

(സംസ്ഥാന സാഹിത്യമത്സരത്തിൽ ലേഖന വിഭാഗത്തിൽ ഒന്നാം സമ്മാനാർഹമായത്)

പ്രപഞ്ചത്തിലെ എല്ലാ ജീവികളും ആശയവിനിമയം നടത്തുണ്ടെങ്കിലും അതിൽ സംസാരിക്കുന്ന ഏക ജീവി മനുഷ്യൻ മാത്രമാണ്. സംസാരിച്ചു തുടങ്ങിയ മനുഷ്യൻ ആശയവിനിമയത്തിനായി അക്ഷരങ്ങളെയും പിന്നീട് എഴുത്തും കണ്ടുപിടിച്ചു. ആദ്യകാലത്തു കല്ലിലും മരത്തൊലിയിലും, ലോഹതകിടിലും തുടങ്ങി, എഴുത്തോലയിലും അവസാനം കടലാസിലും പിന്നീട് കമ്പ്യൂട്ടറിലും എഴുതി സൂക്ഷിക്കുവാൻ ആരംഭിച്ചു.

ചരിത്രവും രേഖകളും എഴുതി സൂക്ഷിച്ചിരുന്നതിൽ നിന്നും പിന്നീട്, പല ചിന്തകളും കവിത, കഥ പോലുള്ള രൂപങ്ങളിലും, ദൈനംദിന വാർത്തകൾ അച്ചടിച്ചും ദൃശ്യശ്രാവ്യ മാധ്യമങ്ങളിലൂടെയും കൈമാറുവാൻ ആരംഭിച്ചു. അങ്ങനെ ഒന്നിലധികം ആളുകൾ ആരംഭിച്ചപ്പോൾ അത് മഹാവ്യവസായമായി മാറി എന്നതു മാത്രമല്ല, അനാരോഗ്യപരമായ കിടമത്സരവും ആരംഭിച്ചു. ലാഭക്കൊതി മൂത്തപ്പോൾ സത്യം മാത്രം ബോധിപ്പിക്കേണ്ട മാധ്യമങ്ങളിൽ ചിലർ അസത്യവും അന്യന്റെ ചെറിയ ന്യൂനതകൾ പോലും പർവ്വതീകരിച്ചും, അശ്ലീല-അധാർമ്മിക കാര്യങ്ങൾ മസാല ചേർത്ത കറികൾ എന്നപോലെ യാഥാർത്ഥ്യത്തിൽ നിന്നും വളരെ മാറി പ്രചരിപ്പിച്ച് ചഞ്ചല ഹൃദയരായ ആളുകളെ തങ്ങളുടെ പക്ഷത്ത് എത്തിച്ച് ലാഭം കൊയ്യുന്നു.

ഇവിടെയാണ് മാധ്യമരംഗത്തുള്ള ക്രിസ്തീയ ധാർമ്മികതയുടെ പ്രസക്തി നിലകൊള്ളുന്നത്. അച്ചടിയിൽ ലോക പിതൃത്വം നിലനിൽക്കുന്നത് ക്രൈസ്തവ പാതിരിമാരുടെ കൈകളിലാണ്. അത് ഭാരതത്തിലും പ്രത്യേകിച്ച് കേരളത്തിലും എത്തിച്ച ക്രൈസ്തവ പാതിരിമാർ തന്നെ. ആയതിന് തദ്ദേശീയ പ്രചാരം കൊടുക്കുന്നതിന് വി. ചാവറ അച്ചനെയപോലുള്ളവർ നേതൃത്വം കൊടുത്തു എന്നതിൽ നമുക്ക് അഭിമാനിക്കാം.

സത്യം പ്രചരിപ്പിക്കുകയും നേരിന്റെയും ബലഹീനന്റെയും പക്ഷത്തു ചേർന്നു നിന്ന് ദൈവവിശ്വാസപരമായ കാര്യങ്ങളും ചേർത്തു പ്രചരിപ്പിക്കുക എന്നതാണ് ക്രൈസ്തവ മാധ്യമ ലക്ഷ്യം.

അന്യരുടെ കുറവുകളും ന്യൂനതകളും കണ്ടെത്തി അത് പർവ്വതീകരിച്ച് പ്രസിദ്ധപ്പെടുത്തി അപരനെ തേജോവധം ചെയ്യാൻ ദുരിപക്ഷസമയവും പേജുകളും നഷ്ടപ്പെടുത്തുന്ന ചില മാധ്യമങ്ങൾക്ക് വായനക്കാരുടെയും കാഴ്ചക്കാരുടെതുമായ എണ്ണം കൂട്ടുകയും അതിനനുസരിച്ച് അവരുടെ സമ്പത്തിൽ വർദ്ധനയും ഉണ്ടാകുന്നുണ്ട് എന്ന സത്യം നാം തിരിച്ചറിയേണ്ടതാണ്. ഇവിടെയാണ് ധാർമ്മികതയ്ക്ക് പ്രാധാന്യം കൊടുക്കുന്ന ക്രൈസ്തവ മാധ്യമങ്ങൾ നഷ്ടത്തിലാകുന്നത് എന്നും നാം മനസ്സിലാക്കണം.

മലീമസമായിരിക്കുന്നതും ഭ്രഷ്ടതയ്ക്ക് പ്രാധാന്യം കൊടുക്കുന്നതുമായ ഈ കാലത്ത് കാലത്തിനൊപ്പം നില്ക്കുകയും, സഞ്ചരിക്കുകയും ചെയ്യുന്നത് ക്രൈസ്തവ കാഴ്ചപ്പാടല്ല. പിന്നെയോ സമൂഹത്തിനും വരാൻ പോകുന്ന കാലഘട്ടത്തിനും ദിശാബോധവും ധാർമ്മിക ചിന്തകളും നൽകുന്നതാണ് ക്രൈസ്തവ ധർമ്മം.

ഇമ്പങ്ങളുടെയും നിരീശ്വരപ്രസ്താവനകളുടേതുമായ ദൈവനിഷേധ, അവിശ്വാസ കൊടുങ്കാറ്റിൽ സമൂഹം തെറ്റ് ഏത് ശരി ഏതെന്നറിയാതെ ഉലകി മറി

യുമ്പോൾ, ഈശ്വരവിശ്വാസികളായ എവർക്കും സധൈര്യം കയറി നില്ക്കാനുള്ള രക്ഷാതുരുത്തായി ക്രൈസ്തവ മാധ്യമങ്ങൾ നിലകൊള്ളേണ്ടതാണ്.

അക്ഷരങ്ങൾ ചെത്തി മിനുക്കി, ആത്മീയ ആഴത്തിലുള്ള ലേഖനങ്ങളാകുന്ന കൊട്ടാരം പണിത് ഇസങ്ങളോടും നിരീശ്വരവാദപ്രസ്ഥാനങ്ങളോടും, അധർമ്മികതകളോടും ഏറ്റു മുട്ടുവാനുള്ള കരുത്ത് വിശ്വാസസമൂഹത്തിനും ധർമ്മാന്വേഷികൾക്കും കൊടുക്കുവാനുള്ള ചുമതലയും ക്രൈസ്തവ മാധ്യമങ്ങൾളുടേതാണ്. ശരി ഏത് തെറ്റ് ഏത് എന്ന് തിരിച്ചറിയാതെ ആടി ഉലയുമ്പോൾ അവരെ ശരിയുടെ പക്ഷത്തേയ്ക്കും ആനയിക്കുന്ന കപ്പിത്താന്മാരാകണം ക്രൈസ്തവ മാധ്യമ നേതൃത്വത്തിലുള്ളവർ എന്നത് ചിന്തനീയമാണ്.

ആയതിനാൽ തെല്ലും വിട്ടുവീഴ്ചയില്ലാതെ ധർമ്മത്തിൽ ഊന്നി വിശ്വാസപ്രചാരകരായിരിക്കേണ്ട ഒരു സുപ്രധാന മേഖലയാണ് മാധ്യമരംഗം എന്നും ആയതിൽ ക്രൈസ്തവ ധാർമ്മികതയുടെ പ്രസക്തി ഏറ്റവും മികവുറ്റതായിരിക്കണമെന്നും ഊന്നി പറഞ്ഞുകൊള്ളുന്നു.

വർഗ്ഗീസ് കളപ്പുര
സെന്റ് വിൻസെന്റ് യൂണിറ്റ്



# സംതൃപ്തിയുള്ള ജീവിതത്തിന്

വർക് ഷോപ്പിൽ പണിയെടുക്കുന്ന ഒരു മെക്കാനിക് ഉണ്ടായിരുന്നു. അവന്റെ ഏറ്റവും വലിയ ആഗ്രഹം ഒരു കപ്പലിൽ കയറുക എന്നുള്ളതാണ്. അതിനു വേണ്ടി ഒരു രൂപ പോലും കളയാതെ സമ്പാദിച്ച് അവൻ കപ്പലിൽ കയറി. അവന് കിട്ടിയ മുറിയിൽ ഒരു കട്ടിലും, ടി.വി.യും ഉണ്ടായിരുന്നു. കേറിയ സമയം മുതൽ ആ മുറിക്ക് പുറത്തിറങ്ങാതെ ടി.വി. കണ്ടും, കിടന്നും, ജനലിൽകൂടി കടൽ ആസ്വദിച്ചും യാത്ര അവസാനിച്ചു. ഇറങ്ങിയ സമയത്ത് ക്യാപ്റ്റൻ അവനോട് ചോദിച്ചു. ഇതിലെ യാത്രക്കാരെയെല്ലാം ഭക്ഷണം കഴിക്കുന്നിടത്തും, ഓരോ പ്രോഗ്രാം നടക്കുന്നിടത്തും കണ്ടു. കുട്ടിയെ മാത്രം കണ്ടില്ല. അവൻ പറഞ്ഞു ഞാൻ വിചാരിച്ചു എന്റെ കൈയ്യിൽ ടിക്കറ്റിനുള്ള പൈസ മാത്രമേ ഉണ്ടായിരുന്നുള്ളൂ അതുകൊണ്ട് ഈ സൗകര്യങ്ങൾ എനിക്കില്ല എന്ന് ഞാൻ കരുതി. 'കുട്ടി' ഈ സൗകര്യങ്ങളെല്ലാം ഈ ടിക്കറ്റിനോടൊപ്പം സൗജന്യമായിരുന്നു. അവൻ അതുകേട്ട് വളരെ വിഷമത്തോടെ തിരിച്ച് പോയി.

ജീവിതമാകുന്ന യാത്രയിൽ കണ്ടുമുട്ടുന്ന വ്യക്തികളിൽ, മാതാപിതാക്കളിൽ, സഹോദരങ്ങളിൽ, ജീവിതപങ്കാളിയിൽ കുറ്റവും കുറവും മാത്രം കാണാതെ നന്മ കണ്ടെത്തി ജീവിച്ചാൽ സന്തോഷപ്രദമാകും ജീവിതം. അല്ലാതെ, മാതാപിതാക്കൾ അത്രപോരാ, കിട്ടിയതൊന്നും പോരാ എന്ന മനോഭാവത്തിൽ ജീവിച്ചാൽ നിരാശയായിരിക്കും ഫലം. എന്നിട്ടോ സന്തോഷം, സമാധാനം, സംതൃപ്തി ഇവ അന്വേഷിച്ച് നടക്കുന്നു.

ഷൈനി അനിൽ പാലത്തിങ്കൽ
ക്രിസ്തു വിഹാർ യൂണിറ്റ്

28th January.2019




# AKHIL ♥ REMYA




s/o
Mrs.Daisy Joy & Mr. C K Joy
Chingamthara House, Marottichuvadu, Edappally

D/o
Mrs.Reji Thomas & Mr. Thomas P V
Puthenveetil House, Alamattom, Mala


Wedding Wishes
30-8-2018
Jomy James
S/O JAMES, J J HOUSE
TRIVANDRUM
Ann P Davis
D/O DAVIS, PANNATTU HOUSE
EDAPALLY

# Happy Wedding Anniversary





Alby Joseph & Sheeja Alby
Puthussery

27th Jan...1994

# വി. ഗീവർഗ്ഗീസ് സഹദായു

### 2019 ഏപ്രിൽ 25 വ്യാഴം

6.30 am : വി. കുർബാന
(40മണി ആരാധന സമാപനദിനം)

3.30 pm : ദിവ്യകാരുണ്യപ്രദക്ഷിണം, വചന പ്രഘോഷണം

5.00 pm : ജപമാല

5.30 pm : കൊടിയേറ്റം, സാൽവേ ലദീഞ്ഞ്, നൊവേന, വാഴ്‌വ്
കാർമ്മികൻ : ഫാ. കുര്യാക്കോസ് ഇരവിമംഗലം
(കപ്പൂാൻ വികാരി)

തുടർന്ന് : വി. കുർബാന – ഫാ. സജി കണ്ണാംപറമ്പിൽ

### 2019 ഏപ്രിൽ 26 വെള്ളി

6.00 am : വി. കുർബാന

7.00 am : വി. കുർബാന

12.30 pm : വി. കുർബാന (പുതിയ ദേവാലയത്തിൽ)

5.00 pm : ജപമാല, സാൽവേ ലദീഞ്ഞ്, നൊവേന, വാഴ്‌വ്

തുടർന്ന് : വി. കുർബാന – ഫാ. ജിന്റോ പാറാട്ടി

### 2019 ഏപ്രിൽ 27 ശനി

6.00 am : വി. കുർബാന (പുതിയ ദേവാലയത്തിൽ)

7.00 am : വി. കുർബാന

5.00 pm : ജപമാല, സാൽവേ ലദീഞ്ഞ്, നൊവേന, വാഴ്‌വ്

തുടർന്ന് : വി. കുർബാന–ഫാ. ജിമ്മിച്ചൻ കർത്താനം

### 2019 ഏപ്രിൽ 28 ഞായർ

5.45 am : വി. കുർബാന – ഫാ. അലക്സ് ചാലങ്ങാടി V.C

7.00 am : വി. കുർബാന – ഫാ. ജോസ് പൊള്ളയിൽ

8.45 am : വി. കുർബാന – ഫാ. ആന്റണി നാലുവീട്ടുശ്ശേരി

10.15 am : വി. കുർബാന (പുതിയ ദേവാലയത്തിൽ)
ഫാ. ജോസഫ് പാറേക്കാട്ടിൽ

4.30 pm : വി. കുർബാന (ഇംഗ്ലീഷ്)
: ഫാ. അജോ മുത്തേടൻ (പുതിയ ദേവാലയത്തിൽ)

5.00 pm : ജപമാല, സാൽവേ ലദീഞ്ഞ്, നൊവേന, വാഴ്‌വ്

തുടർന്ന് : വി. കുർബാന – ഫാ. സെബാസ്റ്റ്യൻ വാഴപ്പിള്ളി

7.30 pm : വി. കുർബാന – ഫാ. ജോസഫ് പള്ളാട്ടിൽ
(പുതിയ ദേവാലയത്തിൽ)

### 2019 ഏപ്രിൽ 29 തിങ്കൾ

6.00 am : വി. കുർബാന (പുതിയ ദേവാലയത്തിൽ)

7.00 am : വി. കുർബാന

5.00 pm : ജപമാല, സാൽവേ ലദീഞ്ഞ്, നൊവേന, വാഴ്‌വ്

തുടർന്ന് : വി. കുർബാന – ഫാ. ജോഫിസ് ഉറുമ്പൻകുഴി CMF

### 2019 ഏപ്രിൽ 30 ചൊവ്വ

6.00 am : വി. കുർബാന (പുതിയ ദേവാലയത്തിൽ)

7.00 am : വി. കുർബാന

5.00 pm : ജപമാല, സാൽവേ ലദീഞ്ഞ്, നൊവേന, വാഴ്‌വ്

തുടർന്ന് : വി. കുർബാന – ഫാ. ജിനു ചെത്തിമറ്റം

### 2019 മെയ് 1 ബുധൻ

6.00 am : വി. കുർബാന – ഫാ. പ്രദീഷ് പാലമറ്റത്തിൽ
(പുതിയ ദേവാലയത്തിൽ)

7.00 am : ആഘോഷപൂർവ്വമായ സുറിയാനി കുർ
ഫാ. സിറിൽ തയ്യിൽ

9.30 am – 12.30 pm : വി. ഗീവർഗ്ഗീസ് സഹദായുടെ ത
സ്വർണ്ണാഭരണം അണിയിക്കൽ.
(തിരുസ്വരൂപത്തിൽ സ്വർണ്ണാഭരണം
സൗകര്യം ഉണ്ടായിരിക്കുന്നതാണ്)

12.30 pm : വി. കുർബാന – ഫാ. ടോണി മാളിയേ
(പുതിയ ദേവാലയത്തിൽ )

4.00 pm : ജപമാല

4.30 pm : വി. ഗീവർഗ്ഗീസ് സഹദായുടെ തിരുസ്വ
തുടർന്ന് സാൽവേ ലദീഞ്ഞ്, നൊവേന,

തുടർന്ന് : വി. കുർബാന – ഫാ. മാത്യു തയ്യിൽ

### 2019 മെയ് 2 വ്യാഴം

6.00 am : വി. കുർബാന –ഫാ. പ്രിൻസ് തെക്കേ
(പുതിയ ദേവാലയത്തിൽ)

7.00 am : ലെലത്തോമനാരുടെ വാഴ്ച
വി. കുർബാന – ഫാ. കുര്യാക്കോസ് ഇ
പ്രസുദേന്തി തിരഞ്ഞെടുപ്പ്

4.30 pm : ജപമാല, പ്രസുദേന്തി വാഴ്ച, സാൽവേ

തുടർന്ന് : വി. കുർബാന – ഫാ. ജിൻസ് മുക്കോ

### 2019 മെയ് 3 ആദ്യവെള്ളി

5.45 am : വി. കുർബാന – ഫാ. ചെറിയാച്ചൻ നേ

7.00 am : വി. കുർബാന – ഫാ. ഗിന്നിസ് താമര

9.00 am : വി. കുർബാന (പുതിയ ദേവാലയത്തി
ഫാ. തോമസ് നങ്ങേലിമാലിൽ

10.0 0 am : ആഘോഷമായ തിരുനാൾ പാട്ടുകുർബ
ഫാ. ടോമിൻ കുന്നത്തേട്ട് MCBS

പ്രസംഗം : ഫാ. സനു പുതുശ്ശേരി

12.30 pm : വി. കുർബാന
ഫാ. കോളിൻസ് ഇലഞ്ഞിക്കൽ (പുതി

3.00 pm : വി. കുർബാന
ഫാ. സെബാസ്റ്റ്യൻ കരിഷാനി ORC (പു

4.30 pm : ആഘോഷമായ വേസ്പര, പ്രസംഗം
ഫാ. ജോൺ തേക്കാനത്ത്

തുടർന്ന് : പട്ടണ പ്രദക്ഷിണം

തുടർന്ന് : വി. കുർബാന – ഫാ. സിഗീഷ് ഞാണ

### 2019 മെയ് 4 ശനി

5.00 am : വി. ഗീവർഗ്ഗീസ് സഹദായുടെ തിരുസ്വ
എഴുന്നള്ളിച്ചു വയ്ക്കൽ

6.00 am : വി. കുർബാന

7.00 am : വി. കുർബാന – ഫാ. ടോണി മാണിക്ക

9.00 am : വി. കുർബാന – ഫാ. ജോസഫ് തെക്ക

10.30 am : ആഘോഷപൂർവ്വമായ തിരുനാൾ പാട്ടു
കാർമ്മികൻ : ഫാ. മെൽവിൻ ചിറ്റിലപ്പി

പ്രസംഗം : ഫാ. ടോണി നികർത്തിൽ

# ...ുടെ തിരുനാൾ മഹാമഹം

ബാന
തിരുസ്വരൂപത്തിൽ
രണിയിക്കാൻ
ക്കൽ
രൂപം ആഘോഷമായി എഴുന്നള്ളിക്കൽ
വാഴ്‌വ്
ട്ടത്തിൽ
രവിമംഗലം
ലദീഞ്ഞ്, നൊവേന, വാഴ്‌വ്
കാലായിൽ MCBS
രവീട്ടിൽ
ളരിയിൽ CMI
ൽ)
ാന
യ ദേവാലയത്തിൽ)
തിയ ദേവാലയത്തിൽ)
ഴ്ക്കൽ
രൂപം പന്തലിലേയ്ക്ക്
ത്താൻ
ിനാത്ത് (പുതിയ ദേവാലയത്തിൽ)
കുർബാന
ള്ളി

12.30 pm : വി. കുർബാന (ലത്തീൻ റീത്തിൽ)
ഫാ. ജോളി തപ്പലോത്ത് (പുതിയ ദേവാലയത്തിൽ)
3.30 pm : വി. കുർബാന (മലങ്കര റീത്തിൽ)
ഫാ. അനൂപ് പതിരാതിത്താത്തിൽ
തുടർന്ന് : പുത്തൻപ്രദക്ഷിണം
(തിരുസ്വരൂപം 10.30 വരെ പുതിയ പള്ളിയിൽ)
8.30 pm : വി. കുർബാന – ഫാ. ജോർജ്ജ് നേരേവീട്ടിൽ
(പുതിയ ദേവാലയത്തിൽ)
10.30 pm : വിശുദ്ധന്റെ തിരുസ്വരൂപം പഴയപള്ളിയിലേക്ക്
എഴുന്നുവയ്ക്കുന്നു.

**2019 മെയ് 5 ഞായർ**

5.45 am, 7.00 am, 8.45 am 10.15 am : വി. കുർബാന
12.30 pm, 4.30 pm, 5.30 pm, 7.30 pm : വി. കുർബാന

**2019 മെയ് 6 തിങ്കൾ**

5.45 am : വി. കുർബാന
7.00 am : മരിച്ചവർക്കായുള്ള റാസ, സെമിത്തേരി സന്ദർശനം
അഭിവന്ദ്യ മാർ ജോസ് പുത്തൻവീട്ടിൽ
6.00 pm : വി. കുർബാന (പുതിയ ദേവാലയത്തിൽ)

**2019 മെയ് 10 വെള്ളി**

6.00 am : വി. കുർബാന – ഫാ. ഷാൻ കുന്നുംപുറത്ത് CMI
7.00 am : വി. കുർബാന – ഫാ. സോബിൻ ചെതാല്ലൂർ CMF
9.00 am : വി. കുർബാന – ഫാ. സിഫിൽ പാറേക്കാട്ടിൽ
12.00 pm : വി. കുർബാന – ഫാ. ടോം കുന്നുംപുറത്ത് CMI
(പുതിയ ദേവാലയത്തിൽ)
5.30 pm : ആഘോഷപൂർവ്വമായ പാട്ടുകുർബാന, ലദീഞ്ഞ്, വാഴ്‌വ്
കാർമ്മികൻ : ഫാ. വിപിൻ പുല്ലംപിള്ളി CMI
5.00 am : വി. ഗീവർഗ്ഗീസ് സഹദായുടെ തിരുസ്വരൂപം
പന്തലിലേക്ക് എഴുന്നള്ളിച്ചു വയ്ക്കുന്നു.

**2019 മെയ് 11 ശനി**

6.00 am : വി. കുർബാന – ഫാ. ജോജോ മണ്ണൂർ CMF
7.00 am : വി. കുർബാന – ഫാ. തോമസ് നെപനാത്ത്
9.00 am : വി. കുർബാന – ഫാ. ജിന്റോ കലത്തറനാംകുഴി RCJ
(പുതിയ ദേവാലയത്തിൽ)
10.30 am : ആഘോഷപൂർവ്വമായ പാട്ടുകുർബാന – ഫാ. ജോസ് മണാനത്ത്
5.00 pm : വി. കുർബാന, പ്രസംഗം – ഫാ. ജെയിംസ് ആലുക്കൽ
തുടർന്ന് പ്രദക്ഷിണം
8.30 pm : വി. കുർബാന – ഫാ. ജെഫി ഇല്ലിക്കൽ HGN
10.30 pm : വിശുദ്ധന്റെ തിരുസ്വരൂപം പള്ളിക്കകത്തേക്ക് എഴുന്നു വയ്ക്കുന്നു

**2019 മെയ് 15 ബുധൻ**

10.00 am : വിശുദ്ധന്റെ തിരുസ്വരൂപം അൾത്താരയിലേക്ക് എഴുന്നുവയ്ക്കുന്നു
(തിരുസ്വരൂപത്തിൽ സ്വർണ്ണാഭരണം അണിയിക്കാൻ സൗകര്യം ഉണ്ടായിരിക്കും)
തുടർന്ന് കൊടിയിറക്കം

# തിരുനാൾ - 2019

വിശുദ്ധ ഗീവർഗ്ഗീസിന്റെ തിരുനാൾ ഭക്തിനിർഭരമായി
ആഘോഷിക്കുവാൻ നല്ലവരായ എല്ലാ ഇടവകാഗംങ്ങളുടെയും
പ്രാർത്ഥനാ സഹായം അഭ്യർത്ഥിക്കുന്നു



(തിരുനാൾ പ്രസുദേന്തി)

ഞാണയ്ക്കൽ ജോസ്റ്റിൻ വർഗ്ഗീസും, കുടുംബാഗംങ്ങളും



Approved:-

- CWD
- CPWD
- AIRPORTS
- RAILWAYS

- **Excellent Mechanical Strength**
- **Good Electrical Insulation Property**
- **High Flame Resistance**

trigger. ELECTRIC

IS.14927 ISI Part 2:2001

VINPLAST®

HIGH QUALITY PVC F.R.L.S CASING N CAPPING AND RIGID CONDUIT PIPES

KERALA'S 1ST ISI CASING 'N' CAPPING & PIPE MANUFACTURING COMPANY

For Enquiries: Mob: 9349575545, 8943300900, 04842575545

Visit: www.vinplastprofiles.com | Email: jostin@vinplastprofiles.com


ഗ്രാമീണ പശ്ചാത്തലത്തിൽ ഹാസ്യത്തിനു പ്രാധാന്യം നൽകി
ഒരു കുടുംബ ചിത്രം
WHITE PEPPER MEDIA
presents
താമരക്കുന്നിലെ ഭദ്രപുരാണം
Thamarakunnile
Bhadrapuranam
സംവിധാനം
അവിരാ പി. വർഗ്ഗീസ്
നിർമ്മാണം
വൈറ്റ് പെപ്പർ മീഡിയ

# പെസഹാവ്യാഴം –ആരാധന

| കുടുംബ യൂണിറ്റുകൾക്കുള്ള സമയക്രമം | | | |
|---|---|---|---|
| 08.30 - 09.00 | അൾത്താര സംഘം, ഗായകസംഘം | 2.30 - 3.00 | ലിറ്റിൽ ഫ്ളവർ, ജീവധാര |
| 09.00 - 09.30 | കർമ്മലമാതാ, ഹോളി ഏഞ്ചൽസ് | 3.00 - 3.30 | സെ. വിൻസെന്റ്, മരിയ വിയാനി |
| 09.30 - 10.00 | ഫാത്തിമ മാതാ , മരിയ ഗൊരേറ്റി | 3.30 - 4.00 | സെ. പയസ്, സെ. ജോൺ |
| 10.00 - 10.30 | ഹോളി ഫാമിലി, ലൂർദ്ദ് മാതാ | 4.00 - 4.30 | സെ. ജൂഡ്, സേക്രഡ് ഹാർട്ട് |
| 10.30 - 11.00 | ഹോളി ക്രോസ്, സെ. മേരീസ് | 4.30 - 5.00 | സെ. സെബാസ്റ്റ്യൻ, മേരി റാണി |
| 11.00 - 11.30 | ഹോളി സ്പിരിറ്റ്, വിമല മാതാ | 5.00 - 5.30 | സെ. പോൾ, സെ. ജോർജ്ജ് |
| 11.30 - 12.00 | സെ. സേവ്യർ ഇൻഫന്റ് ജീസസ് | 5.30 - 6.00 | സെ. മൈക്കിൾ, സെ. പീറ്റർ |
| 12.00 - 12.30 | ഹോളി ട്രിനിറ്റി, സെ. തെരേസ | 6.00 - 6.30 | ഓശാന, നിത്യസഹായമാതാ |
| 12.30 - 01.00 | സെ. ആന്റണി, മദർ തെരേസ | 6.30 - 7.00 | സെ. ജോസഫ്, സെ. അൽഫോൻസ |
| 01.00 - 01.30 | ഓൾ സെയിന്റ്സ്, സെ. തോമസ് | 7.00 - 7.45 | പൊതു ആരാധന |
| 01.30 - 02.00 | ക്രിസ്തുവിഹാർ, ഗീവർഗ്ഗീസ് സഹദ | 7.45 | അപ്പം മുറിക്കൽ ശുശ്രൂഷ |
| 02.00 - 02.30 | സെ. ജെയിംസ്, സഹദാ | | |

## സഹദാ സാഹിത്യ – ചിത്രരചന ഫലപ്രഖ്യാപനം

സഹദാ പരിഷ് ബുള്ളറ്റിന്റെ ആഭിമുഖ്യത്തിൽ ഇടവകാംഗങ്ങൾക്കായി നടത്തിയ സാഹിത്യ- ചിത്രരചനാ മത്സരങ്ങളിൽ പ്രോത്സാഹന സമ്മാനം ലഭിച്ചവരുടെ പേരുകൾ ചേർക്കുന്നു. മത്സരയിനങ്ങളിൽ പൊതുവായി നിർദ്ദിഷ്ട നിലവാരം പുലർത്താത്തതിനാലാണ് പ്രോത്സാഹനസമ്മാന പ്രഖ്യാപനം.

### പൊതുവിഭാഗം

**കവിത**

1 വത്സ അഗസ്റ്റിൻ നെടുകല്ലേൽ — വിമല മാതാ യൂണിറ്റ്
2 രജനി ജോർജ്ജ് ആലുങ്കൽ — നിത്യസഹായമാതാ യൂണിറ്റ്
3 ആഗ്നസ് ലിജോ ആലങ്ങാടൻ — സെന്റ് സെബാസ്റ്റ്യൻ യൂണിറ്റ്

**ചെറുകഥ**

1. ഷൈനി സെബാസ്റ്റ്യൻ പുൽക്കുന്നേൽ — സെന്റ് വിൻസെന്റ് യൂണിറ്റ്
2 ലിജിയ ഫെബിൻ നേരിയേക്കൽ — സെന്റ് തെരേസ യൂണിറ്റ്
3 വിവിക സേവ്യർ, ഞാണക്കൽ — സെന്റ് അൽഫോൻസ യൂണിറ്റ്

**ലേഖനം**

1 വർഗ്ഗീസ് കളപ്പുര — സെന്റ് വിൻസെന്റ് യൂണിറ്റ്
2 വിവിക സേവ്യർ, ഞാണക്കൽ — സെന്റ് അൽഫോൻസ യൂണിറ്റ്
3 ആഗ്നസ് ലിജോ ആലങ്ങാടൻ — സെന്റ് സെബാസ്റ്റ്യൻ യൂണിറ്റ്

### മതബോധന വിഭാഗം

**ചിത്രരചന**

1 ജോൺ മരിയ രഞ്ജിത്ത്, ആലുങ്കൽ — സെന്റ് ജോസഫ് യൂണിറ്റ്
2 അനഘ മനോജ്, സാജ് ഭവൻ — സെന്റ് മൈക്കിൾസ് യൂണിറ്റ്
3 അലൻ ടോണി — ഓൾ സെയിന്റ്സ് യൂണിറ്റ്

നമ്മുടെ ഇടവകയിൽ ഇദംപ്രഥമമായി സംഘടിപ്പിച്ച ഈ സംരംഭത്തിൽ സഹകരിച്ച എല്ലാവർക്കും പയസ് ഹൈസ്കൂൾ അധികൃതർക്കും ബഹു. വൈദികർക്കും, സിസ്റ്റേഴ്സിനും ഫാമിലി യൂണിറ്റ് ഭാരവാഹികൾക്കും സഹദാ പാരിഷ് ബുള്ളറ്റിൻ കമ്മിറ്റിയുടെ ഹൃദയം നിറഞ്ഞ നന്ദി.

# വിവാഹ രജത ജൂബിലി

## ആഘോഷിക്കുന്നവർ 1994-2019

| | | |
|---|---|---|
| 1 | പള്ളിക്കുന്നേൽ വർഗ്ഗീസ് - ഷീബ | ഫാത്തിമ മാതാ |
| 2 | മാലമാക്കൽ മാത്യു - എത്സമ്മ | ഫാത്തിമ മാതാ |
| 3 | കൂട്ടുമ്മേൽ സോണി - സോജറ്റ് | ഫാത്തിമ മാതാ |
| 4 | ഗ്രാമ്പിക്കൽ ജോർജ്ജ് - ബീന | ഹോളി ക്രോസ് |
| 5 | ചക്കാലയ്ക്കൽ ഉണ്ണി - മിനി | ഹോളി ക്രോസ് |
| 6 | വയലുങ്കൽ ജോഷി - ജെയ്മോൾ | ഹോളി സ്പിരിറ്റ് |
| 7 | മുട്ടത്തിൽ സിബി - ജോമോൾ | ഹോളി സ്പിരിറ്റ് |
| 8 | മഞ്ഞിയിൽ ടോണി - ലീന | സെ. സേവ്യർ |
| 9 | പുതുശ്ശേരി ആൽബി - ഷീജ | ഹോളി ട്രിനിറ്റി |
| 10 | വലിയപറമ്പിൽ സ്കറിയ - സുനിത | ഹോളി ട്രിനിറ്റി |
| 11 | പാണാട്ട് സാജു - ശീതള | സെ. ആന്റണി |
| 12 | തളിയത്ത് ഹോർമിസ് - ലിന്റ | ആൾ സെയിന്റ്സ് |
| 13 | കറുകപ്പിള്ളി അച്ചൻകുഞ്ഞ് - മേരിക്കുട്ടി | ക്രിസ്തുവിഹാർ |
| 14 | കാട്ടാങ്കോട്ടിൽ തോമസ് - ഷേർലി | ലിറ്റിൽ ഫ്ളവർ |
| 15 | നെടുംപറമ്പിൽ വർഗ്ഗീസ് - ലൈജി | സെ. വിൻസെന്റ് |
| 16 | മേനാച്ചേരി ചെറിയാൻ - ലീമോൾ | സെ. വിൻസെന്റ് |
| 17 | ചെറുപുഷ്പം ടോണി - സിസിലി | സെ. വിൻസെന്റ് |
| 18 | കല്ലുങ്കൽ ഫ്രാൻസിസ് - ബിന്ദു | സെ. സെബാസ്റ്റ്യൻ |
| 19 | കണിയറ ബാബു - സിൽവി | സെ. മൈക്കിൾ |
| 20 | കണ്ണമ്പുഴ ജോസ് - സുമി | സെ. മൈക്കിൾ |
| 21 | മലമേൽ സെബി - ലീമ | ഓശാന |
| 22 | അമ്പാട്ട് ആന്റണി - വന്ദന | സെ. ജോസഫ് |
| 23 | മുക്കുങ്കൽ ഷാജു- ജെയ്മോൾ | നിത്യസഹായമാത |
| 24 | കണ്ടത്തിൽ ജോഷി - ജെസ്സി | സെ. പീറ്റർ |
| 25 | പരവര ജോസ് - ലാലി | സെ. ജോർജ്ജ് |
| 26 | വാല്ലപ്പാടത്ത് ജോഷി - ലില്ലി | മേരി റാണി |
| 27 | കിഴുപ്പിള്ളിൽ റോബിൻ - ലാലി | സേക്രഡ് ഹാർട്ട് |
| 28 | കിഴുപ്പിള്ളി വർഗ്ഗീസ് - ജെയ്നി | സെ. ജോൺ |
| 29 | മലമേൽ ഫിലിപ്പ് - ഗീത | സെ. ജോൺ വിയാനി |
| 30 | നേരെവീട്ടിൽ ബെന്നി - റിറ്റി | സെ. ജോൺ വിയാനി |

| | | |
|---|---|---|
| 30 | ചെന്നിക്കര വർഗ്ഗീസ് - ജിലി | സെ. തോമസ് |
| 31 | ചേന്നങ്കര സിബി - ആലീസ് | സെ. തോമസ് |
| 32 | മൂലങ്കോടൻ ഡിക്സൺ - സബിത | മദർ തെരേസ |
| 33 | മാലിപ്പറമ്പിൽ ജോസഫ് - ആഷ | മദർ തെരേസ |
| 34 | വേലിക്കകത്ത് വർഗ്ഗീസ് - ബെറ്റ്സി | സെ. തെരേസ |
| 35 | നെടുംചാലിൽ രാജു - മിനി | സെ. മേരി |
| 36 | പഴുവക്കളം സിബി - സിൻസി | സെ. മേരി |
| 37 | വേലിക്കകത്ത് ജോജോ - ഷൈനി | ഇൻഫന്റ് ജീസസ് |
| 38 | മുക്കണ്ണിക്കൽ ജോസ് - ബിനു | ലൂർദ്ദ് മാത |
| 39 | പാണാട്ട് ജോസ് - ജെസ്സി | സെ. മരിയ ഗൊരേറ്റി |

# വിവാഹ സുവർണ്ണ ജൂബിലി

## ആഘോഷിക്കുന്നവർ 1969-2019

| | | |
|---|---|---|
| 1 | നെടുംപറമ്പിൽ ദേവസ്സി - ബേബി | ഫാത്തിമ മാതാ |
| 2 | എലഞ്ഞിപ്പിള്ളി തോമസ് - മേരി | ഓശാന |
| 3 | മുക്കുങ്കൽ തോമസ് - മേരി | നിത്യസഹായമാതാ |
| 4 | പള്ളിപ്പാടൻ ആന്റണി - ഫിലോമിന | സെ. ജോർജ്ജ് |
| 5 | കുളങ്ങര തോമസ് - ഏലിയാമ്മ | ലൂർദ്ദ് മാതാ |

# വിവാഹ ഒരുക്ക കോഴ്സ്



**SINGLE**

| മാസം | കല്ലൂർ | കാലടി | കല്ലൂർ | കാലടി | കല്ലൂർ |
|---|---|---|---|---|---|
| മെയ് | 14 - 16 | 22 - 24 | 28 - 30 | | |
| ജൂൺ | 11 - 13 | | 25 - 27 | | |
| ജൂലൈ | | 03 - 05 | 16 - 18 | | 30 - 01 |

**PAIR**

| മാസം | കല്ലൂർ | കാലടി | കല്ലൂർ | കാലടി | കല്ലൂർ | കാലടി |
|---|---|---|---|---|---|---|
| മെയ് | | 01 - 03 | 06 - 08 | 15 - 17 | 21 - 23 | 29 - 31 |
| ജൂൺ | 03 - 05 | 12 - 14 | 18 - 20 | 26 - 28 | | |
| ജൂലൈ | 02 - 04 | | 08 - 10 | 17 - 19 | 23 - 25 | |



# ഹൃദയഭേദകമായൊരു വിമാനയാത്ര

സമയം ഏകദേശം രാത്രി 10.15 നോടടുത്തിരുന്നു. അതിമനോഹരമായൊരു സായാഹ്നം. തൊഴിലിന്റെ ഭാഗമായി യാത്രയിൽ, വിശാഖപട്ടണം വിമാനനിലയത്തിൽ, വിമാനത്തിനായുള്ള കാത്തിരിപ്പിനിടയിൽ വലിയൊരു ശബ്ദാരവം കൊണ്ടും. തിരക്കുകൊണ്ടും, അസാധാരണമായി അവിടെ പ്രത്യക്ഷപ്പെട്ട തലമുതിർന്ന സുരക്ഷ ഉദ്യോഗസ്ഥരുടെ സാമീപ്യം കൊണ്ടും എന്തോ ഒന്ന് അരുതാത്തത് അവിടെ നടക്കുന്നുവെന്ന് എനിക്ക് മനസ്സിലാക്കുവാൻ കഴിഞ്ഞു. പതിവിലേറെ തിക്കും തിരക്കുമായിരുന്നു അവിടെ.

നിമിഷങ്ങൾക്കകം, പോലീസ് അധികാരികളുടെയും ആശുപത്രി ജീവനക്കാരുടേയും അകമ്പടിയോടെ, ചിലർ ഒരു നീല നിറത്തിലുള്ള പെട്ടിയുമായി, വളരെ ധൃതിയിൽ, തുറന്നുകൊടുത്ത സുരക്ഷാകവാടങ്ങളിലൂടെ, കടന്നു RUN WAYയിലേക്ക് പായുന്നത് കാണുവാൻ കഴിഞ്ഞു. നീല നിറത്തിലുള്ള ആ പെട്ടിയുടെ മുകളിലായ് "VERY URGENT TO MALAR HOSPITAL - CHENNAI" എന്നെഴുതിയിരിക്കുന്നതുകൂടി കണ്ടപ്പോൾ, എന്റെ ദീർഘനേരത്തിന്റെ സംശയങ്ങൾക്കുത്തരമായി.

അതേ, അതൊരു "ഹൃദയവാഹിനി"യായിരുന്നു. ജീവൻ തുടക്കുന്ന, ഇനിയും ജീവിയ്ക്കുവാൻ വെമ്പൽ കൊള്ളുന്ന, ജീവൻ തുടിക്കുന്ന, ഒരു ഹൃദയമായിരുന്നു ആ നീലപെട്ടിയിൽ.

ഈ ഭൂമിയിലെ മറ്റൊരു ജന്മത്തിന്റെ തുടിക്കുന്ന ഒരു ഹൃദയം.....

BRAIN DEATH അഥവാ മസ്തിഷ്ക മരണം എന്ന് ഡോക്ടർമാർ വിധിയെഴുതിയ ഒരു പാവം മനുഷ്യന്റെ തുടിക്കുന്ന ഹൃദയം, പിഴുതെടുത്ത് മറ്റൊരു മനുഷ്യന് വച്ചു പിടിപ്പിയ്ക്കുവാനായ് ശാസ്ത്രത്തിന്റെയൊരു നെട്ടോട്ടം!!!

അതേ സമയം, മറ്റൊരിടത്ത്, ഈ നീലപ്പെട്ടിയിലെ തുടിക്കുന്ന ഹൃദയത്തിനായ് വേഴാമ്പലിനെപ്പോലെ കാത്തിരിക്കുന്നത് മദ്രാസ് 'മലർ ആശുപത്രിയിലെ, ഹൃദയമാറ്റത്തിനായി വേറൊരു ശരീരം. അവർ കാത്തിരിക്കുന്നത് ഈ ഹൃദയ പേടകത്തെയാണ്, അത് കൃത്യസമയത്തിന് ലഭ്യമായി. ഈ 'ഹൃദയമില്ലാത്തന്' തുന്നിച്ചേർത്തിട്ടുവേണം, ഈ മനോഹരതീരത്ത്, ഒരു ജന്മം കൂടി, ഒന്ന് ജീവിയ്ക്കുവാൻ. ദൈവം കനിഞ്ഞേകിയ ഈ സ്നേഹതീരത്ത്, ഇനിയും ഒന്നു കൂടി, ഒന്നോടി നടക്കുവാൻ. BOARDING ANNOUNCEMENT വന്നു ഞാനും വിമാനത്തിലേയ്ക്ക്. എന്നും, എപ്പോഴും, ഏതവസ്ഥയിലും, സുസ്മേരവദനരായി നില്ക്കുന്ന AIR HOSTESSകളുടെ സ്നേഹമസൃണമായ വരവേൽപ്പും കടന്നു, ഞാൻ സാവധാനം എനിക്കനുവദിച്ചു തന്ന ഇരിപ്പിടത്തിൽ ഇരുന്നു.

അപ്പോഴാണ് ഞെട്ടിപ്പിക്കുന്ന ആ അനുഭവം എനിക്കുണ്ടായത്. ഞാൻ ഇരുന്ന സീറ്റിന്റെ ഇടതുവശത്ത് മലർ ഹോസ്പിറ്റലിലെ അധികാരിയും അതിനടുത്ത സീറ്റിൽ ഞാൻ കണ്ടുമറന്ന നീലപ്പെട്ടിയും അത് 'സീറ്റ് ബെൽറ്റ്' ഇട്ടു നന്നായ് മുറുക്കിയിരിക്കുന്നു. ഒപ്പം അതിനുള്ളിൽ പിടയുന്ന ജീവനുള്ള ഒരു ഹൃദയവും. ഞാനാലോചിച്ചു... ദൈവമേ എന്തൊരു യാത്രയാണിത്? തുടിക്കുന്ന ഹൃദയങ്ങൾ ഉൾക്കൊള്ളുന്ന പല പല ശരീരങ്ങൾക്കു നടുവിൽ, തുടിക്കുന്ന മറ്റൊരു ഹൃദയം, ഹൃദയത്തുടിപ്പോടുകൂടി, ഒരു പെട്ടിയ്ക്കുള്ളിൽ!!! എന്തൊരു വ്യത്യാസം, എന്റെ ശരീരത്തിലും, മറ്റെല്ലാ സഹയാത്രികരുടെ ശരീരങ്ങളിലും, സർവ്വശക്തനായ, ദൈവമാകുന്ന പ്രപഞ്ച ഫിസിഷ്യൻ ഉറപ്പിച്ചു

വച്ചിരിക്കുന്ന ഹൃദയം. അതേ വിമാനത്തിൽ - എന്നെ രക്ഷിയ്ക്കൂ, എന്നെ രക്ഷിക്കൂ എന്നലറി പിടയുന്ന, വേദന കൊണ്ട് പുളയുന്ന മറ്റൊരു ഹൃദയം ഒരു നീല പെട്ടിയിൽ!!!

ഞാൻ ശാന്തനായ് 'എന്റെ സീറ്റിലേയ്ക്കു' ചാഞ്ഞു. തുടിയ്ക്കുന്ന, ഹൃദയങ്ങളുള്ള എല്ലാ ശരീരങ്ങളുമായി, തുടിക്കുന്ന നീലപെട്ടിയിലെ ഹൃദയത്തോടൊപ്പം, ഞാൻ ആകാശത്തിന്റെ ഉയരങ്ങളിലേയ്ക്ക് പറന്നുയർന്നു. പെട്ടെന്ന് തന്നെ ക്ഷീണത്താൽ ഞാനങ്ങു മയങ്ങിപ്പോയി. എന്റെ ചിന്ത നീലപെട്ടിയിലെ തുടിയ്ക്കുന്ന ആ ഹൃദയത്തെക്കുറിച്ചായിരുന്നു.

എല്ലാ നന്മകളും, ആശംസകളും, പ്രാർത്ഥനകളും ആ നീലപെട്ടിയിലെ തുടിക്കുന്ന ഹൃദയത്തിന് നൽകി കഴിഞ്ഞപ്പോൾ ഞാനാ മയക്കത്തിൽ നിന്നുണർന്നു. അപ്പോൾ വിമാനം നിലത്തേക്ക് ഇറങ്ങുവാൻ തയ്യാറെടുക്കുകയായിരുന്നു.

ആദരവോടെ ഞാൻ എഴുന്നേൽക്കുവാൻ തയ്യാറെടുത്തു. എന്റെ സമീപം സീറ്റിൽ ഇടം പിടിച്ചിരുന്ന ആ നീലപെട്ടിയിലെ, തുടിക്കുന്ന ഹൃദയത്തിന് വഴി മാറി കൊടുത്തുകൊണ്ട് കാരണം, എത്രയും വേഗം മലർ ആശുപത്രിയുടെ ഓപ്പറേഷൻ തിയേറ്ററിൽ കിടക്കുന്ന ആ ഹൃദയമില്ലാവ്യക്തിയ്ക്ക് ഇത് വച്ച് പിടിപ്പിക്കണമല്ലോ?

ദൈവമേ നന്ദി, ഹൃദയമേ നന്ദി. ഞാൻ മനമുരുകി പ്രാർത്ഥിച്ചുകൊണ്ടേയിരുന്നു. കാരണം ദൈവം കരുണാമയനാണ്. അവൻ അഗതികൾക്കാശ്രയം നൽകുന്നവനാണ്. എല്ലാ നിയമങ്ങൾക്കും, ചരിത്രത്തിനും, സയൻസിനും അതീതനാണ്. ഒരു നോമ്പുകാല ചിന്ത കൂടി എന്റെ മനസ്സിൽ കടന്നു വന്നു.

ആ ഹൃദയമൊരു ദേവാലയമാകണമെങ്കിൽ അത് കുടികൊള്ളുന്ന ശരീരം ശുദ്ധമായിരിക്കണം.

മനസ്സാ, വാചാ, കർമ്മണാ നമ്മുടെ ഹൃദയം പാപ പങ്കിലമാകരുത്. നിർമ്മലമായൊരു ഹൃദയത്തിനായി നമുക്ക് പ്രാർത്ഥിക്കാം. എവർക്കും ഈസ്റ്ററിന്റെ മംഗളങ്ങൾ.

ജോസഫ് മണ്ഡപത്തിൽ
സെന്റ് പയസ് യൂണിറ്റ്

# സഹദാ



ഇടപ്പള്ളി പള്ളയിൽ രാജനായ്
വാഴുന്ന ഗീവർഗ്ഗീസ് പുണ്യവാനെ
നിന്നെക്കാണുവാൻ സാധിച്ച കണ്ണുകൾ
ഭാഗ്യം നിറഞ്ഞതല്ലോ.

അനുഗ്രഹം തേടിവരുന്നവർക്കൊക്കെയും
വരമാരി ചൊരിയുന്ന സഹദായെ
ആധികൾ വ്യാധികൾ പെരുകിടുമ്പോൾ
താങ്ങായ് തണലായ് നീ വരണെ

മെഴുകുതിരികളും പൂമാലയും തന്ന്
നിന്നെ തൊഴുതു വണങ്ങിടുമ്പോൾ
ജാതിമതമില്ലാ എവരെയും കാത്തു
രക്ഷിക്കുന്ന പുണ്യവാനെ

അശ്വാരൂഢനായ് ഗോഡരികിൽ
പ്രൗഢിയോടങ്ങനെ നിന്നെക്കണ്ടാൽ

അപകടങ്ങളിൽ നിന്ന് രക്ഷനേടും
വിശ്വസിച്ച് യാത്രക്കാർ നീങ്ങിടുന്നു

വാഴുക വാഴുക പുണ്യവാനെ
ഇടപ്പള്ളിയിലെന്നും നീ വാഴുക
ഏഴകൾ ഞങ്ങൾക്ക് ആശ്രയമായ്
എന്നെന്നും ഇവിടെ വിളങ്ങിടുക

സാലി മാത്യു
സെന്റ് ആന്റണീസ് യൂണിറ്റ്

# നാല്പതു മണി ആരാധന



## കുടുംബ യൂണിറ്റുകൾക്കുള്ള സമയക്രമം

| | |
|---|---|
| **2019 ഏപ്രിൽ 23 ചൊവ്വ** | |
| 8.30 - 9.30 | കർമ്മലമാതാ, സെ. അൽഫോൻസ |
| 9.30 - 10.30 | ഫാത്തിമ മാതാ, നിത്യസഹായമാതാ |
| 10.30 - 11.30 | ഹോളി ഫാമിലി, സെ. പീറ്റർ |
| 11.30 - 12.30 | ഹോളി ക്രോസ്, സെ. ജോർജ് |
| 12.30 - 1.30 | ഹോളി സ്പിരിറ്റ്, മേരി റാണി |
| 1.30 - 2.30 | സെ. സേവ്യർ, സേക്രഡ് ഹാർട്ട് |
| 2.30 - 3.30 | ഹോളി ട്രിനിറ്റി, സെ. ജോൺ |
| 3.30 - 4.30 | സെ. ആന്റണി, സെ. മരിയ വിയാനി |
| 4.30 - 5.30 | പൊതുആരാധന |
| **2019 ഏപ്രിൽ 24 ബുധൻ** | |
| 8.30 - 9.30 | ഓൾ സെയിന്റ്സ്, ജീവധാര |
| 9.30 - 10.30 | ക്രിസ്തുവിഹാർ, സഹദാ |
| 10.30 - 11.30 | സെ. ജെയിംസ്, ഗീവർഗ്ഗീസ് സഹദാ |
| 11.30 - 12.30 | ലിറ്റിൽ ഫ്ളവർ, സെ. തോമസ് |
| 12.30 - 1.30 | സെ. വിൻസെന്റ്, മദർ തെരേസ |
| 1.30 - 2.30 | സെ. പയസ്, സെ. തെരേസ |
| 2.30 - 3.30 | സെ. ജൂഡ്, ഇൻഫന്റ് ജീസസ് |
| 3.30 - 4.30 | സെ. സെബാസ്റ്റ്യൻ, വിമല മാതാ |
| 4.30 - 5.30 | മതാദ്ധ്യാപകർ |
| **2019 ഏപ്രിൽ 25 വ്യാഴം** | |
| 8.30 - 9.30 | സെ. പോൾ, സെ. മേരീസ് |
| 9.30 - 10.30 | സെ. മൈക്കിൾ, ലൂർദ്ദ് മാതാ |
| 10.30 - 11.30 | ഓശാന, മരിയ ഗൊരേറ്റി |
| 11.30 - 12.30 | സെ. ജോസഫ്, ഹോളി എയ്ഞ്ചൽസ് |
| 12.30 - 1.30 | സംഘടനകൾ |
| 1.30 - 2.30 | സിസ്റ്റേഴ്സ് |
| 2.30 - 3.30 | സെൻട്രൽ കമ്മറ്റി, പാരിഷ് കൗൺസിൽ |
| 3.30 | ദിവ്യകാരുണ്യ പ്രദക്ഷിണം, ദിവ്യകാരുണ്യ സന്ദേശം |

# ഇടവക വാർത്തകൾ

## വി. സെബസ്ത്യാനോസിന്റെ തിരുനാൾ

'വിളിച്ചാൽ വിളി കേൾക്കുന്ന' വിശുദ്ധ സെബസ്ത്യാനോസിന്റെ തിരുനാൾ ജനുവരി 20-ാം തീയതി ഞായറാഴ്ച ആഘോഷിച്ചു. വൈകീട്ട് 5.30ന് ആഘോഷമായ പാട്ടുകുർബാനയും തിരുനാൾ പ്രദക്ഷിണവും ഉണ്ടായിരുന്നു. നാലങ്ങാടി പ്രദക്ഷിണത്തിൽ നിരവധി വിശ്വാസികൾ പങ്കെടുത്തു. ഇതിനുപുറമെ വിവിധ ദിവസങ്ങളിലായി നമ്മുടെ കുടുംബ കൂട്ടായ്മയുടെ നേതൃത്വത്തിൽ അമ്പ് പ്രദക്ഷിണവും ഉണ്ടായിരുന്നു.

## ഫാ. ടോം ഉഴുന്നാലിൽ ദിവ്യബലി അർപ്പിച്ചു.

സിറിയയിൽ തീവ്രവാദികളുടെ തടങ്കലിൽ 527 ദിവസം കഴിയേണ്ടിവന്ന ഫാ. ടോം ഉഴുന്നാലിൽ നമ്മുടെ ദേവാലയത്തിൽ ദിവ്യബലി അർപ്പിച്ചു. പുതിയ ദേവാലയത്തിൽ ജനുവരി 21 ഞായറാഴ്ച രാവിലെ ഏഴു മണിക്കുള്ള ദിവ്യബലി പ്രസംഗത്തിൽ തടങ്കൽ അനുഭവങ്ങൾ വിശദീകരിച്ചു. പ്രാർത്ഥനയിലൂടെ ലഭ്യമായ ആത്മീയ ഉണർവ്വ് എല്ലാ പ്രതിസന്ധികളെയും തരണം ചെയ്യാൻ പര്യാപ്തമായി.

## വാർഷിക ധ്യാനം

ജനുവരി 21 മുതൽ 25 വരെ ഇടവകയിൽ വാർഷികധ്യാനം നടത്തുകയുണ്ടായി. ഫാ. ഡാനിയേൽ പൂവണ്ണത്തിൽ ആയിരുന്നു വാർഷികധ്യാനത്തിന് നേതൃത്വം നൽകിയത്. എല്ലാ ദിവസവും വൈകുന്നേരം 4.30ന് ജപമാല, തുടർന്ന് വി. കുർബാനയും വാഴ്വും ഉണ്ടായിരുന്നു. വിശ്വാസികളുടെ നിറഞ്ഞ പങ്കാളിത്തം കൊണ്ട് ധ്യാനം വേറിട്ട ഒരു അനുഭവമായി മാറി. ഇടവകയുടെ ആത്മീയ ഉണർവ്വിനും ജാഗരണത്തിനും ഉത്കർഷത്തിനും ഈ ധ്യാനം സഹായകരമായി.

## വൈദികർക്ക് യാത്രയയപ്പും സ്വാഗതവും

ഇടവകയിൽ സേവനം അനുഷ്ഠിച്ചിരുന്ന ഫാ. ജിന്റോ പടയാട്ടിൽ, ഫാ. ജിന്റോ കലയത്തിനാംകുഴി എന്നിവർക്ക് യാത്രയയപ്പ് നല്കുകയുണ്ടായി. ഈ വൈദികരുടെ സേവനങ്ങൾക്ക് ഇടവകസമൂഹം നന്ദി പ്രകാശിപ്പിച്ചു. നമ്മുടെ ഇടവകയിൽ സേവനത്തിനായി വന്ന ബഹു. വൈദികരായ ജോസഫ് തെക്കിനേടത്തിനും (പെറ്റ്സൺ) വർഗ്ഗീസ് തൈക്കൂട്ടത്തിലിനും (പ്രിൻസ്) ഇടവകസമൂഹം സ്വാഗതം നൽകി.

## ലൂർദ് മാതാവിന്റെ തിരുനാൾ

ഫെബ്രുവരി 11 ഞായറാഴ്ച വിശുദ്ധ കുർബാനയോടെ ലൂർദ് മാതാവിന്റെ തിരുനാൾ സാഘോഷം കൊണ്ടാടി. രോഗികൾക്കും പ്രായമായവർക്കും വിശുദ്ധ കുർബാനയും കുമ്പസാരവും നടത്തി.

## ഉണ്ണിമിശിഹായുടെ തിരുനാൾ

തെക്കെപള്ളിയിൽ ഉണ്ണിമിശിഹായുടെ തിരുനാൾ സമുചിതമായി ആഘോഷിച്ചു. ഫെബ്രുവരി 14 ന് ബൈപാസ് കപ്പേളയിൽ ഉണ്ണിമിശിഹായുടെ നൊവേനയെ തുടർന്ന് കൊടിയേറ്റത്തോടെ തിരുനാൾ സമാരംഭിച്ചു. സമാപനദിവസമായ ഫെബ്രുവരി 17ന് ഞായറാഴ്ച അഭിവന്ദ്യ ജോസ് പുത്തൻവീട്ടിൽ പിതാവ് ദിവ്യബലി അർപ്പിച്ചു. തുടർന്ന് ഭക്തിനിർഭരമായ നാലങ്ങാടി പ്രദക്ഷിണവും ഉണ്ടായിരുന്നു.

## വി. യൗസേപ്പിതാവിന്റെ മരണ തിരുനാൾ

സെന്റ് ജോസഫ് മരണാനന്തര സഹായഫണ്ടിന്റെ മുഖ്യ സംഘാടനത്തിൽ മാർച്ച 19ന് മരണതിരുനാൾ ആചരിച്ചു. രാവിലെ ബഹു. വികാരി ഫാ. കുര്യാക്കോസ് ഇരവിമംഗലത്തിന്റെ കാർമ്മികത്വത്തിൽ ദിവ്യബലിയും തുടർന്ന് പള്ളി അങ്കണത്തിൽ നേർച്ചസദ്യയും ഉണ്ടായിരുന്നു. നേർച്ചസദ്യയിൽ ആയിരങ്ങൾ പങ്കെടുത്തു. ബഹു. വികാരിയച്ചൻ നേർച്ച വിഭവങ്ങൾ ആശീർവദിച്ചു.

# മദേഴ്സ് കോർണർ



## ചിക്കൻ റോസ്റ്റ്

കഴുകി വൃത്തിയാക്കിയ ചിക്കൻ കഷണങ്ങൾ വെള്ളം ഇല്ലാതെ ഒരു പാത്രത്തിൽ ഇടുക.
വെളുത്തുള്ളി ഒരു തുടം, ഇഞ്ചി ഒരു വലിയ കഷ്ണം ചെറിയ ഉള്ളി 10 എണ്ണം ഇവ ചതച്ചെടുക്കുക. ഇതിലേയ്ക്ക് 1/2 ടീസ്പൂൺ വലിയ ജീരകം, ഒരു പിടി കറിവേപ്പില കൂടി ചേർത്ത് നന്നായി ചതച്ചെടുക്കുക. ഇത് ചിക്കനിൽ ചേർത്ത് 1 ടീസ്പൂൺ കാശ്മീരി മുളകുപൊടി, 1/2 ടീസ്പൂൺ വറ്റൽ മുളകുപൊടി, 1 ടീസ്പൂൺ മല്ലിപ്പൊടി, 1/4 ടീസ്പൂൺ മഞ്ഞൾപൊടി, 1/2 ടീസ്പൂൺ ഗരം മസാല, ആവശ്യത്തിന് ഉപ്പ് ചേർത്ത് 1 ടീസ്പൂൺ പച്ചവെളിച്ചെണ്ണയും ചേർത്ത് നന്നായി തിരുമ്മി യോജിപ്പിക്കുക. ഇത് 1/2 മണിക്കൂർ മൂടി വയ്ക്കുക.
ചുവടു കട്ടിയുള്ള പാത്രം ചൂടാക്കി ആവശ്യത്തിന് വെളിച്ചെണ്ണ് ഒഴിച്ച് ചൂടാക്കി വേപ്പില ഇടുക ഇതിലേയ്ക്ക് സവാള 3 എണ്ണം അരിഞ്ഞത് ചേർത്ത് വഴറ്റുക. ഗോൾഡൻ നിറമാകുന്നതുവരെ വഴറ്റുക. ഇതിലേയ്ക്ക് തക്കാളി ചേർത്ത് വഴറ്റുക. ഇത് അടച്ചുവച്ച് വേവിക്കുക. എണ്ണ തെളിഞ്ഞു വരുമ്പോൾ ടീസ്പൂൺ കൂട്ട് ചേർത്ത് നന്നായി ഇളക്കി അടച്ചു വച്ച് വേവിക്കുക. പോരാത്ത മസാല പൊടികൾ ചേർത്ത് ഇളക്കി കൊടുത്ത് ചാറു കുറുകുമ്പോൾ വാങ്ങി ഉപയോഗിക്കുക.


ലിജിയ ഫെബിൻ

## സഖിയോട്

നീയെങ്ങു പോയി മറഞ്ഞു സഖി,
ഒരു വാക്കെന്നോട് മിണ്ടാതെ പോയതെന്തേ?
എത്രയോ നാളായി ഞാൻ കാത്തിരിപ്പൂ
എൻ നിദ്രയിൽ സ്വപ്നമായി നീ വരുമെന്നോർത്ത്
എറെപ്പറയാനുണ്ട് എനിക്ക് നിന്നോട് -
ഓരോന്നായി ഞാൻ ചൊല്ലിടാം
ഭൂമിയിലാകെ പ്രശ്നങ്ങളാണെന്നും
ബാലപീഢനം, സ്ത്രീപീഠനം, കന്യസ്ത്രീ പീഠനം
ശബരിമല പ്രശ്നം, കലാശാലാ കൊലപാതകം
എല്ലാം മുറപോലെ നടന്നുകൊണ്ടിരിക്കുന്നു.
നമ്മുടെ നീതിപീഠം തീരുമാനങ്ങൾക്ക് വൈകുന്നു
നിന്നെ ഞാൻ കാത്തിരിക്കുന്നു എല്ലാം ശരിയാക്കാൻ.
നിപ്പയും ഓഖിയും കാലനായി വന്നിരുന്നു
എത്രയോ ജീവിതങ്ങൾ തട്ടിയെടുത്തു പോയെന്നോ
കടലിന്റെ മക്കളെല്ലാം പട്ടിണിപ്പരുവത്തിൽ
മത്സ്യം കിട്ടണമെങ്കിൽ സ്വർണ്ണവില കൊടുക്കണം.
കാലവർഷം കേരളത്തെ ചതിച്ചു
പ്രളയം വന്നെത്തി എല്ലാം മുങ്ങി നശിച്ചു.
മുല്ലപ്പെരിയാർ പൊട്ടേണ്ടി വന്നില്ല-
തലയ്ക്കുമീതെ വെള്ളമെത്താൻ
ജനങ്ങളെല്ലാം ഒറ്റക്കെട്ടായി നിന്നു,
പരസ്പരം കൈകോർത്ത്
ഹിന്ദുവെന്നോ മുസൽമാനെന്നോ
ക്രിസ്ത്യാനിയെന്നോ ചിന്തയില്ലാതെ.
ഇക്കുറി ഓണമാരും ആഘോഷിച്ചുമില്ല
മാവേലി വന്നതും പോയതും ആരും അറിഞ്ഞതുമില്ല.
ക്രിസ്തുമസ്സ് ആഘോഷങ്ങളും പുതുവത്സരവും
ആഘോഷങ്ങളില്ലാതെ കടന്നുപോയി.
വാർഷിക ധ്യാനം ഭംഗിയായി നടന്നു
വചനങ്ങളോതി ഡാനിയൽ അച്ചൻ
ഇടവകജനങ്ങളെ സമ്പന്നരാക്കി
നീ വരുമെന്നോർത്ത് ഞാൻ കാത്തിരുന്നു.
തിരുനാൾ ദിനങ്ങൾ അടുത്തു വരുന്നു
നീ വന്നെത്തിയില്ലെങ്കിൽ എനിക്കെന്താഘോഷം
എന്റെ കാത്തിരിപ്പ് നീ അറിയുന്നില്ലേ?
എവിടെയാണ് നീയെന്ന് ഒന്നറിയിച്ചുകൂടേ?

---

വത്സ അഗസ്റ്റിൻ നെടുങ്കല്ലേൽ
വിമല മാതാ യൂണിറ്റ്
(സഹദാ സാഹിത്യമത്സരത്തിലെ കവിതാ വിഭാഗത്തിൽ നിന്നും)



50

Golden Jubilee

വിവാഹ വാർഷിക ആശംസകൾ
21.04.19

പള്ളിപ്പാടൻ
പാപ്പച്ചൻ ആന്റണി &
ഫിലോമിന ആന്റണി

പ്രാർത്ഥനകളോടെ...
മക്കളും മരുമക്കളും പേരക്കിടാങ്ങളും



## വി. യൂദാശ്ലീഹായുടെ നൊവേന

മിശിഹായുടെ സ്നേഹിതനും വിശ്വസ്ത ദാസനുമായ വി. യൂദാശ്ലീഹായേ, ഏറ്റവും കഷ്ടപ്പെടുന്ന എനിക്കുവേണ്ടി അപേക്ഷിക്കണമേ. യാതൊരു സഹായവും ഫലസിദ്ധിയുമില്ലാതെ വരുന്ന സന്ദർഭത്തിൽ ഏറ്റവും ത്വരിതവും ഗോചരവുമായ സഹായം ചെയ്യുന്നതിന് അങ്ങയ്ക്ക് വിശേഷവിധിയായി കിട്ടിയിരിക്കുന്ന അനുഗ്രഹത്തെ അങ്ങ് ഉപയോഗിക്കണമേ. എന്റെ എല്ലാ ആവശ്യങ്ങളിലും വിശിഷ്യ (ആവശ്യം പറയുക) അങ്ങേ സഹായം ഞാനപേക്ഷിക്കുന്നു. ഭാഗ്യപ്പെട്ട യൂദാശ്ലീഹായേ, അങ്ങേ ഈ അനുഗ്രഹത്തെ ഞാൻ സദാ ഓർക്കുമെന്നും അങ്ങേ സ്തുതികളെ ലോകമെങ്ങും അറിയിക്കുമെന്നും ഞാൻ വാഗ്ദാനം ചെയ്യുന്നു. ആമ്മേൻ.


Tiles
Sanitary Ware
CP Fittings
ALG TILES & SANITARYWARES
VKMS Building, Near Metro Pillar 316, Opp. South Kalamassery Municipality,
Ernakulam - 682024, Ph: 0484 2544110, 9947125328, 8089672768,
E-mail: info@algventures.in, Web: www.algventures.in
Also visit our new branch "Cera Tiles Galery" at Cheraneloor on NH 17
Acessories
Wellness
Adhesives
CERA
JOHNSON
Not just tiles. Lifestyles.
SUNHEARRT CERAMIK
hindware
KERAKOLL
The GreenBuilding Company
Roff
axi



# സ്നേഹസ്മരണയ്ക്ക്

## 12-ാം ചരമവാർഷികം

## ഡെൻസൻ ദേവസി

**അമ്പാട്ടുപറമ്പിൽ**
**ഇടപ്പള്ളി**
**മരോട്ടിച്ചുവട്**

**ജനനം: 06.05.1982**
**മരണം: 29.03.2007**

ഞാൻ ബലിയായി
അർപ്പിക്കപ്പെടേണ്ട സമയം
ആസന്നമായിരിക്കുന്നു.....
നീതിമാനായ കർത്താവ്
എനിക്കായി നീതിയുടെ കിരീടം
ഒരുക്കിയിരിക്കുന്നു.

# 1st Death Anniversary



## K.P. GEORGE

KATTUPARAMBIL, EDAPPALLY

Born : 15.05.1936
Died : 13.05.2018

## സ്നേഹസ്മരണയ്ക്ക്

2-ാം ചരമവാർഷികം





### ജോർജ്ജ് ജോസഫ്

കാട്ടുക്കാരൻ, ഇടപ്പള്ളി

07.09-.1955 - 31.05.2017

"കർത്താവു തന്റെ ദാസരുടെ
ജീവനെ രക്ഷിക്കുന്നു,
അവിടുത്തെ ശരണം പ്രാപിക്കുന്നവർ
ശിക്ഷയ്ക്കു വിധിക്കപ്പെടുകയില്ല."

സങ്കീർത്തനങ്ങൾ 34 : 22

## ഉദ്ദിഷ്ട കാര്യത്തിന് ഉപകാരസ്മരണ





ഷീല & ഫാമിലി

## 25th Year of Fond Remembrance



# Jose Kollannur

Death: 08.06.1994

*In Loving memory of*

5th Death Anniversary



27-09-1958 01-06-2014

**DARLY PAUL**

**Mazhuvancherry**

10th Death Anniversary

9th Death Anniversary





25-07-1926 20-02-2009

**M.K.EPHRAIM**

20-02-1934 21-05-2010

**REETHA EPHRAIM**

**Mazhuvancherry**

## സ്നേഹസ്മരണയ്ക്ക്





**കുര്യൻവർക്കി**
**കാട്ടാംകോട്ടിൽ**
ജനനം 20-03-1914
മരണം 30-08-2016

**മറിയംവർക്കി**
**കാട്ടാംകോട്ടിൽ**
ജനനം 21-05-1920
മരണം 08-03-2004




# 1st Death Anniversary

## Lisy Francis

**Karukappally | Chathenkeril**

15-04-1955 – 21-03-2018



5th Death Anniversary
In Loving Memory
of
Jose Menachery
Born : 01.03.1952 | Died : 29.04.2014
Menacherys
Furniture World
A Single roof for all your Furniture Experience
9061889933
9388822043
Seethy's Tower, Pukkattupady Road, Nr.Thrikkakara Temple,Cochi -21
9388636004, www.facebook.com/menachryfurnitureworld
sijomenachery@gmail.com
In fopark Road, Kuzhikkattumoola,Kakkanad
9388636004, www.facebook.com/menachryfurnitureworld
sijomenachery@gmail.com

# കുടുംബ യൂണിറ്റ് വാർഷികം

## കർമ്മലമാതാ യൂണിറ്റ്

യൂണിറ്റിന്റെ വാർഷിക പൊതുയോഗം ജനുവരി മാസം 5-ാം തിയതി വർഗീസ് കാച്ചപ്പള്ളിയുടെ വസതിയിൽ വച്ച് ബഹു. വികാരി ഫാ. കുര്യാക്കോസ് ഇരവിമംഗലത്തിന്റെ കാർമ്മികത്വത്തിലുള്ള ദിവ്യബലിയോടെ ആരംഭിച്ചു. പ്രസിഡന്റ് നാൻസി വർഗീസ് കാച്ചപ്പിള്ളിയുടെ അദ്ധ്യക്ഷതയിൽ കൂടിയ പൊതുയോഗം വികാരിയച്ചന്റെ വചന സന്ദേശത്തോടെ ഉദ്ഘാടനം ചെയ്തു. സെക്രട്ടറി റസ്സിൻ ജോസഫ് ചൊവ്വേലിക്കുടി വാർഷിക റിപ്പോർട്ടും വരവു ചെലവ് കണക്കും അവതരിപ്പിച്ചു.

സെൻട്രൽ കമ്മറ്റി വൈസ് ചെയർമാൻ ജോസഫ് കരോട്ടത്തയ്യിൽ യോഗത്തിൽ ആശംസ അർപ്പിച്ചു. എസ്.എസ്.എൽ.സി., പ്ലസ് ടു, ഡിഗ്രി ക്ലാസുകളിൽ ഉന്നതവിജയം നേടിയവർക്കും, മറ്റു മേഖലകളിൽ പ്രാഗത്ഭ്യം തെളിയിച്ചവർക്കും സമ്മാനങ്ങൾ വിതരണം ചെയ്തു. യൂണിറ്റിലെ മുതിർന്ന അംഗങ്ങളെ ആദരിക്കുകയും ചെയ്തു.

വിവിധ കലാപരിപാടികൾ യോഗത്തിന് മാറ്റുകൂട്ടി. വർഗീസ് കാച്ചപ്പള്ളി സ്വാഗതവും സെക്രട്ടറി നന്ദിയും പറഞ്ഞു. തുടർന്ന് സ്നേഹവിരുന്നോടുകൂടി യോഗം സമംഗളം പര്യവസാനിച്ചു.

## സെന്റ് സേവിയേഴ്സ്

യൂണിറ്റ് വാർഷികം ജനുവരി 19ന് വൈകുന്നേരം 5 മണിക്ക് ജോസഫ് കോട്ടൂരാന്റെ വസതിയിൽ ബഹു. വികാരി ഫാ. കുര്യാക്കോസ് ഇരവിമംഗലത്തിന്റെ ദിവ്യബലിയോടെ ആരംഭിച്ചു.

പ്രസിഡന്റ് അപ്പച്ചൻ വിച്ചാട്ടിന്റെ അദ്ധ്യക്ഷതയിൽ ചേർന്ന പൊതുയോഗം ബഹു. സി. ആൽഫി SABS ഉദ്ഘാടനം ചെയ്തു. സി. ഹെലൻ സംബന്ധിച്ചു. സെക്രട്ടറി ആശ ജിൻസ് ഓടക്കൽ വാർഷിക റിപ്പോർട്ടും ട്രഷറർ ജിജോ പാത്തിക്കുളങ്ങര വരവ് ചെലവ് കണക്കും അവതരിപ്പിച്ചു. ജോസഫ് കോട്ടൂർ സ്വാഗതം പറഞ്ഞു. വിവിധ മേഖലകളിൽ മികവ് തെളിയിച്ച യൂണിറ്റ് അംഗങ്ങളെ അനുമോദിച്ചു. മുതിർന്ന അംഗങ്ങളെ ആദരിച്ചു. കലാപരിപാടികൾക്കു ശേഷം സ്നേഹവിരുന്നോടുകൂടി യോഗം സമാപിച്ചു.

## സെന്റ് പയസ് യൂണിറ്റ്

യൂണിറ്റിന്റെ 33-ാം വാർഷിക പൊതുയോഗം ജനുവരി മാസം 26-ാം തിയതി ഗ്രിഗറി മൈലാടിയുടെ വസതിയിൽ ബഹു. വികാരി ഫാ. കുര്യാക്കോസ് ഇരവിമംഗലത്തിന്റെ കാർമികത്വത്തിലുള്ള ദിവ്യബലിയോടെ ആരംഭിച്ചു.

